# മുസ്‌ലിം ഇന്ത്യയുടെ ചരിത്രവായന

**title/**muslim indiayude charitra vayana
**author**/ Dr. Hussain Randathani
**publisher**/ IPB
**first edition**/ June 2017

₹ 80

Islamic Publishing Bureau, Calicut-4
Tel: +91 9526 383 666

© Rights reserved
No part of this work may be reproduced or utilized in
any form or by any means without the prior written
permission of the author

# മുസ്‌ലിം ഇന്ത്യയുടെ
# ചരിത്രവായന

ഡോ.ഹുസൈൻ രണ്ടത്താണി

# പ്രസാധക കുറിപ്പ്

ഇന്ത്യയുടെ ചരിത്രം ഒരു നെരിപ്പോട് പോലെയാണ്. രാജ്യത്തെ സാമുദായികമായി വിഭജിച്ചതടക്കം അതിന്റെ തിക്തഫലങ്ങൾ ഒട്ടേറെയുണ്ടായി. എന്തുകൊണ്ടാണ് ഇന്ത്യാചരിത്രത്തിന് ഇങ്ങനെ ഒരു നരകമാകേണ്ടി വന്നത്?. രാജവംശങ്ങളെയും മതങ്ങളെയും പ്രമാണിമാരെയും മാത്രം മുന്നിൽ കണ്ട് വിദൂഷകന്മാരും സ്തുതിപാഠകരും എഴുതിയ ചരിത്രത്തിന് ഇന്ത്യയുടെ മനസ്സിനെ ഒന്നിപ്പിക്കാനായില്ല. കീറിമുറിക്കാനേ പറ്റിയുള്ളൂ. ചരിത്രനിർമാണത്തിന് കുറ്റമറ്റ രീതി ശാസ്ത്രങ്ങളുണ്ടാവണം. സൂഫിസാഹിത്യങ്ങളും പുരാവസ്തു പഠനങ്ങളും ഇന്ത്യയിലെ സാധാരണ മനുഷ്യ ജീവിതവും കണ്ടറിഞ്ഞുള്ള ഒരു ചരിത്രവായന അത്യന്താപേക്ഷിതമാണ്. അതിലേക്കുള്ള അന്വേഷണങ്ങളുടെ ആമുഖമാണ് മുസ്‌ലിം ഇന്ത്യയുടെ ചരിത്രവായന. എല്ലാ സഹകാരികൾക്കും നന്ദിയും പ്രാർത്ഥനയും

**ഡയറക്ടർ**
ഐ പി ബി

# മുഖവുര

താന്താങ്കളുടെ ഹിതമനുസരിച്ച് ചരിത്രത്തെ വ്യാഖ്യാനിക്കുമ്പോൾ ചരിത്രം ഒരു കെട്ടുകഥയായി മാറുന്നു. മധ്യകാലത്ത് ഇന്ത്യ ഭരിച്ച സുൽത്താൻമാർ ചരിത്രമെഴുതാനായി കുറേ കൊട്ടാര ചരിത്രകാരൻ മാരെ നിയോഗിച്ചത് താന്താങ്കളെ മഹത്വവത്കരിക്കാനാണ്. സുൽ ത്താൻമാരുടെ ഭരണത്തെ ഇവർ വർഗത്തിന്റേയോ മതത്തിന്റേയോ പേരിൽ വ്യാഖ്യാനിച്ചു കൊടുത്തു. സൽപ്രവർത്തനങ്ങൾക്കും ദുഷ് ടതക്കും ഒരു പോലെ മതത്തിന്റെ ആവരണമിട്ടു. കൊട്ടാര ചരിത്രകാ രൻമാർക്ക് വില പിടിപ്പുള്ള സമ്മാനങ്ങളും സ്ഥാനമാനങ്ങളും ലഭിച്ചു. അതോടൊപ്പം ചരിത്രം പലപ്പോഴും കെട്ടു കഥയായിത്തീരുകയും ചെയ്തു. ചരിത്രകാരൻമാരിൽ ഭൂരിപക്ഷവും ഈ വ്യാഖ്യാനങ്ങളെ അപ്പടി അനുകരിച്ചു. സാമ്രാജ്യത്വ ചരിത്രകാരൻമാരും കൊട്ടാര ചരി ത്രങ്ങളുടെ സഹായത്തോടെ ഇന്ത്യാ ചരിത്രത്തെ ഹിന്ദു മുസ്ലിം വർഗീയതയാക്കി. ദേശീയ ചരിത്രകാരൻമാരെന്നറിയപ്പെട്ടവരും സാ മ്രാജ്യത്വ വ്യാഖ്യാനങ്ങളെ അനുകരിക്കുകയായിരുന്നു. അക്കാദമിക രംഗത്തും ഇതേ വ്യാഖ്യാനം തന്നെ സ്ഥലം പിടിച്ചു. ഈ വികല വ്യാഖ്യാനത്തിനെതിരെ അലഹബാദ്, അലിഗഡ് പണ്ഡിതന്മാർ രം ഗത്ത് വന്നപ്പോഴാണ് മധ്യകാല മുസ്ലിം ഭരണ ചരിത്രത്തിന്റെ വ സ്തുതകൾ വെളിച്ചത്ത് വരുന്നത്. ഒപ്പം മാർക്സിയൻ ശാസ്ത്രീയ ചരിത്രകാരൻമാരായ നൂറുൽ ഹസ്സൻ, മുഹമ്മദ് ഹബീബ്, റോമിലാ ഥാപർ. ഇർഫാൻ ഹബീബ്, ഹർബൻസ് മുഖിയ, ആർ. എസ്. ശർമ, ബിപൻ ചന്ദ്ര തുടങ്ങിയവരും കൊട്ടാര ചരിത്രത്തെയും ബ്രിട്ടീഷ് വ്യാഖ്യാനങ്ങളെയും ചോദ്യം ചെയ്തു. അതോടെ ഇരുണ്ടകാലമെ ന്ന് ബ്രിട്ടീഷുകാർ മുദ്രകുത്തിയ ഇന്ത്യൻ സുൽത്താന്മാരുടെ കാലം സുവർണ കാലമായി.

ആധുനിക ഹിന്ദു വർഗീയ വാദികൾ അവരുടെ പ്രത്യയശാസ് ത്രം മെനയുന്നത് പൗരാണിക ഇന്ത്യയിൽ നിന്നാണ്. മധ്യകാലത്ത് മുസ്ലിംകൾ വന്നേടം മുതലാണ് ഇന്ത്യയുടെ ശനിദശ ആരംഭിച്ച തെന്നും അവർ വ്യാഖ്യാനിച്ചെടുക്കുന്നു. മുസ്ലിംകൾ വരുന്നതിന് മുമ്പ് ഇന്ത്യ അന്ധകാരത്തിലായിരുന്നുവെന്ന് കുറേ മുസ്ലിം ചരി ത്രകാരൻമാരും സമർത്ഥിക്കുന്നു. ബ്രിട്ടീഷുകാരാവട്ടെ തങ്ങളാണ് ഇന്ത്യയെ സംസ്കരിച്ചതെന്ന് വാദിക്കുന്നു.

അടുത്ത കാലം വരെ ചരിത്രമെന്നത് ചരിത്രകാരൻമാരെന്നറി യപ്പെടുന്നവർ എഴുതി വച്ച കുറേ സംഭവങ്ങളാണ്. സംഭവങ്ങളെ

ഒരിക്കലും വിശകലനത്തിന് വിധേയമാക്കിയിരുന്നില്ല. ചരിത്രകാരന്റെ മുൻവിധിക്കും അഭീഷ്ടത്തിനും അനുസരിച്ചാണ് സംഭവങ്ങളെ കോർത്തിണക്കിയിരുന്നത്. ഓരോ സംഭവത്തിന്റേയും പ്രാധാന്യം നിർണയിച്ചിരുന്നതും അങ്ങനെത്തന്നെ. രേഖകൾ അപ്പടി പകർത്തുകയോ ആവശ്യമുള്ളവ മാത്രം മുറിച്ചെടുത്ത് ഒട്ടിക്കുകയോ ചെയ്തു. അല്ലാതെ രേഖകളുടെ സത്യസന്ധത പരിശോധിക്കാനുള്ള ഒരു സാഹസത്തിനും അന്നത്തെ ചരിത്രകാരൻമാർ തയാറായില്ല

പതിനെട്ടാം നൂറ്റാണ്ട് മുതലാണ് ഇന്ത്യയെ കുറിച്ച് ആധുനിക പഠനങ്ങൾ പുറത്ത് വരാൻ തുടങ്ങിയത്. അധിനിവേശ ചരിത്രകാരൻമാരാണ് ഇതിന് തുടക്കം കുറിച്ചത്. ഇവർ ഓറിയന്റലിസ്റ്റുകൾ(orientalists), യൂട്ടിലിറ്റേറിയൻസ് (Utilitarians) എന്നീ പേരുകളിൽ അറിയപ്പെടുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി സ്ഥാപിച്ചതോടെ ഒരു വിഭാഗം യൂറോപ്യൻമാർ സംസ്കൃത പേർഷ്യൻ ഭാഷകൾ പഠിക്കുകയും ഇന്ത്യാ ചരിത്രത്തെ വ്യവസ്ഥാപിതമായി അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഈ വിഭാഗമാണ് ഇന്തോളജിസ്റ്റുകൾ, ഓറിയന്റലിസ്റ്റുകൾ തുടങ്ങിയ പേരുകളിൽ അറിയപ്പെടാൻ തുടങ്ങിയത്. ഇവരിൽ സംസ്കൃതം പഠിച്ചവർ ആര്യനിസത്തിന് അനർഹമായ സ്ഥാനം നൽകി. ഒരു പ്രത്യേക ഭാഷ സംസാരിക്കുന്ന ആര്യൻമാരെ ഒരു വംശമാക്കി വാഴ്ത്തുകയും ഗ്രീക്കു സംസ്കാരത്തിന്റേയും ഇന്ത്യൻ സംസ്കാരത്തിന്റേയും അടിവേരുകൾ ഒന്നാണെന്ന് സമർത്ഥിക്കുകയും ചെയ്തു. വൈദിക സംസ്കാരം അത്യുന്നതമാണെന്ന് ഇവർ ഉദ്ഘോഷിച്ചു. ആര്യൻമാരായ ബ്രാഹ്മണരെ ഇതേറ്റവും സന്തോഷിപ്പിക്കുകയും ഒരു ബ്രാഹ്മണ ബ്രിട്ടീഷ് കൂട്ടുകെട്ടിന് അത് വഴിയൊരുക്കുകയും ചെയ്തു.

എന്താണ് ഇന്ത്യൻ സംസ്കാരത്തെ അതിരറ്റു വാഴ്ത്താൻ ബ്രിട്ടീഷ് ഓറിയന്റലിസ്റ്റുകളെ പ്രേരിപ്പിച്ച ഘടകം? ഇവരിൽ പലരും വ്യവസായ വിപ്ലവത്തിന്റെ ഫലമായി ഇംഗ്ലണ്ടിലുണ്ടായ മാററത്തെ അംഗീകരിക്കാൻ തയാറല്ലാത്തവരായിരുന്നു. യൂറോപ്പ് മൂല്യങ്ങളെ കൈവിടുന്നതായി അവർക്ക് തോന്നി. തങ്ങളുടെ സങ്കല്പങ്ങളെ കരുപ്പിടിപ്പിക്കാൻ അവർ പൗരസ്ത്യ സംസ്കാരങ്ങളുടെ സഹായം തേടി. ഇവരിൽ പ്രധാനിയാണ് മാക്സ് മുള്ളർ. ഇദ്ദേഹം മോക്ഷമുല എന്ന സംസ്കൃത നാമം സ്വീകരിച്ചുവെന്നതിന് പുറമേ ആര്യനിസം ഇന്ത്യയുടേത് മാത്രമല്ല; യൂറോപിന്റെ കൂടി പ്രാക്തന സംസ്കാരത്തിന്റെ ഭാഗമാണെന്ന് സമർത്ഥിക്കുക വരെ ചെയ്തു. തങ്ങളുടെ സംസ്കാരത്തിന് സാർവ ലൗകിക അംഗീകാരമുണ്ടെ

ന്നറിഞ്ഞപ്പോൾ ഇന്ത്യൻ ചരിത്രകാരൻമാരിലും അത് കൗതുകവും അഭിമാനവും ഉളവാക്കി. ആര്യവാദം യൂറോപ്യൻമാരും ഏറ്റുപിടിച്ചു. ഇതിന്റെ ഫലങ്ങളിലൊന്നാണ് കഴിഞ്ഞ നൂറ്റാണ്ടിൽ ജർമനിയിൽ ഉയർന്നു വന്ന നാസിസം.

ആര്യനിസത്തെ ദൈവീകമായി വാഴ്ത്തിയ ബ്രാഹ്മണ ചരിത്രകാരൻമാർ ഇന്ത്യയിൽ നില നിന്നിരുന്ന സംസ്കാരത്തെ ചോരയിൽ മുക്കിക്കൊന്ന ആര്യനിസത്തിന്റെ ക്രൂരത കണ്ടില്ല. സിന്ധു നദിക്കരയിലും മറ്റും നില നിന്നിരുന്ന ഇന്ത്യയുടെ ഒറിജിനൽ സംസ്കാരത്തെ ആര്യനിസം വെട്ടി മാറ്റുകയായിരുന്നു. എന്നിട്ടും ആര്യനിസം ഇവിടെ ദൈവീക നിയമം നടപ്പാക്കിയെന്നും ഇവരുടെ ആഗമത്തിനു മുമ്പ് ഇന്ത്യക്കാർ അപരിഷ്കൃതരായിരുന്നെന്നും അവർ അവകാശപ്പെട്ടു. ഈ വക വാദങ്ങൾ പുരാവസ്തുപഠനങ്ങൾ തള്ളിക്കളഞ്ഞിട്ടും അത്തരം മിത്തുകൾ ഇന്നും നമ്മുടെ ചരിത്ര പഠനത്തിന്റെ ഭാഗമായി തുടരുകയാണ്. ആര്യൻമാർ നശിപ്പിച്ചത് ഉന്നതമായ ഒരു സംസ്കാരത്തെയാണ്. ജാതിയും ഉച്ചനീചത്വവുമില്ലാത്ത സംസ്കാരമായിരുന്നു ഇന്ത്യയിലെ ദ്രാവിഡരുടേത്. ആര്യൻമാർ നശിപ്പിച്ച പട്ടണങ്ങൾക്കും, ക്ഷേത്രങ്ങൾക്കും കൈയും കണക്കുമില്ല. ഈ സത്യങ്ങൾക്ക് പുരാവസ്തു പഠനങ്ങൾ മാത്രമല്ല; ബ്രാഹ്മണർ ദൈവീകമായി കരുതുന്ന ഋഗ്വേദം കൂടി തെളിവ് നൽകുന്നുണ്ട്. ആര്യൻമാർ ഇന്ത്യൻ സംസ്കാരത്തെ അടി മുടി നശിപ്പിച്ചുവെന്നും അവരുടെ അണക്കെട്ടുകൾ കൂടി തകർത്തുവെന്നുമുള്ള ഡി.ഡി കൊസാംബിയുടെ പ്രസ്താവന ഇവിടെ ചേർത്തുവായിക്കേണ്ടതാണ്.

ഇംഗ്ലണ്ടിലെ മാറ്റങ്ങൾക്ക് താത്വികമായ അടിത്തറപാകിയ ഒരു വിഭാഗം ചരിത്രകാരൻമാർ ഇംഗ്ലണ്ടിൽ വളരേ ശക്തിയാർജ്ജിച്ചു കൊണ്ടിരുന്നു. ഇവർ യൂട്ടിലിറ്റേറിയൻസ് എന്നപേരിലറിയപ്പെട്ടു. ഈ വിഭാഗം ബ്രിട്ടീഷ് ഭരണത്തെ വാനോളം വാഴ്ത്തുകയും പൗരാണിക ഇന്ത്യ അപരിഷ്കൃതമാണെന്ന് വിധിയെഴുതുകയും ചെയ്തു. ഇന്ത്യയെ സംസ്കരിക്കുന്നതിന് ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് കമ്പനി ഭരണാധികാരികൾ എന്നു വരെ അവർ എഴുതിപ്പിടിപ്പിച്ചു. ഓറിയന്റലിസ്റ്റുകൾ ശത്രുതയോടെയാണ് ഇവരെ വീക്ഷിച്ചത്. ഈ ശത്രുതയാണ് ഇന്ത്യൻ സംസ്കാരത്തെ അമിതമായി വാഴ്ത്താൻ ഓറിയന്റലിസ്റ്റുകളെ പ്രേരിപ്പിച്ച മറ്റൊരു ഘടകം.

ഇന്ത്യക്കാരന്റെ പിന്നോക്കാവസ്ഥ മാറ്റാൻ ബ്രിട്ടീഷ് ഭരണം അനിവാര്യമാണെന്ന് അവകാശപ്പെട്ട യൂട്ടിലിറ്റേറിയൻമാർ ബ്രിട്ടീഷ് ഭരണത്തിന് വേണ്ടി ചരിത്രത്തെ ദുർവിനിയോഗം ചെയ്തു. ഇവരിൽ

പ്രധാനിയായ ജെയിംസ് മിൽ എഴുതിയ ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ എന്ന കൃതി ചരിത്രകാരൻമാരെ ഏറെ സ്വാധീനിച്ചു. അദ്ദേഹം തന്നെയാണ് ഇന്ത്യാ ചരിത്രത്തെ വർഗീയമായി വ്യാഖ്യാനിക്കുന്നതിന് കളമൊരുക്കിയത്. ഹിന്ദു സംസ്കാരം, മുസ്ലിം സംസ്കാരം, ബ്രിട്ടീഷ് സംസ്കാരം എന്നിങ്ങനെ ഇന്ത്യാ ചരിത്രത്തെ സാമുദായികമായി ആദ്യം വിഭജിച്ചത് ജെയിംസ് മിൽ ആയിരുന്നു. ക്രിസ്തീയർ ഭരിച്ച ബ്രിട്ടീഷ് കാലഘട്ടത്തെ ക്രിസ്തു സംസ്കാരം എന്ന് മിൽ വിളിക്കാതിരുന്നത് കരുതിക്കൂട്ടിത്തന്നെയാകണം.

ഇന്ത്യാ ചരിത്രത്തിന് ജെയിംസ് മിൽ നൽകിയ ഈ വ്യാഖ്യാനത്തെ അപ്പടി അംഗീകരിക്കാൻ ഇന്ത്യൻ ചരിത്രകാരന് പോലും മടിയുണ്ടായില്ല. ചിലർ പൗരാണികം, മധ്യകാലം, ആധുനികം എന്നിങ്ങനെ പേരിട്ടിട്ടുണ്ടെങ്കിലും മില്ലിന്റെ മാനദണ്ഡം തന്നെയാണ് അവരും സ്വീകരിച്ചിരിക്കുന്നത്. മിൽ ഹിന്ദു സംസ്കാരത്തെ പിന്നോക്ക സംസ്കാരമായും പുരോഗതിയുടെ ശത്രുവായും മുദ്ര കുത്തി. മുസ്ലിം സംസ്കാരത്തെ കൂടുതൽ മെച്ചപ്പെട്ട സംസ്കാരമായി അദ്ദേഹം വിലയിരുത്തി. ഇതിന് കൂടി മറുപടിയായിരുന്നു ഓറിയന്റലിസ്റ്റുകളുടെ വൈദികാശ്ലേഷം.

ഓറിയന്റലിസ്റ്റുകളുടെ ചുവട് പിടിച്ചാണ് ദേശീയ ചരിത്രകാരൻമാരെന്നറിയപ്പെടുന്നവർ രംഗത്ത് വരുന്നത്. ഏതൊരു ദേശീയതയുടേയും ഉത്ഭവം പൗരാണിക മഹത്വത്തിൽ നിന്നാണല്ലോ. ആ നിലക്ക് ഇന്ത്യയുടെ പ്രാക്തന സംസ്കാരത്തെ മഹത്വവത്കരിച്ച ഓറിയന്റലിസ്റ്റുകളോട് ദേശീയ പ്രസ്ഥാനം ഏറെ കടപ്പെട്ടിട്ടുണ്ട്. അതോടൊപ്പം പൗരാണിക ഇന്ത്യ വിമർശനത്തിന്നതീതമാണെന്ന ധ്വനി സൃഷ്ടിക്കുക കൂടി ചെയ്തു. പൗരാണിക ഗ്രന്ഥങ്ങൾ ദൈവീകങ്ങളായതിനാൽ വിമർശനത്തിന്നതീതമായി. ആദ്യകാല ദേശീയ ചരിത്രകാരൻമാർ അധികപേരും ബ്രാഹ്മണരായിരുന്നതിനാൽ അവരും ദൈവീക വിശുദ്ധിയിൽ കടിച്ചു തൂങ്ങി.

ഈ ചരിത്രകാരൻമാർ പുതിയതൊന്നും സ്വീകരിക്കാനും തയാറായില്ല. ഇന്ത്യയുടെ ഭരണം പൗരാണിക ധർമ ശാസ്ത്രങ്ങൾക്കനുസരിച്ച് തന്നെ വേണമെന്ന് അവർ ശഠിച്ചു. അതിനാൽ ഇന്ത്യാ ചരിത്രത്തിന് ദേശീയവും ആധുനികവുമായ കാഴ്ചപ്പാടുണ്ടാക്കാൻ വളരേ പണിപ്പെടേണ്ടി വന്നു.

ആദ്യ കാല ദേശീയ ചരിത്രകാരൻമാരാരും മില്ലിന്റെ കാലഗണനാ മാനദണ്ഡങ്ങളെ വെല്ലുവിളിച്ചില്ല. രാഷ്ട്രീയ ചരിത്രത്തോട് മാത്രം പ്രതിപത്തി കാട്ടിയ ഇവർ സാമൂഹിക സാമ്പത്തിക സാംസ്കാരിക

ചരിത്രത്തെ തീരെ അവഗണിക്കുകയും ചെയ്തു. ഇതിനൊക്കെ പുറമേ മുസ്‌ലിം കാലഘട്ടത്തെ ഹിന്ദു ധ്വംസനത്തിന്റെ കാലഘട്ടമായി അവതരിപ്പിക്കുന്ന ബ്രിട്ടീഷ് രീതിയെ അവർ പൂർണമായി അനുധാവനം ചെയ്യുകയുമുണ്ടായി. വിഭജനത്തിന്റെ വേരിനെ മുസ്‌ലിംകളുടെ ആഗമം വരേ കൊണ്ടെത്തിച്ചു. മധ്യ കാലം ഹിന്ദു ഭരണത്തിന്റെ അധഃപതന കാലമായതിനാൽ ദേശീയ ചരിത്രകാരൻമാർക്കത് ഇരുണ്ട കാലമായി.

മേൽ പ്രസ്താവിച്ച ചരിത്ര വ്യാഖ്യാനങ്ങൾ അസംബന്ധമാണെന്ന് കാണാൻ പ്രയാസമില്ല. ബിസി 1000 മുതൽ എഡി 1200 വരേയുള്ള കാലമാണ് ഹിന്ദു കാലഘട്ടമെന്ന് പറഞ്ഞു വരുന്നത്. ഇക്കാലത്ത് ഹിന്ദുക്കൾ മാത്രമായിരുന്നോ ഭരണാധികാരികൾ? പ്രധാന രാജവംശങ്ങളായ മൗര്യൻമാർ, ഇന്തോ ഗ്രീക്കുകാർ, ശാകൻമാർ, കുശാനൻമാർ ഇവരൊന്നും ഹിന്ദുക്കളായിരുന്നില്ലല്ലോ? അശോകനടക്കമുള്ള പ്രധാന രാജാക്കൻമാരൊക്കെ ബുദ്ധമതക്കാരായിരുന്നു. ബുദ്ധ മതവും ഹിന്ദുമതവും തമ്മിൽ അജഗജാന്തരമുണ്ട്. ഹിന്ദുമതത്തിന് നേരെ വിപരീതമായ സംസ്കൃതിയാണ് ബുദ്ധ മതം കൊണ്ടു വരുന്നത്.

ഹിന്ദു എന്ന പദത്തിന്റെ കാര്യം തന്നെ പറയട്ടെ; ഈ പദം ആദ്യമായി ഉപയോഗിച്ചത് അറബികളാണ്. സിന്ധു നദിയുടെ കിഴക്ക് ഭാഗത്തുള്ളവരെ അറബികൾ അങ്ങനെയാണ് വിളിച്ചത്. പഹ്‌ലവി ഭാഷയിൽ നിന്നാണ് ഈ പദം നിഷ്പന്നമായത്. ഈ ഭാഷയിൽ 'സ' എന്ന പദം 'ഹ' എന്നാണത്രേ ഉച്ചരിക്കുക. മുസ്‌ലിംകൾ വരുന്നതിന് മുമ്പ് ഈ പദം പ്രചാരത്തിലില്ല. പൗരാണിക ഭാരതത്തിൽ ഒരു മത വിഭാഗവും ഹിന്ദു എന്ന പേരിലറിയപ്പെട്ടിരുന്നില്ല. വൈദിക മതക്കാരെ ബ്രാഹ്മണരെന്നും അല്ലാത്തവരെ ശ്രമണരെന്നും വിളിച്ചിരുന്നു. ബുദ്ധ മതക്കാരും ജൈന മതക്കാരും ഉണ്ടായിരുന്നു. ഹിന്ദു മതത്തിന് പൊതുവായ രൂപ ഭാവങ്ങളുണ്ടാകുന്നത് ജീർണ കാലമാണെന്ന് ഹിന്ദു സാമുദായിക ചരിത്രകാരൻമാർ മുദ്ര കുത്തിയ മധ്യ കാലത്താണ്. വൈദിക മതത്തെ ബ്രാഹ്മണ മേധാവിത്തത്തിൽ നിന്ന് രക്ഷപ്പെടുത്തി ബഹുജനവത്കരിച്ചത് ഭക്തി പ്രസ്ഥാനമാണ്. മുസ്‌ലിം ഭരണാധികാരികളുടെ തണലിലാണ് ഈ പ്രസ്ഥാനം തഴച്ചു വളർന്നത്. ആര്യൻമാരായ ക്ഷത്രിയരാണ് മധ്യ കാലത്തെ അധിപരെങ്കിൽ ഭക്തി പ്രസ്ഥാനത്തെ മുളയിലേ നുള്ളിക്കളഞ്ഞേനെ.

മധ്യ കാലത്തിന് മുസ്‌ലിം ഭരണ കാലം എന്നപേര് പിൽക്കാലത്ത് വന്നതാണ്. അറബികളും തുർക്കികളും പേർഷ്യക്കാരുമൊക്കെയായാണ് അന്നത്തെ ഭരണാധികാരികൾ അറിയപ്പെട്ടത്. തുർക്കിൾ തു

രുക്ഷാ എന്നും അറബികൾ യവന എന്ന പേരിലും അറിയപ്പെട്ടു. പശ്ചിമേഷ്യൻ മെഡിറ്ററേനിയൻ ഭാഗങ്ങളിൽ നിന്ന് വരുന്നവരെയൊക്കെ യവനൻമാർ എന്നാണ് വിളിച്ചിരുന്നത്. യഥാർത്ഥത്തിൽ ഗ്രീക്കുകാരാണ് യവനൻമാർ. ഇതേ പേര് മറ്റു വിദേശികൾക്ക് കൂടി നൽകിയെന്ന് മാത്രം. മേൽ പറഞ്ഞ വിഭാഗങ്ങളൊക്കെ മുസ്ലിംകളാണെന്നത് ശരി; പക്ഷേ അവരുടേയൊക്കെ പ്രഥമ ബാധ്യത അവരവരുടെ വർഗത്തോടായിരുന്നു. ഇസ്ലാമിക നിയമങ്ങളോടോ, പ്രചാരണത്തോടോ ഒരു പ്രത്യേക താൽപര്യവും അവർ കാണിച്ചിട്ടില്ല. ബാൽബനെപ്പോലുള്ള ഭരണാധികാരികൾ ഇന്ത്യക്കാർ ഇസ്ലാമിലേക്ക് വരുന്നത് പോലും നിരുൽസാഹപ്പെടുത്തിയിരുന്നു. തങ്ങളുടെ ഭരണത്തിന്റെ നിലനില്പിന് വേണ്ടി മധ്യകാലത്തെ ഇസ്ലാമിക പ്രഭാവത്തെ അവർ ഉപയോഗപ്പെടുത്തുകയായിരുന്നു. തങ്ങൾ മുസ്ലിംകളാണെന്നത് കൊണ്ടല്ല മറിച്ച് മധ്യകാലത്തെ വിശേഷപ്പെട്ട വിശ്വാസം എന്ന നിലക്കാണ് അവർ ഇസ്ലാം മതത്തിന് അംഗീകാരം നല്കിയത്.

മധ്യ കാലത്തെ സാമ്പത്തിക പുരോഗതിക്ക് ഇസ്ലാം ആവശ്യമായിരുന്നു. സാമൂതിരിയും, ശിവാജിയും പാണ്ഡ്യൻമാരുമൊക്കെ തങ്ങളുടെ രാജ്യത്ത് ഇസ്ലാമിനും മുസ്ലിംകൾക്കും അംഗീകാരം നൽകിയത് സാമ്പത്തിക നേട്ടം കൂടി ലാക്കാക്കിയായിരുന്നു. സഹിഷ്ണുതയുടെ കാര്യത്തിലുള്ള അവരുടെ ആത്മാർത്ഥതയിൽ സംശയം പ്രകടിപ്പിക്കുകയല്ല ഇവിടെ ഉദ്ദേശ്യം. യൂറോപ്യൻ രാജാക്കൻമാരുടെ സ്ഥിതിയും മറിച്ചായിരുന്നില്ല; സിസിലി, ഇറ്റലി, പ്രഷ്യ എന്നിവിടങ്ങളിലെ രാജാക്കൻമാർ മുസ്ലിംകൾക്ക് അവരുടെ രാജ്യത്ത് മികച്ച അംഗീകാരമാണ് നൽകിയത്. പറങ്കി രാജാവ് സാമൂതിരി രാജാവിന് കത്തയച്ചത് പോലും അറബിയിലാണല്ലോ? ഇങ്ങനെ ചരിത്രത്തിൽ ഒട്ടേറെ ഉൾപ്പിരിവുകളുണ്ട്. ഇവയൊക്കെ മറച്ചു പിടിച്ച് ജനങ്ങളുടെ മനോഗതത്തിൽ ഒരു ജനതയുടെ ചരിത്രം വായിക്കുന്നത് ശരിയല്ല. ഈ തെറ്റ് ചൂണ്ടിക്കാണിച്ച് ശരിയായ ദിശയിൽ ചരിത്രവായനയെ കൊണ്ടുപോവാനുള്ള ഏതാനും അന്വേഷണ ഭാഗങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

**ഡോ. ഹുസൈൻ രണ്ടത്താണി**

# ഉള്ളടക്കം


1. ഹിന്ദു മുസ്‌ലിം വ്യാഖ്യാനങ്ങൾ
2. സുൽത്താൻ ഭരണത്തിലെ മതം
3. ദേശീയതയും സാമുദായികതയും
4. മാർക്‌സിയൻ വ്യാഖ്യാനത്തിലേക്ക്
5. ചരിത്രത്തിന്റെ യൂറോ മേധാവിത്തം
6. ഇർഫാൻ ഹബീബ് പറയുന്നത്
7. കൊളോണിയലിസം: മാർക്‌സിന്റെ കാഴ്ചപ്പാട്
8. അടിയാള ചരിത്ര പഠനങ്ങൾ
9. ചരിത്ര പഠനം ഇതു വഴി

## ഒന്ന്

# ഹിന്ദു മുസ്‌ലിം വ്യാഖ്യാനങ്ങൾ

രാജവംശങ്ങളെ മാത്രം ആശ്രയിച്ച് ഇന്ത്യാ ചരിത്രത്തിന്റെ കാലഗണന നിർണയിക്കുന്നത് എങ്ങനെ ശാസ്ത്രീയമാകും? മുസ്‌ലിം ഭരണകൂടങ്ങൾ പല കാലഘട്ടങ്ങളിലാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വന്നത്. അറബികൾ സിന്ധിൽ ഭരണകൂടം സ്ഥാപിച്ചത് എട്ടാം നൂറ്റാണ്ടിലാണ്. തുർക്കികൾ പതിനൊന്നാം നൂറ്റാണ്ടിൽ തന്നെ പഞ്ചാബിന്റെ ചില ഭാഗങ്ങളിൽ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. പക്ഷേ 13ാം നൂറ്റാണ്ടിലാണ് അവർ ഉത്തരേന്ത്യയിലെത്തുന്നത്. ദക്കാനിൽ 14ാം നൂറ്റാണ്ടിലാണ് മുസ്‌ലിം രാജവംശങ്ങൾ വരുന്നത്. അതിനാൽ ഇന്ത്യക്ക് പൊതുവായ ഒരു മുസ്‌ലിം ഭരണ കാലമുണ്ടാവുന്നതെങ്ങനെയാണ്?

ഇന്ത്യയിലെ സമൂഹങ്ങളെ ഹിന്ദു, മുസ്‌ലിം എന്നിങ്ങനെ മാത്രം വ്യാഖ്യാനിക്കുന്നതും ശരിയാവില്ല. മതപരമായ വ്യാഖ്യാനങ്ങൾ പലപ്പോഴും ശരിയായ ഫലം തന്നെന്നു വരില്ല. പരസ്പര വിരുദ്ധ സ്വഭാവമുള്ള വിവിധ വിഭാഗങ്ങളാണ് ഹിന്ദു സമൂഹത്തിലുള്ളത്. ഇവരുടെ പ്രശ്നങ്ങളെ മതപരമായി പരിഹരിക്കാനാവില്ല. ഇതേ പ്രശ്നം മുസ്‌ലിംകളിലുമുണ്ട്. മുസ്‌ലിംകളിലെ തന്നെ വിവിധ സമൂഹങ്ങളുടെ പ്രശ്നങ്ങൾ സാഹചര്യങ്ങൾക്കും തൊഴിലുകൾക്കുമനുസരിച്ച് വ്യത്യസ്തമായിരിക്കും. സാംസ്കാരികമായ പ്രശ്നങ്ങളും ഭിന്നമായിരിക്കും. കർഷകരിലും കരകൗശല വിദഗ്ദ്ധരിലും ഹിന്ദുക്കളും മുസ്‌ലിംകളുമുണ്ട്. ഇവരുടെ പ്രശ്നങ്ങൾക്ക് മതപരമായ വേർതിരിവെന്തിനാണ്? പ്രഭുക്കളായ മുസ്‌ലിംകളുടേയും സാധാരണ മുസ്‌ലിംകളുടേയും പ്രശ്നങ്ങൾ ഭിന്നമാണ്. ഏത് വിഭാഗത്തിൽ പെട്ട മുസ്‌ലിംകൾക്കും പ്രത്യയശാസ്ത്രപരമായ ഐക്യം കാണും. സാംസ്കാരികമായ യോജി

പ്പുമുണ്ടാവും. ഈ മേഖലകളിൽ മാത്രമാണ് മതപരമായ വേർതിരിവ് അനിവാര്യമാവുന്നത്. ഈ മേഖലകളിൽ ചക്രവർത്തിമാർ ഇടപെടുമായിരുന്നില്ല; മാത്രമല്ല, സഹവർത്തിത്വം നിലനിൽക്കുകയും ചെയ്തു. അതാണ് മധ്യ കാലത്ത് മതങ്ങളുടെ പേരിൽ കലാപങ്ങൾ കാണാൻ കഴിയാത്തത്. ദേശീയതയും വർഗീയതയും വന്നപ്പോഴാണ് ഈ നിലപാടിൽ മാറ്റമുണ്ടാവുന്നത്. ഭൂരിപക്ഷ ന്യൂന പക്ഷ പ്രശ്നങ്ങൾ ഉടലെടുക്കുന്നതും അങ്ങനെയാണ്. ഏക സംസ്കാരമുള്ള യൂറോപ്പിൽ ഉടലെടുത്ത ഒരു വ്യവസ്ഥിതി വ്യത്യസ്ത സംസ്കാരങ്ങളുള്ള ഇന്ത്യയെപ്പോലുള്ള രാജ്യത്തേക്ക് പറിച്ചു നട്ടപ്പോഴുണ്ടായ ന്യൂനതകളാണിതൊക്കെ.

## ഹിന്ദു ധ്വംസനം

ഹിന്ദു ധ്വംസനത്തിന്റെ കാലമായാണ് 'മുസ്‌ലിം കാല'ത്തെ വിലയിരുത്തുന്നത് തന്നെ. ഇന്ത്യയിലേക്ക് വന്ന ആദ്യത്തെ മുസ്‌ലിം പടയോട്ടക്കാരനായ മഹ്മൂദ് ഗസ്നി വിഗ്രഹ ധ്വംസകനായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. ഏത് ഭരണാധികാരി അക്രമം പ്രവർത്തിച്ചാലും  അത് അക്രമം തന്നെയാണ്. ഇക്കാര്യത്തിൽ മതപരമായി ഒരു വിവേചനവുമില്ല, മഹ്മൂദ് ഗസ്നി അക്രമി തന്നെയാണ്. സ്വന്തം മതക്കാരോട് തന്നെ അദ്ദേഹം അക്രമം കാണിച്ചു. നിരവധി മുസ്‌ലിം ഭരണകൂടങ്ങളെ അദ്ദേഹം ആക്രമിച്ചു കീഴ്പ്പെടുത്തി. മുസ്‌ലിം പ്രവാചകനെ നിന്ദിച്ചു. പുനർജൻമത്തെ നിഷേധിച്ചു. ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ ആക്രമണങ്ങളെ എങ്ങനെയാണ് ഇസ്‌ലാംമതത്തിന്റെ പട്ടികയിലെഴുതുക? സുൽത്താന്റെ ജീവിതം  വ്യക്തമായി നമ്മുടെ മുമ്പിലുണ്ടായിരിക്കേ എന്തിനാണ് കൊട്ടാര ചരിത്രകാരൻമാരുടെ കള്ളക്കഥകളെ നാം വിശ്വസിക്കുന്നത്? പതിനൊന്നാം നൂറ്റാണ്ടിൽ കശ്മീർ ഭരിച്ച ഹർഷ രാജാവ് സ്ഥിരമായി ക്ഷേത്രങ്ങൾ കൊള്ള ചെയ്തിരുന്നുവെന്നും ക്ഷേത്ര ധ്വംസനത്തിന്നായി ദേവോത്പഥാന നായക എന്ന പേരിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നുവെന്നും കൽഹാന രാജതരംഗിണിയിലെഴുതിയിട്ടുണ്ടല്ലോ? ഇത് ഹിന്ദു മതത്തിന്റെ പേരിൽ എഴുതാനൊക്കുമോ? എട്ടാം നൂറ്റാണ്ടിലെ കശ്മീർ രാജാവ് ജയപാലൻ ബ്രാഹ്മണരെ ദ്രോഹിക്കുകയും അവരുടെ അഗ്രഹാരങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. മറ്റൊരു രാജാവായ ശങ്കവർമൻ ക്ഷേത്രങ്ങളിലെ ചന്ദന

വും പൂജാവസ്തുക്കളുമടക്കം കൊള്ള ചെയ്യുമായിരുന്നുവെന്നും കൽഹാൻ രേഖപ്പെടുത്തുന്നുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ കശ്മീർ ഭരിച്ച ജയസിംഹൻ നശിപ്പിച്ച ബുദ്ധ വിഹാരങ്ങൾക്കും സ്തൂപങ്ങൾക്കും കൈയും കണക്കുമില്ല. കൗശലക്കാരനായ കൗടില്യൻ എന്ന ബ്രാഹ്മണന്റെ സഹായത്തോടെ ഭരണത്തിലേറിയ ചന്ദ്രഗുപ്ത മൗര്യൻ ബുദ്ധമത കേന്ദ്രമായ മഗധയെ നാമാവശേഷമാക്കി. മഗധയെ നശിപ്പിക്കാൻ അലക്സാണ്ടറുടെ സഹായം തേടി. എന്നാൽ ചന്ദ്ര ഗുപ്തന്റെ മോഹങ്ങൾക്ക് പൗത്രനായ അശോകൻ തന്നെ വിലങ്ങായി. അശോകൻ ബുദ്ധമതം വിശ്വസിച്ചത് ബ്രാഹ്മണ സ്വപ്നങ്ങളെ തകർത്തു. താമസിയാതെ പുഷ്യ മിത്രൻ ബ്രാഹ്മണരുടെ ആവശ്യം നിവൃത്തിച്ചു കൊടുത്തു. അദ്ദേഹം മൗര്യ സാമ്രാജ്യത്തെ തകർത്തു. ബുദ്ധനെ മനുഷ്യ മനസിൽ നിന്ന് പിഴുതെറിയാൻ വയ്യെന്ന് മനസ്സിലാക്കിയപ്പോൾ ബുദ്ധനെ വിഷ്ണുവിന്റെ അവതാരമാക്കി മാറ്റുകയും ദൈവമാക്കി കുടിയിരുത്തുകയും ചെയ്തു. ഗുപ്ത കാലഘട്ടത്തിലാണ് ഇങ്ങനെ സംഭവിച്ചത്. അതോടെ ബുദ്ധ മതം ഹിന്ദു മതത്തിന്റെ ഭാഗമായി.

ഹിന്ദു രാജാവായ മഹിപാലൻ ലാഹോർ കീഴടക്കിയപ്പോൾ അവിടെയുള്ള പള്ളി തകർത്ത് അമ്പലങ്ങൾ പണിതു. പതിനഞ്ചാം നൂറ്റാണ്ടിൽ മുഗളർക്കെതിരെ കലാപം നടത്തിയ സമീന്ദാർമാർ പള്ളികൾ പൊളിച്ച് ക്ഷേത്രങ്ങളാക്കി. രജപുത്രനായ റാണാ കംഭയും പള്ളികൾ തകർത്തതായി ചരിത്രത്തിലുണ്ട്. രജപുത്രനായ റാണാസംഗയുടെ സഹായി റായ്സെൻ പല പള്ളികളും തൊഴുത്തുകളായി ഉപയോഗിച്ചിരുന്നത്രേ. ഈ അക്രമങ്ങളൊക്കെ നമുക്ക് ഹിന്ദു മതത്തിന്റെ ഭാഗമാണെന്ന് പറയാനാവുമോ? ഭരണാധികാരികൾ പലപ്പോഴും അക്രമികളാകുമെന്നും അക്രമത്തെ മതത്തിന്റെ നിറം നോക്കി വ്യാഖ്യാനിക്കുന്നത് മൗഢ്യമാണെന്നും മനസ്സിലാക്കുന്നതാണ് ബുദ്ധി.

ശൂദ്രൻമാർക്കെതിരെ ബ്രാഹ്മണർ കൈക്കൊണ്ട ഹീന നടപടികളെപ്പറ്റി സ്വാമി വിവേകാനന്ദൻ വേണ്ടുവോളമെഴുതിയിട്ടുണ്ട്. ഹിന്ദു മതത്തിന്റെ പ്രൗഢി നശിപ്പിച്ചത് ബ്രാഹ്മണരാണെന്ന കാര്യത്തിൽ ഒരു സന്ദേഹവും സ്വാമിജിക്കില്ല. അദ്ദേഹം എഴുതുകയാണ്:

ബ്രാഹ്മണർ കൃതികളെഴുതിയപ്പോഴൊക്കെ മറ്റുള്ളവരുടെ അഭിപ്രായത്തെ തട്ടിക്കളഞ്ഞിട്ടുണ്ട്. പാവപ്പെട്ടവരെ വഞ്ചിക്കുന്നതിനും ശൂദ്രൻമാരുടെ അവകാശങ്ങൾ തട്ടിക്കളയുന്നതിനും

വേണ്ടി വ്യാസൻ (മഹാഭാരതത്തിന്റെ കർത്താവ്) വേദങ്ങളെ ദുർവ്യാഖ്യാനം ചെയ്തു. . .ആ പുറം പൊളിക്കുന്ന കൃതികളിൽ നിന്നാണ് ബ്രാഹ്മണന്റെ സദാചാരവും ക്ഷത്രിയന്റെ യുദ്ധപാടവവും വൈശ്യന്റെ സമ്പത്തും നാമറിയുന്നത്. എന്നാൽ ഇന്ത്യൻ സമുദായത്തിന്റെ മുഖ്യധാരയായ അധഃസ്ഥിത ജാതിക്കാരന്റെ ചരിത്രമെവിടെ? ഇന്ത്യാ ചരിത്രത്തിന്റെ ഒരു കാലഘട്ടവും അവരെക്കുറിച്ച് പരാമർശിക്കുന്നില്ല. വിജ്ഞാനത്തിന്റെ കാര്യത്തിൽ കുത്തക പുലർത്തിയ ഉന്നതജാതിക്കാരോട് ശൂദ്രൻമാർ എപ്പോഴൊക്കെ അവരുടെ അവകാശങ്ങൾ ചോദിച്ചുവോ അപ്പോഴൊക്കെ അവരുടെ നാവ് പിഴുതെറിയുകയോ ചാട്ട കൊണ്ടടിക്കുകയോ ആണ് ചെയ്തത്.(ഉദ്ധരണി, ബി കെ റോയ്, ഒബ്സർവർ, ഡിസംബർ,1987)

ശത്രുവിന്റെ ആരാധനാലയങ്ങൾ തകർക്കുക എന്നത് മധ്യകാല യുദ്ധങ്ങളുടെ പൊതു സ്വഭാവമാണ്. സ്വന്തം മതക്കാരുടെ പിന്തുണക്ക് വേണ്ടി മതത്തെ ദുരുപയോഗം ചെയ്യുന്ന തന്ത്രമാണിത്. അതിന് കൊട്ടാര പണ്ഡിതൻമാരുടെ വാഴ്ത്തലുമുണ്ടാകും. ഇത്തരം ചൂഷണങ്ങളെ ഇല്ലാതാക്കാനാണ് യഥാർത്ഥ വിശ്വാസികൾ ശ്രമിക്കേണ്ടത്.

സാമ്രാജ്യത്വത്തിന് കണ്ണും മൂക്കുമില്ല. സാമ്രാജ്യത്വ ശക്തികൾ ഹിന്ദുവായാലും മുസ്‌ലിമായാലും ധർമ രാജ്യം അവർ ലക്ഷ്യമാക്കിയിരുന്നില്ല, മതത്തെ തന്നെ അവർ തങ്ങൾക്കു വേണ്ടി ചൂഷണം ചെയ്തു. സ്വന്തം ബന്ധുക്കളെ വരെ അവർ സാമ്രാജ്യത്വ മോഹങ്ങൾക്കായി കൊന്നൊടുക്കി. ആരാധനാലയങ്ങളെ വരെ വെറുതെ വിട്ടില്ല. തുർക്കി സാമ്രാജ്യത്വ ശക്തികൾക്ക് ക്ഷേത്ര ധ്വംസനം ഇഷ്ട ഹോബിയായത് അവിടെ കുന്നുകൂടിയിരുന്ന സമ്പത്ത് കൈയിലാക്കാനാണ്. ഇന്ത്യയിൽ വന്ന മഹ്മൂദ് ഗസ്നി സോമനാഥ ക്ഷേത്രം കൊള്ള ചെയ്തത് അവിടത്തെ ധനത്തിൽ കണ്ണു നട്ടു കൊണ്ടാണ്. ഇതേ ഗസ്നി തന്നെയാണ് സോമനാഥിലെ വിഗ്രഹങ്ങൾ കൊണ്ടു പോയി ഗസ്നയിൽ ഒരു ക്ഷേത്രം പണിതതും ഹിന്ദുക്കളോടും മുസ്‌ലിംകളോടും ഈ ക്ഷേതത്തിൽ വന്ന് ആരാധിക്കാൻ കൽപിച്ചതും. ഇവരേയൊക്കെ പുണ്യവാളൻമാരായി അവതരിപ്പിച്ച കൊട്ടാര ചരിത്രകാരൻമാരോട് ചരിത്രം പൊറുക്കില്ല. ഇവരുടെ കള്ളക്കഥകൾ അപ്പടി പകർത്തി തങ്ങളുടെ ദുഷ്ടലക്ഷ്യം സാധിക്കാൻ വർഗീയ ചരിത്രകാരൻമാർക്കും യൂറോപ്യൻ ചരിത്രകാരൻമാർക്കും എളുപ്പത്തിൽ സാധിച്ചു. മു

സ്‌ലിം പള്ളികൾ സാമ്രാജ്യത്വ ശക്തികളെ ആകർഷിക്കാതിരുന്നത് അവിടെ സമ്പത്തില്ലാത്തത് കൊണ്ടാണ്. എന്നാലും മത ചൂഷണത്തിന് വേണ്ടി പലരും മുസ്‌ലിം പള്ളികൾ ആക്രമിച്ചത് നാം പ്രസ്താവിച്ചുവല്ലോ

## കഅ്ബ പൊളിച്ചത്

മുസ്‌ലിം ചരിത്രം പരിശോധിച്ചാൽ സാമ്രാജ്യത്വ മോഹികളായ മുസ്‌ലിംകൾ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും കാണിച്ച ക്രൂരതകൾക്ക് നിരവധി തെളിവുകൾ കാണാം. അമവി ഭരണാധികാരികളുടെ പട്ടാളമാണ് വിശുദ്ധ കഅ്ബ ആക്രമിച്ചതും ചുമരുകൾ തകർത്തതും. അവിടെ അഭയം തേടുന്നവരെ ആക്രമിക്കരുതെന്നാണ് ഇസ്‌ലാമിക നിയമം. അതൊക്കെ അവഗണിച്ചാണ് മുസ്‌ലിം ഭക്തൻമാരെ അമവി സേനാനി ഹജ്ജാജും കൂട്ടരും ആക്രമിച്ചത്. മുസ്‌ലിംകൾ ഏറെ വിശുദ്ധമായി ഗണിച്ചിരുന്ന ഹജറുൽ അസ്‌വദ് എന്ന വിശുദ്ധശില പോലും പൊട്ടിച്ചു കളഞ്ഞില്ലേ? മുസ്‌ലിംകൾ ഈ ക്രൂരത ആരുടെ തലയിലാണ് കെട്ടിയേൽപ്പിക്കുക? ക്രൂരൻമാരായ കർമാത്തിയൻ മുസ്‌ലിംകൾ വിശുദ്ധ ശില തന്നെ പറിച്ചു കൊണ്ടു പോയി. ഹജ്ജ് നിർവഹിക്കാൻ വന്ന മുസ്‌ലിംകൾക്ക് ഇരുപത് വർഷക്കാലം ആ മഹാശിലയിൽ ചുംബനമർപ്പിക്കാൻ കഴിഞ്ഞില്ല.

ഹിന്ദുക്കളായി അറിയപ്പെടുന്ന സാമ്രാജ്യത്വ മോഹികൾ അക്രമത്തിൽ ഒട്ടും പിന്നിലായിരുന്നില്ല. ഹിന്ദു മതത്തിൽ നിന്ന് ബുദ്ധ മതത്തിലേക്ക് പരിവർത്തനം നടത്തിയ അശോകൻ ധർമ രാജാവാണല്ലോ? തന്റെ സാമ്രാജ്യത്വ മോഹങ്ങൾക്ക് വേണ്ടി എത്ര സഹോദരൻമാരെയാണ് അദ്ദേഹം വക വരുത്തിയത്? പക്ഷേ ഔറംഗസേബിന്റെ ചെയ്തികൾ മാത്രമേ നമ്മുടെ ചരിത്രകാരൻമാർ കാണുന്നുള്ളു. അശോകൻ തന്റെ അവസാന കാലത്ത് ജൈന മതക്കാരുടെ മത സ്വാതന്ത്ര്യം തന്നെ എടുത്തു കളഞ്ഞില്ലേ? തന്നെയുമല്ല തനിക്കെതിരു നിന്ന ബുദ്ധ ഭിക്ഷുക്കളെ അശോകൻ നന്നായി ദ്രോഹിക്കുകയും ചെയ്തു.

ഗുപ്ത സാമ്രാജ്യത്തിലെ അവസാന രാജാവായ നരേന്ദ്ര ഗുപ്തൻ മഗധ കൊള്ള ചെയ്തു. ബുദ്ധൻ തപസ്സു ചെയ്ത ഗയയിലെ ബോധി വൃക്ഷം അദ്ദേഹം വെട്ടി മുറിച്ചു. ബുദ്ധ വിഹാരങ്ങളൊക്കെ നശിപ്പിച്ചു. ശൈവ മതം സ്ഥാപിക്കുന്നതിന് ചോള

രാജാക്കൻമാർ എത്ര ജൈനൻമാരെയാണ് കൊന്നൊടുക്കിയത്? വൈഷ്ണവനായ രാമാനുജനെ വരെ അവർ പീഡിപ്പിച്ചു.

ചരിത്രത്തിന്റെ സാമുദായികമായ വ്യാഖ്യാനത്തിന് ഒരിക്കലും മേൻമയുള്ള ചരിത്രത്തെ സൃഷ്ടിക്കാനാവില്ല. നിലവിലുള്ള രീതി ശാസ്ത്രത്തെ അംഗീകരിക്കുന്നവർക്ക് എത്ര ശ്രമിച്ചാലും സാമുദായികതയിൽ നിന്ന് രക്ഷപ്പെടാനുമാവില്ല. സ്വന്തം സമുദായത്തിന്റെ തെറ്റുകൾ ന്യായീകരിക്കുന്നതിന് വേണ്ടി മറ്റുള്ളവരുടെ തെറ്റുകൾ എടുത്തു പറയുകയോ താരതമ്യം ചെയ്യുകയോ, അതുമല്ലെങ്കിൽ പുണ്യ ഗ്രന്ഥങ്ങളുടെ പിൻബലത്തോടെ ന്യായീകരിക്കുകയോ ചെയ്യുകയെന്നതാണ് സാമുദായിക ദേശീയ ചരിത്രകാരൻമാർ വളരേ കാലം സ്വീകരിച്ച രീതി ശാസ്ത്രം.

ശാസ്ത്രീയവും സാങ്കേതികവുമായ സമീപന രീതികളെ കാണാതിരുന്നുകൂടാ. രാഷ്ട്രീയവും സാമൂഹികവുമായ സ്വാർഥതക്കായി കെട്ടുകഥകളെ ചരിത്രയാഥാർഥ്യങ്ങളായി അവതരിപ്പിക്കുന്ന വർത്തമാന കാലത്ത് തങ്ങൾക്ക്  ഭാരിച്ച ഉത്തരവാദിത്തമുണ്ടെന്ന് ചരിത്രകാരന് ബോധ്യം വേണം. പൗരാണിക സമൂഹങ്ങളുടെ ജീവിതത്തെക്കുറിച്ച് പഠിക്കുന്നതിന് ശാസ്ത്രം ഒട്ടേറെ പുതിയ മാർഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. നരവംശ ശാസ്ത്രവും പുരാവസ്തു പഠനവും ഈ രംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചിരിക്കുകയാണ്. സങ്കല്പങ്ങൾക്കും കെട്ടുകഥകൾക്കും ഇതോടെ പ്രസക്തി നഷ്ടപ്പെടുകയാണ്.

പൗരാണിക കാലത്തേയും മധ്യകാലത്തേയും  സാഹിത്യ കൃതികൾ കൊട്ടാരത്തെയും ഉപരി വർഗത്തെയും ചുറ്റിപ്പറ്റിയുള്ളതാണ്. സാധാരണക്കാരന്റെ ജീവിതത്തെ പഠിക്കാൻ അവ പര്യാപ്തമല്ല. കൊട്ടാര ചരിത്രങ്ങളെയും അപ്പടി വിശ്വസിക്കരുത്. യജമാനന്റെ ഏത് ദുഷ്ചെയ്തികളേയും മതത്തിന്റേയോ വർഗത്തിന്റേയോ പേരിൽ ന്യായീകരിക്കാൻ ഒരു മടിയും കൊട്ടാര ചരിത്രകാരൻമാർക്കുണ്ടായിരുന്നില്ല. സാധാരണക്കാരന്റെ ജീവിത ചിത്രങ്ങൾ ഏറെക്കുറെ നമുക്ക് ലഭിക്കുന്നത് സൂഫീ സാഹിത്യങ്ങളിൽനിന്നാണ്. പുരാവസ്തു പഠനം പുരോഗമിക്കുക കൂടി ചെയ്തതോടെ ചരിത്രം വസ്തുതാപരമായി വിലയിരുത്താൻ കഴിയുന്നുണ്ട്. പുരാവസ്തു പഠനം ഉപരി വർഗത്തിന്റേയും സാധാരണക്കാരന്റെയും ജീവിതത്തിലേക്ക് ഒരു പോലെ വെളിച്ചം വീശുന്നു. സാഹിത്യ കൃതികളിലെ പരാമർശങ്ങളുടെ സത്യസന്ധത പരിശോധിക്കാനും ഈ പഠനം സഹായിക്കുന്നു.

സാഹിത്യമോ പുരാവസ്തുക്കളോ ഉണ്ടായത് കൊണ്ട് മാത്രമായില്ല; രീതിശാസ്ത്രത്തിലും മാറ്റം വേണം. രാജവംശ ചരിത്രങ്ങൾക്ക് അമിതപ്രാധാന്യം നൽകിക്കൂടാ. സമൂഹമാണ് പ്രധാനം. സാമ്പത്തിക സ്ഥിതിയെ കുറിച്ച് പഠിക്കാതെ അധികാര കേന്ദ്രങ്ങളെ വിലയിരുത്തിയിട്ട് കാര്യമില്ല. റവന്യൂ വിവരങ്ങളെകുറിച്ച് പഠിക്കാതെ സമൂഹത്തിന്റെ വിതാനങ്ങളെ അളക്കാനാവില്ല. വിശ്വാസങ്ങളെയും സംസ്കാരങ്ങളെയും ശാസ്ത്രീയമായിത്തന്നെ വിലയിരുത്തണം. മതങ്ങളുടെ സൈദ്ധാന്തിക വശങ്ങളെക്കാളും പ്രാധാന്യം സാംസ്കാരിക വശത്തിനാണ്. ഇസ്‌ലാമിന്റെ ഇന്ത്യൻ സാഹചര്യമാണ് പ്രധാനം. ഇന്ത്യയിൽ ആ മതം വരുത്തിയ സാമൂഹിക പരിവർത്തനമാണ് പ്രസക്തം. പ്രത്യയശാസ്ത്രപരമോ അനുഷ്ഠാനപരമോ ആയ ഭിന്നതകൾ ചരിത്രകാരന് വിഷയമല്ല. അതുണ്ടാക്കുന്ന നന്മ തിൻമകളും സംഭവങ്ങളുമാണ് പഠനത്തിന് വിഷയീഭവിക്കേണ്ടത്.

•

## രണ്ട്

# സുൽത്താൻ ഭരണവും മതവും

ഇന്ത്യയിലെ സുൽത്താന്മാരെ ചിലർ ഇസ്ലാമിക ഭരണാധികാരികളെന്ന് പറയും. ചിലർക്ക് സുൽത്താന്മാർ വെറും വിദേശികളാണ്. സ്വദേശി വിദേശി പ്രശ്നത്തെ യഥാവിധി വിലയിരുത്തുന്നതിൽ നമ്മുടെ ചരിത്രകാരൻമാർ പരാജയപ്പെടുന്നുണ്ട്. വിദേശത്ത് നിന്ന് വന്നവരായാലും അവർ ഇന്ത്യൻ സാഹചര്യങ്ങളുമായി ഇഴുകിച്ചേരുകയും രാജ്യത്തെ അവരുടെ വാസസ്ഥാനമായി മാറ്റുകയും ചെയ്താൽ അവരെ വീണ്ടും വിദേശികളായി ഗണിച്ചുകൂടാ. ഇന്ത്യയിൽ വന്ന ആര്യൻമാരും അഫ്ഗാനികളും മുഗളരും ഇന്ത്യയെ സ്വരാജ്യമായി ഗണിച്ചതോടെ അവർ വിദേശികളല്ലാതായി. എന്നാൽ അധിനിവേശക്കാരായ യൂറോപ്യൻമാർ ഇന്ത്യയെ സ്വരാജ്യമായി അംഗീകരിച്ചില്ല . രാജ്യം എല്ലാവിധേനയും അവർക്ക് കറവപ്പശുവായിരുന്നു.

മധ്യകാലത്തെ ഹിന്ദു മുസ്ലിം പ്രശ്നങ്ങളെ വർത്തമാനകാലത്തേതുമായി ബന്ധപ്പെടുത്തുമ്പോൾ ചരിത്രകാരൻ വളരെ ശ്രദ്ധിക്കണം. മധ്യകാലത്ത് ഹിന്ദു എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് ഹിന്ദു ഉന്നതകുലജാതരായ രാജാ, റാവു, റാണാ, റായി, സമീന്ദാർ വിഭാഗങ്ങളാണ്. ശൂദ്രൻമാരായി മുദ്ര കുത്തപ്പെട്ട സാധാരണ ഹിന്ദുക്കളെ തമസ്കരിക്കാനാണ് വരേണ്യ വർഗക്കാരായ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരുമൊക്കെ ശ്രമിച്ചത്. അതേസമയം അധഃസ്ഥിതരായ ഹിന്ദു വിഭാഗങ്ങൾക്ക് സുൽത്താൻ മുഗള ഭരണങ്ങൾ അനുഗ്രഹമാവുകയാണുണ്ടായത്. ഇസ്ലാം സ്വീകരിച്ചും മറ്റു വിധേനയും അവർ ഉച്ചനീചത്വങ്ങളിൽ നിന്ന്

രക്ഷപ്പെട്ടു. കരകൗശലക്കാരും കർഷകരും ഉൾപ്പെടുന്ന താണ വിഭാഗക്കാർ ബ്രാഹ്മണ ക്ഷത്രിയ കൂട്ടുകെട്ടിന്റെ ഭരണ മേധാവിത്തത്തിൽ നിന്ന് മോചനം നേടുകയായിരുന്നു. ഈ വസ്തുതകളെ വിശകലനം ചെയ്യാതെ ഭരണ വൃന്ദത്തിലൊതുങ്ങിയിരുന്ന രാഷ്ട്രീയമായ പ്രശ്നങ്ങൾ മതത്തിന്റെ പേരിൽ സമൂഹത്തിലേക്ക് വലിച്ചിഴച്ചത് സാമുദായികതക്കായി ചരിത്രമെഴുതിയ ചില ദേശീയ ചരിത്രകാരൻമാരാണ്. ഇവർ വർത്തമാന കാലത്തെ മധ്യ കാലത്തേക്ക് വലിച്ച് നീട്ടുകയാണ് ചെയ്തത്. ശൂദ്രൻമാരെ ഹിന്ദുക്കളായിക്കാണാൻ ബ്രാഹ്മണ പക്ഷക്കാരായ ചരിത്രകാരൻ തയാറായിരുന്നില്ല. സുൽത്താന്മാർക്ക് മുമ്പ് ബ്രാഹ്മണരും ശ്രമണരുമല്ലാതെ ഹിന്ദു എന്നൊരു മതക്കാർ തന്നെ ഇല്ലല്ലോ. ശൂദ്രരെ ഒരു സമൂഹമായിട്ടല്ലാതെ ഹിന്ദുക്കളായി ബ്രാഹ്മണവിഭാഗം ഗണിച്ചിട്ടില്ല. തുർക്കി എഴുത്തുകാരാണ് സിന്ധു നദിക്ക് കിഴക്കുള്ളവരെയൊക്കെ ഹിന്ദുക്കളെന്നും ഈ ദേശത്തെ ഹിന്ദുസ്ഥാനമെന്നും വിളിച്ചത്. ഈ വിളിപ്പേരുകൾക്കൊന്നും ഇപ്പോൾ നാം പറയുന്ന ഹിന്ദു മതവുമായി ബന്ധമൊന്നുമില്ല.

നമുക്ക് സുൽത്താൻ അലാഉദ്ദീൻ ഖൽജിയുടെ കാര്യമെടുക്കാം. ദേശീയ ചരിത്രകാരൻമാർ പോലും ഈ സുൽത്താനെ മതഭ്രാന്തനായാണ് മുദ്രയടിക്കുന്നത്. എന്താണ് അദ്ദേഹം ചെയ്ത കുറ്റം? കർഷകരെ ചൂഷണം ചെയ്തിരുന്ന സമീന്ദാർമാരെ അദ്ദേഹം പുറത്താക്കി. പുറത്താക്കപ്പെട്ടവർ ഉപരിവർഗക്കാരായ ഹിന്ദുക്കളായിരുന്നു. ഇപ്പേരിലാണ് അലാഉദ്ദീൻ മതഭ്രാന്തനാവുന്നത്. അദ്ദേഹത്തിന്റെ പരിഷ്കരണങ്ങൾ അധഃസ്ഥിതരായ ഹിന്ദു കർഷകർക്ക് പെരുത്ത ആശ്വാസം നൽകി. പക്ഷേ ഈ വിഭാഗം അന്ന് ഹിന്ദുക്കളായി അറിയപ്പെട്ടിരുന്നില്ല. കർഷകരെ ചൂഷണം ചെയ്ത സമീന്ദർമാരെ മാത്രമല്ല; മുസ്‌ലിം ഇഖ്തിദാർമാരെയും അലാഉദ്ദീൻ പുറത്താക്കിയിരുന്നു. ഇസ്‌ലാം മതത്തോട് അലാഉദ്ദീൻ ഖിൽജിക്ക് ഒരു താല്പര്യവുമുണ്ടായിരുന്നില്ല എന്ന് സമകാല ചരിത്രകാരൻ സിയാഉദ്ദീൻ ബറനി തന്നെ വിലപിക്കുന്നുമുണ്ട്. പ്രവാചകനെപ്പോലും വിമർശിച്ച ഈ സുൽത്താൻ എങ്ങനെയാണ് മുസ്‌ലിം മതഭ്രാന്തനാവുക? ഇത് പോലെ രാഷ്ട്രീയ പ്രധാനരായ ചില ഉന്നത കുടുംബങ്ങളെ ഷാജഹാനും ഔറംഗസേബും മതം മാറ്റിയിരുന്നു. തികച്ചും രാഷ്ട്രീയമായ ലക്ഷ്യം മുൻനിറുത്തിയായിരുന്നു ഈ പ്രവൃത്തി. സാധാരണക്കാരായ ഹിന്ദുക്കളെ മതം മാറ്റുന്നതിൽ തുർക്കികൾക്കോ മുഗളൻമാർക്കോ ഒരു താല്പര്യ

വുമുണ്ടായിരുന്നില്ല.

കൊട്ടാര ചരിത്രകാരൻമാരെ അമിതമായി ആശ്രയിച്ചു എന്ന താണ് അധുനിക ചരിത്രകാരൻ ചെയ്ത ഏറ്റവും വലിയ തെറ്റ്. കൊട്ടാര ചരിത്രകാരൻമാർ കുറിച്ച് വച്ചത് അധികവും യഥാർഥ സംഭവങ്ങളല്ല; മറിച്ച് സുൽത്താനെ ന്യായീകരിക്കുന്നതിന് വേണ്ടി കല്പിച്ചെടുക്കുന്ന കഥകളാണ്. .സംഭവങ്ങളുടെ നിജസ്ഥിതി വേറെ വഴിക്ക് അന്വേഷിച്ചിട്ടുതന്നെ വേണം. കൊട്ടാര പണ്ഡിതരുടെ ലക്ഷ്യം ചരിത്രം സത്യസന്ധമായി അവതരിപ്പിക്കുകയെന്നതല്ല; യജമാനനെ എങ്ങനെ പരമാവധി തൃപ്തിപ്പെടുത്തുക എന്നതാണ്.

മധ്യകാലഘട്ടം മുസ്ലിം മതഭ്രാന്തിന്റെ കാലമാണെന്ന് ഹിന്ദു സാമുദായിക വാദികൾ അവതരിപ്പിച്ചപ്പോൾ അങ്ങനെയല്ല; അത് മൈത്രിയുടെ കാലഘട്ടമാണെന്ന് പ്രഖ്യാപിച്ച് കൊണ്ട് ഏതാനും ദേശീയ ചരിത്രകാരൻമാർ രംഗത്തെത്തി. ഇവരും തങ്ങളുടെ വാദങ്ങൾക്ക് കൊട്ടാര ചരിത്രകാരൻമാരെത്തന്നെയാണ് തെളിവുകൾക്കായി ആശ്രയിച്ചത്. അതിനാൽ ഇവരുടെ വ്യഖ്യാനങ്ങളും സത്യസന്ധമാണെന്ന് പറഞ്ഞു കൂടാ. ഇസ്ലാമികഭരണത്തിന്റെ തുടർച്ചയായി ഇന്ത്യയിലെ 'മുസ്ലിം' ഭരണകാലത്തെ കാണാനും വയ്യ. പ്രവാചകന്റേയും ആദ്യ കാല ഖലീഫമാരുടേയും ലക്ഷ്യം സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും സ്ഥാപിക്കലായിരുന്നു. എന്നാൽ പിൽകാല ഖലീഫമാർ ഇസ്ലാമിനെ സാമ്രാജ്യത്വത്തിന് വേണ്ടി ദുരുപയോഗപ്പെടുത്തുകയാണ് ചെയ്തത്. പിൽകാല ഖലീഫമാരും സുൽതാൻമാരുമൊക്കെ ഇസ്ലാമിനെയല്ല സംരക്ഷിച്ചത്, സാമ്രാജ്യത്വത്തെയാണ്. തുർക്കി പേർഷ്യൻ നിയമങ്ങളായിരുന്നു അവരുടെ ഭരണത്തിന്നാധാരം. ഇസ്ലാം അവർക്ക് ഒരു അലങ്കാരം മാത്രം. സുൽത്താൻ എന്ന പദം തന്നെ പേർഷ്യൻ സാമ്രാജ്യത്വത്തിന്റെ ചിഹ്നമാണ്. മഹ്മൂദ് ഗസ്നിയാണ് ഈ പേരിൽ ആദ്യം അറിയപ്പെടുന്ന മുസ്ലിം ഭരണാധികാരി. ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ഇസ്ലാം തൊട്ടു തീണ്ടിയിരുന്നില്ലെന്ന് വസ്തുതകൾ നമ്മോട് പറയുന്നു. ഇദ്ദേഹത്തെയാണ് കൊട്ടാര ചരിത്രകാരൻമാർ ദൈവത്തിന്റെ മിത്രമായി വാഴ്ത്തുന്നത്.

ഇന്ത്യയിലെ സുൽത്താൻമാർക്ക് ഇസ്ലാമിക പ്രചാരണത്തിലൊന്നും താൽപര്യമുണ്ടായിരുന്നില്ല എന്ന് പറഞ്ഞല്ലോ. ഇന്ത്യയിൽ തുർക്കി മേധാവിത്തം സ്ഥാപിക്കലായിരുന്നു ഇവരുടെ ലക്ഷ്യം. തങ്ങളുടെ മേധാവിത്തം അംഗീകരിക്കുകയും കപ്പം നൽകാൻ തയാറാവുകയും ചെയ്താൽ ഏത് മതക്കാരായ ഭര

ണാധികാരിയേയും അവർ അംഗീകരിച്ചു പോന്നു. തങ്ങളുടെ ധിക്കാരത്തെ വെല്ലു വിളിക്കുന്ന ആരും അവർക്ക് ശത്രുവായിരുന്നു. മഹ്മൂദ് ഗസ്നിയുടെ യുദ്ധങ്ങളധികവും മുസ്‌ലിം ഭരണാധികാരികൾക്കെതിരെയായിരുന്നു. ഇന്ത്യയിൽ അവരുടെ ശത്രു ഹിന്ദു ക്ഷത്രിയരായത് കൊണ്ട് യുദ്ധം അവർക്കെതിരെയായി. അല്ലാതെ ഇതിനെയൊന്നും മതപരമായി വ്യാഖ്യാനിക്കേണ്ടതില്ല. തുർക്കികളുടെ ഭരണത്തോടെ ഇന്ത്യയിൽ ഭരണ മാറ്റമുണ്ടായി. ബ്രാഹ്മണ മേധാവിത്തത്തിന് പകരം തുർക്കുമാനി മേധാവിത്തം വന്നു. തുർക്കുമാനി ഭരണത്തിന് ഇസ്‌ലാമിന്റെ ചുവയുണ്ടായിരുന്നു എന്ന് വച്ച് അതൊരിക്കലും ഇസ്‌ലാമിക ഭരണമായിരുന്നില്ല. ബ്രാഹ്മണന്റെ വർഗമേധാവിത്തത്തിന് പകരം തുർക്കുമാനിയുടെ വർഗ മേധാവിത്തം വന്നു. അത് സൈനികമായി കുറേക്കൂടി അക്രമപരമായിരുന്നു. സാംസ്കാരികമായി മുന്തിയതുമായിരുന്നു. ഇസ്‌ലാം വിഭാവനം ചെയ്യുന്ന സമത്വവും സ്വാതന്ത്ര്യവും സ്ഥാപിക്കുക എന്ന ലക്ഷ്യമേ തുർക്കുമാനിക്കുണ്ടായിരുന്നില്ല. ഭരണ മാററം വന്നത് തന്നെ കേന്ദ്രത്തിൽ മാത്രമാണ്. താഴെക്കിടയിൽ നിലവിലുള്ള സമ്പ്രദായങ്ങൾ ഏതാണ്ട് അംഗീകരിക്കുകയാണ് അവർ ചെയ്തത്. മതത്തിന് വേണ്ടി ഈ സുൽത്താൻമാർ ഒരു യുദ്ധവും ചെയ്തിട്ടില്ല. എന്നാൽ സാമ്രാജ്യത്വത്തിന് വേണ്ടി പലപ്പോഴും മതത്തെ ദുരുപയോഗം ചെയ്തു. അങ്ങനെ ചെയ്യുന്ന ഭരണാധികാരികൾ മതത്തിന്റെ രക്ഷകരാവുന്നതെങ്ങനെയാണ്?

ഇന്ത്യക്കാരെ താണ വിഭാഗക്കാരായാണ് തുർക്കുമാനികൾ ഗണിച്ചത്. താണജാതിക്കാർ മതം മാറുന്നത് ഇസ്‌ലാമിന് അപമാനമാണെന്നാണ് അന്നത്തെ കൊട്ടാര പണ്ഡിതനായ സിയാഉദ്ദീൻ ബറനി എഴുതിയത്. ''രത്നം പതിച്ച കല്ലുകൾ ആരെങ്കിലും പട്ടികളുടെ കഴുത്തിലിടാറുണ്ടോ? പന്നികളുടെ കഴുത്തിൽ ആരെങ്കിലും സ്വർണ്ണ മാല ചാർത്താറുണ്ടോ? ഇത് പോലെയാണ് ഇന്ത്യക്കാരെ ഇസ്‌ലാമാക്കുന്നത്''. അവർക്ക് ഇസ്‌ലാം മതം പഠിപ്പിച്ച് കൊടുക്കരുതെന്ന് വരെ അദ്ദേഹം മതനേതാക്കളോട് നിർദേശിച്ചു.

ഇന്ത്യയിലെ ഭൂരിപക്ഷം മുസ്‌ലിംകളും ആരാണെന്ന് കൂടി ചിന്തിക്കണം. ഇവരൊക്കെ പുറത്ത് നിന്ന് കുടിയേറിയവരല്ല. ഇന്ത്യയിൽ നില നിന്നിരുന്ന ജാതി വ്യവസ്ഥയുടെ ഇരകളാണധികപേരും. അതോടൊപ്പം മർദ്ദനത്തിനിരയായ ബുദ്ധ മതക്കാരും ജൈനന്മാരും കൂട്ടത്തോടെ ഇസ്‌ലാമിലേക്ക് വന്നിട്ടുണ്ട്. അധഃസ്ഥിതർക്കും അബലർക്കും ആശ്വാസം നൽകാൻ മുസ്‌ലിം പു

ണ്യവാളന്മാർ മുന്നോട്ട് വന്നപ്പോൾ അവരൊക്കെ സ്വാതന്ത്ര്യവും സമത്വവും മോഹിച്ച് ഇസ്‌ലാമിലേക്ക് വന്നു. അവരങ്ങനെ ഉച്ച നീചത്വങ്ങളിൽ നിന്ന് രക്ഷപ്പെട്ടു. ഇവർ മതം മാറിയത് കുറ്റമാണോ? ഭരണാധികാരികൾ ഒരു പണവും ഇതിന് ചെലവാക്കിയിട്ടില്ല. പുണ്യവാളൻമാരാകട്ടെ ഭരണാധികാരികളെ ആശ്രയിച്ചതുമില്ല.

## ജിസ്‌യ

സുൽത്താൻമാർ ഏർപെടുത്തിയിരുന്ന ജിസ്‌യ എന്ന നികുതി ഹിന്ദു സമുദായത്തെ തരംതാഴ്ത്തുന്നതിനുള്ള നികുതിയായി ചിത്രീകരിക്കപ്പെടാറുണ്ട്. സ്‌റ്റേറ്റിനെതിരെ യുദ്ധമുണ്ടാകുമ്പോൾ യുദ്ധം ചെയ്യാത്ത അമുസ്‌ലിംകൾ ഒടുക്കേണ്ട നികുതിയാണിത്. ജിസ്‌യയിൽനിന്ന് സ്ത്രീകൾ, കുട്ടികൾ, അംഗവൈകല്യമുള്ളവർ, ബ്രാഹ്മണർ എന്നീ വിഭാഗങ്ങളെ ഒഴിവാക്കിയിരുന്നു. കാരണം അവർ യുദ്ധം ചെയ്യാൻ അശക്തരാണ്. ബ്രാഹ്മണരാകട്ടെ മത കർമങ്ങളനുഷ്ഠിക്കുന്നവരാണ്. അതേ സമയം രാജ്യകാര്യങ്ങളിൽ മുഴുകുകയും ആവശ്യം വരുമ്പോൾ യുദ്ധം ചെയ്യുകയും ചെയ്യുന്ന രജപുത്രന്മാർക്കും ഹിന്ദുക്കളായ പട്ടാളക്കാർക്കും നികുതിയുണ്ടായിരുന്നില്ല. ജിസ്‌യ ഭാരിച്ച ഒരു നികുതിയായിരുന്നുവെന്ന് ആരും പറയുന്നുമില്ല. കാരണം അത് യുദ്ധത്തിന് പോകാത്ത ക്ഷത്രിയൻമാരാണ് കൂടുതലും നൽകിയിരുന്നത്. ശൂദ്ര ജാതിക്കാർക്ക് ഈ നികുതി ബാധകമായിരുന്നുമില്ല. ജിസ്‌യ ഭാരം കൊണ്ട് ഹിന്ദുക്കൾ മതം മാറേണ്ടി വന്നതിനും തെളിവില്ല. അക്കാലത്തൊന്നും ജിസ്‌യ ഒരു ചർച്ചാ വിഷയമായിട്ടില്ല തന്നെ.

മത പ്രചാരണത്തിൽ താല്പര്യമില്ലാതിരുന്നിട്ടും ചില ഭരണാധികാരികൾ രാഷ്ട്രീയമായ ലക്ഷ്യങ്ങളോടെ ചില പ്രഭുക്കൻമാരെയൊക്കെ മതം മാറ്റിയിട്ടുണ്ട്. പക്ഷേ അധഃസ്ഥിതരുടെ മതംമാററ കാര്യത്തിൽ ഒരു താല്പര്യവും അവർക്കുണ്ടായിട്ടില്ല. ഭരണ സ്വാധീനത്തിലൂടെ മതംമാറ്റം നടന്നിരുന്നുവെങ്കിൽ ഇന്ത്യയെ മുഴുവൻ ഇസ്‌ലാമികവത്കരിക്കാനുള്ള ശക്തി സുൽത്താൻമാർക്കുണ്ടായിരുന്നല്ലോ. തങ്ങളുടെ സഖ്യ ശക്തികളായ ഹിന്ദു രാജാക്കൻമാരെയും റാണമാരെയും സുൽതാൻമാർ ഒരിക്കലും മതം മാറാൻ നിർബന്ധിച്ചിട്ടില്ല; അതേ സമയം സുൽത്താനോടുള്ള ഭക്തി ഉറപ്പിക്കാൻ പലരും സ്വയമേവ മതം മാറിയിരുന്നു. കലാപകാരികൾ പിടിക്കപ്പെട്ടാൽ ശിക്ഷയിൽനിന്നൊഴിവാകാൻ വേ

ണ്ടി മതം മാറുമായിരുന്നു. അങ്ങനെ മതം മാറുന്നവർക്ക് മാപ്പു കൊടുത്ത സന്ദർഭങ്ങളുമുണ്ട്.

സുൽത്താൻമാരുടെ കാലത്ത് ഇന്ത്യയിൽ സൂഫീ പ്രബോധനം ശക്തമായിരുന്നു. ഇന്ത്യയിൽ മാത്രമല്ല ലോകത്തെങ്ങും സൂഫീ മാർഗങ്ങൾ സജീവമായിരുന്നു.  ഇക്കാലത്ത് അധഃസ്ഥിതർ കൂട്ടത്തോടെ മതം മാറിയത് കാണാം. സൂഫീ ഭക്തരുടെ സേവനങ്ങളിൽ ആകൃഷ്ടരായാണ് ഇത്രയധികം പേർ മതം മാറുന്നത്. ഭരണത്തിന്റെ ഒരു സ്വാധീനവും ഇക്കാര്യത്തിലുണ്ടായിട്ടില്ല. ഹിന്ദുക്കൾ ഭരിച്ചു കൊണ്ടിരുന്ന പ്രദേശങ്ങളിലും ഇങ്ങനെയുള്ള കൂട്ട മതം മാറ്റങ്ങൾ ദൃശ്യമാണ്. മലബാർ തന്നെ ഇതിന് ഒന്നാന്തരം തെളിവാണല്ലോ? ഇവിടെ കാര്യമായ മുസ്‌ലിം ഭരണമൊന്നുമുണ്ടായിട്ടില്ല. അന്നത്തെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ മനസ്സിലാക്കുമ്പോൾ മതംമാറ്റത്തിന്റെ കാരണം മനസ്സിലാവാൻ പ്രയാസമുണ്ടാവില്ല.

ക്ഷേത്ര ധ്വംസനത്തിന്റെ കാര്യവും മറ്റൊന്നല്ല. മഹ്മൂദ് ഗസ്നി സോമനാഥ ക്ഷേത്രം പൊളിച്ചത് ഇസ്‌ലാമിന് വേണ്ടിയാണെന്ന് ആരും പറയില്ല. കാരണം ഇസ്‌ലാമിനോട് അങ്ങനെയൊരു സ്നേഹം  അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിട്ടില്ല. അദ്ദേഹം മതത്തെ അപമാനിക്കുകയായിരുന്നുവെന്ന് സമകാല ചരിത്രകാരൻ അൽബിറൂനി തന്നെ എഴുതിയിട്ടുണ്ടല്ലോ. ക്ഷേത്രത്തിലെ ഭണ്ഡാരമാണ് ആ അത്യാഗ്രഹിയെ അത് കൊള്ള ചെയ്യാൻ പ്രേരിപ്പിച്ചത്. പണം കൊയ്യാനുള്ള ഒരു മാധ്യമമായാണ് അദ്ദേഹം ക്ഷേത്രത്തെ കണ്ടത്. അത് കൊണ്ടാണ്  ക്ഷേത്രത്തിലെ വിഗ്രഹങ്ങളുമായി അദ്ദേഹം സ്വരാജ്യമായ ഗസ്നയിൽ ചെന്നതും അവിടെ  ഒരു ക്ഷേത്രം പണിതതും അതിൽ ഈ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചതും. വഴിപാട് ലഭിക്കാനായി ഹിന്ദുവും മുസ്‌ലിമും ബുദ്ധമതക്കാരനും ക്ഷേത്രത്തിൽ പുജ നടത്തണമെന്ന് മഹമൂദ് കല്പിച്ചതും ചേർത്തു വായിക്കുക.

അശോക ചക്രവർത്തി സ്റ്റേറ്റിന്റെ പണം ഉപയോഗിച്ചാണ് ബുദ്ധമതം പ്രചരിപ്പിച്ചത്. അദ്ദേഹത്തെ എന്നിട്ടും മഹാനായി തന്നെ  നാം വാഴ്ത്തുന്നു. അത്രയൊന്നും ചെയ്യാത്ത തുർക്കി മുഗൾ ചക്രവർത്തിമാരെ നാം മതഭ്രാന്തൻമാരായും ഹിന്ദു ധ്വംസകരായും മുദ്രകുത്തുന്നു. അശോകൻ തന്റെ പത്തിലധികം സഹോദരൻമാരെ കൊന്നതും  സാമ്രാജ്യത്വത്തിനായി ചോരപ്പുഴയൊഴുക്കിയതും ജൈനൻമാരെ തമസ്കരിച്ചതുമൊക്കെ നമ്മൾ

മറന്നു പോവണം. അദ്ദേഹം പശ്ചാതപിച്ചിട്ടുണ്ടല്ലോ. പശ്ചാത പിച്ചപ്പോൾ അന്യായമായി പിടിച്ചെടുത്ത പ്രദേശങ്ങൾ അദ്ദേഹം തിരിച്ചു കൊടുക്കാത്ത കാര്യവും നാം മിണ്ടിപ്പോകരുത്.

പൗരാണിക കാലത്തും മധ്യകാലത്തുമൊക്കെ മതം തന്നെ യായിരുന്നു ജനങ്ങളുടെ ജീവിത പദ്ധതി. മതത്തിന്നതീതമായ സെക്കുലറിസമോ, ദേശീയതയോ, ജനാധിപത്യമോ അന്നുണ്ടായി രുന്നില്ല. അതിനാൽ അന്ന് മതത്തിന്റെ സ്വാധീനം കാണുമ്പോഴേ ക്കും ഭയക്കേണ്ടതില്ല. മതത്തെ അവഗണിച്ചുകൊണ്ടൊരു ഭരണം പ്രതീക്ഷിക്കേണ്ടതുമില്ല. ഭരണം ജനക്ഷേമകരമായിരുന്നോ എന്ന് നോക്കിയാൽ മതി. ഈ രാജ്യത്ത് ഏറെ സംഭാവനകളർപ്പിച്ച ഭരണ വംശമാണ് മുഗൾ സാമ്രാജ്യം. ഈ രാജ്യത്തിന്റെ സം സ്കാരത്തെ രൂപപ്പെടുത്തുന്നതിലും മുഗളൻമാരുടെ സംഭാവന വളരെ വലുതാണ്. പക്ഷേ മുഗളൻമാരോട് യുദ്ധം ചെയ്തവരെ യൊക്കെ ദേശീയ നായകൻമാരാക്കുന്ന വങ്കത്തമാണ് നമ്മുടെ ദേശീയ ചരിത്രകാരൻമാർ വരെ സ്വീകരിച്ചത്. റാണാ പ്രതാപനും ശിവാജിയുമൊക്കെ നായക സ്ഥാനത്തെത്തുന്നത് അങ്ങനെയാണ്. ഇവർ മുഗളൻമാരോട് നടത്തിയ യുദ്ധങ്ങളെ ഹിന്ദുത്വ സംരക്ഷണ യുദ്ധങ്ങളായാണ് അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ രാജാ ക്കൻമാർക്കൊന്നും അങ്ങനെയൊരു ലക്ഷ്യമുണ്ടായിരുന്നതായി ചരിത്രത്തിൽ ഒരു തെളിവുമില്ല. തങ്ങൾ യുദ്ധം ചെയ്യുന്നത് ഹിന്ദു മതത്തിന് വേണ്ടിയാണെന്ന് ശിവാജിയോ റാണാ പ്രതാപനോ പറ ഞ്ഞിട്ടില്ല. ഇവരെ മുഗൾ ശത്രുവെന്നല്ലാതെ ഇസ്‌ലാം ശത്രുക്കൾ എന്ന് പറയാനും ന്യായമില്ല. കാരണം ഇവരൊക്കെ ഒരു മതമെന്ന നിലക്ക് ഇസ്‌ലാമിനെ കണ്ടവരും സ്നേഹിച്ചവരുമാണ്. വർത്തമാന കാലത്തെ തുരുപ്പുശീട്ടുകൾക്ക് ആധികാരികതയുണ്ടാക്കുന്നതിന് വേണ്ടി ഭൂതകാലത്തെ ദുരുപയോഗപ്പെടുത്തുന്ന കാപട്യമാണ് നമ്മുടെ ദേശീയ ചരിത്രകാരൻമാർ ചെയ്തിരിക്കുന്നത്. എല്ലാ ര ജപുത്ര വംശങ്ങളും മുഗളൻമാർക്ക് പിന്തുണ പ്രഖ്യാപിച്ചപ്പോൾ ചിറ്റോറിലെ റാണാ സംഗയുടെ കുടുംബം മാത്രമാണ് മുഗളൻമാ രെ എതിർത്തത്. ഇതേ റാണാ സംഗയാണ് ഇബ്രാഹിം ലോധി ക്കെതിരെ യുദ്ധം ചെയ്യാൻ ബാബറെ ഇന്ത്യയിലേക്ക് ക്ഷണിച്ചത്. ലോധിയെ തോൽപിച്ച് കൊടുത്ത് ബാബർ സ്ഥലം വിടുമെന്നാണ് റാണാ മനസ്സിൽ കണക്കു കൂട്ടിയത്. എന്നാൽ ഇന്ത്യയെക്കുറി ച്ച് വേണ്ടുവോളം കേട്ട ബാബർ റാണയുടെ ക്ഷണം ഇന്ത്യയിൽ കാലു കുത്താനുള്ള സുവർണാവസരമായാണ് കണക്കാക്കിയത്.

മാത്രവുമല്ല; തന്റെ പൂർവികനായ തിമൂർ ഭരിച്ച രാജ്യമാണ് ഇന്ത്യ എന്ന അവകാശവാദവും ബാബർ പുലർത്തിയിരുന്നു. സാമ്രാജ്യത്വ മോഹങ്ങൾക്കുപരി സാമുദായികമായ ഒരു ശത്രുതയും ഈ പടയോട്ടങ്ങളുടെ പിന്നിലുണ്ടായിരുന്നില്ല.

ബാബർക്കെതിരെ യുദ്ധം ചെയ്ത റാണാ സംഗയുടെ സൈന്യത്തിന്റെ വലിയൊരു ഭാഗം ഇബ്രാഹീം ലോധിയുടെ ബന്ധുവായ മഹ്മൂദ് ലോധിയുടെ അഫ്ഗാൻ മുസ്‌ലിംകളായിരുന്നു. ഇത് പോലെ ഒട്ടേറെ ഹിന്ദുക്കൾ ബാബറിന്റെ സൈന്യത്തിലും ഉണ്ടായിരുന്നു. അക്ബറിന്റെ കാലത്ത് രജപുത്ര തലസ്ഥാനമായ ചിറ്റൂർ ഉപരോധിച്ചതിന് നേതൃത്വം കൊടുത്തത് അക്ബറുടെ രജപുത്ര സേനാധിപരായ ടോഡർമാളും ഭഗവാൻ ദാസുമാണ്. അതേ സമയം രജപുത്രരുടെ ഭാഗത്ത് പീരങ്കിപ്പടക്ക് നേതൃത്വം കൊടുത്തത് ഇസ്മാഈൽ ഖാൻ ആയിരുന്നു. ഹാൽഡിഘട്ടിൽ വച്ച് അക്ബറും റാണാ പ്രതാപനും തമ്മിൽ യുദ്ധമുണ്ടായപ്പോൾ അക്ബറിന്റെ സേനാപതി മാൻസിങ്ങും റാണയുടേത് ഹകീം സൂറുമായിരുന്നു. ഇവിടെയൊക്കെ സാമുദായികത തിരുകിക്കയററാൻ എങ്ങനെയാണ് സാധിക്കുക?

ശിവാജിയുടെ കഥയെന്താണ്? മുസ്‌ലിംകളെ ഇത്രയധികം സ്നേഹിച്ച അമുസ്‌ലിം ചക്രവർത്തിമാർ വിരളമാണ്. സ്ഥിരമായി മുസ്‌ലിം ദർഗകളിൽ പ്രാർഥനയും വഴിപാടുകളും നേരുകയും മുസ്‌ലിം പുണ്യവാളൻമാരുമായി സമ്പർക്കം പുലർത്തുകയും ചെയ്തവരാണ് ശിവാജിയുടെ കുടുംബം. ശിവാജിയുടെ മുത്തച്ഛൻ മാലോക്ജി ബീജാപൂരിലെ ഷാ ഷരീഫ് എന്ന സിദ്ധന്റെ ഖബറിടത്തിൽ പ്രാർഥിച്ചതിന്റെ ഫലമാണത്രേ കുട്ടികളുണ്ടായത്. ആ പുണ്യവാളനോടുള്ള പ്രതിജ്ഞ നിറവേററാനാണ് തന്റെ മക്കൾക്ക് ഷാ ഷരീഫ് എന്നും ഷാജി എന്നും പേരിട്ടത്. ഷാജിക്ക് ശിവാജി പിറന്നപ്പോൾ അദ്ദേഹം ഇതേ പുണ്യവാളന്റെ ഖബറിടത്തിൽ ചെന്ന് വഴിപാടുകളർപ്പിച്ചു. ഇതേ സ്വഭാവം ശിവാജിക്കുമുണ്ടായിരുന്നു. ബീജാപൂർ സുൽത്താൻമാരുടെ സേനാനായകനായിരുന്നു ഷാജി. ഈ കൊട്ടാരത്തിലാണ് ശിവാജി വളരുന്നത്. ശിവാജിയുടെ സൈന്യത്തിൽ നല്ലൊരു പങ്ക് മുസ്‌ലിംകളായിരുന്നു. സേനാ നായകൻ ഇബ്രാഹീം ഖാനെയാണ് മുഗളർക്കെതിരെയുള്ള സൈന്യത്തിന്റെ ചുമതലയേൽപിച്ചത്. തന്റെ സാമ്രാജ്യത്തിൽ ശരീഅത്ത് ഭരണം യഥാവിധി നടപ്പാക്കാൻ പ്രത്യേക ന്യായാധിപനെ(ഖാളി ഖുളാത്) തന്നെ ശിവാജി നിശ്ചയിച്ചിരുന്നു. തന്റെ ജീവിതത്തിലൊരിക്ക

ലും ശിവാജി ഒരു മുസ്‌ലിം ശത്രുവായിട്ടില്ല. തന്റെ യുദ്ധങ്ങൾ ഇസ്‌ലാമിനെതിരെയാണെന്നോ ഹിന്ദുമതത്തെ സംരക്ഷിക്കാനാണെന്നോ ശിവാജി സ്വപ്നത്തിൽ പോലും പറഞ്ഞിട്ടില്ല.

മുഗൾ ചക്രവർത്തി ഔറംഗസേബിന്റെ സ്ഥിതിയും മറിച്ചല്ല. ശിവാജിക്കെതിരെ യുദ്ധം ചെയ്യാൻ തന്റെ സേനാനായകൻ ജയ് സിങ്ങിനെ അയച്ച ചക്രവർത്തി താൻ യുദ്ധം ചെയ്യുന്നത് ഇസ്‌ലാമിന് വേണ്ടിയാണെന്നോ ഹിന്ദു മതത്തെ തകർക്കാൻ വേണ്ടിയാണെന്നോ എവിടെയും പറഞ്ഞിട്ടില്ല. പല തവണ ശിവാജി സന്ധി ലംഘിച്ചപ്പോഴും അവിടെ മതപരമായ ഒന്നും പ്രശ്നമായിട്ടില്ല. മുഗൾ കൊട്ടാരത്തിൽ വളരേണ്ടി വന്ന ശിവാജിയുടെ പുത്രൻ ഷാഹുവിനെ ഔറംഗസേബിന് മുസ്‌ലിമാക്കാമായിരുന്നു. അതും ഉണ്ടായിട്ടില്ല. ചുരുക്കത്തിൽ തർക്കമുണ്ടായിരുന്നത് ശിവാജി തന്റെ രാജ്യമായ മറാട്ടാ സാമ്രാജ്യം വികസിപ്പിക്കുന്നതിലും ഔറംഗസേബ് മുഗള സാമ്രാജ്യത്തിന്റെ വ്യാപ്തി നിലനിറുത്തുന്നതിലുമാണ്. മതം അവിടെ കടന്നു വന്നിട്ടേയില്ല. മുഗളർക്കെതിരെയുള്ള യുദ്ധങ്ങളിൽ തന്റെ രാജ്യത്തുള്ള മുസ്‌ലിം പുണ്യവാളൻമാരുടെ പ്രാർഥനയും ശിവാജിക്കുണ്ടായിരുന്നു.

●

മൂന്ന്

# ദേശീയതയും സാമുദായികതയും

ദേശീയതയും വർഗീയതയും ആധുനികതയുടെ സൃഷ്ടികളാണ്. അവയെ പൗരാണിക മധ്യകാലങ്ങളിലേക്ക് വലിച്ചു കൊണ്ട് പോകേണ്ട കാര്യമില്ല. അതേ സമയം രണ്ടിന്റെയും വളർച്ചക്ക് ചരിത്രത്തെ ആശ്രയിക്കേണ്ടി വന്നുവെന്നത് ശരിയാണ്. സാമ്രാജ്യത്വത്തിനെതിരെ രാജ്യത്തെ ജനങ്ങളെ ഒന്നിപ്പിക്കുന്നതിന് പടിഞ്ഞാറൻ പ്രത്യയശാസ്ത്രമായ ദേശീയതയെ നമ്മുടെ നേതാക്കൾ ഇന്ത്യൻ സാഹചര്യത്തിൽ പാകപ്പെടുത്തുകയായിരുന്നു. അങ്ങനെയാണ് ഇന്ത്യൻ ദേശീയതക്ക് മതത്തെ അംഗീകരിച്ച് കൊണ്ടുള്ള ഒരു രൂപഭേദമുണ്ടായത്. ബ്രാഹ്മണരായ നമ്മുടെ പല ദേശീയനേതാക്കളും ദേശീയത ശക്തിപ്പെടുത്തുന്നതിന് തങ്ങളുടെ മതത്തിന്റെ സഹായം തേടി. ബാല ഗംഗാധര തിലകന്റെയും അരോബിന്ദോവിന്റേയുമൊക്കെ സമീപനങ്ങളിൽ ഈ കാഴ്ചപ്പാട് ശക്തമായിരുന്നു. ബംഗാൾ വിഭജനത്തിനെതിരെയുള്ള സമരങ്ങളിലും ഈ നിലപാട് മുഴച്ചു നിന്നു. അതേ സമയം മുസ്‌ലിംകൾക്ക് കൂടി സ്വീകാര്യമായ ഒരു ദേശീയതക്കായി ഇവർ ശ്രമിച്ചതുമില്ല. ഹിന്ദുമതത്തിന്റെ സഹായത്തോടെയല്ലാതെ ഇന്ത്യൻ ദേശീയതക്ക് നിലനില്പില്ലെന്ന് വാദിച്ച ഈ വിഭാഗമാണ് രാജ്യത്തെ ആദ്യത്തെ സാമുദായിക വാദികൾ.

ഇംഗ്ലണ്ടിലെ ദേശീയത അതേ പടി ഇവിടെ പറിച്ചു നടാനാണ് മറെറാരു വിഭാഗം ശ്രമിച്ചത്. റാനഡേ, ഫിറോസ് ഷാ മേത്ത, ഗോഖലേ തുടങ്ങിയവർ ഈ വിഭാഗത്തിൽ പെടും. ഭൂരിപക്ഷ മതത്തിന്റെ അടിസ്ഥാനത്തിൽ ദേശീയത നിർവചിക്കപ്പെടുമ്പോൾ തങ്ങൾ അവഗണിക്കപ്പെടുമെന്നും അതിനാൽ ദേശീയതയെ ഹിന്ദുമതത്തിന്നനുകൂലമായി വ്യാഖ്യാനിക്കുന്നത് ക്ഷന്തവ്യമല്ലെന്നും

മുസ്ലിംകളും ചിന്തിച്ചു. മുസ്ലിംകളിൽ ഒരു വിഭാഗം ഭൂരിപ ക്ഷത്തോടൊപ്പം നിന്നു കൊണ്ടുതന്നെ മതപരമായ വ്യക്തിത്വം സംരക്ഷിക്കാനും ശ്രമിക്കാതിരുന്നില്ല. ബദ്റുദ്ദീൻ തയ്യബ്ജി, ജി ന്നാ സാഹിബ്, മൗലാനാ ആസാദ് എന്നിവർ ഈ ഗണത്തിൽ പെടും. വേറൊരു വിഭാഗം വേറിട്ടൊരു സംഘടനയിലൂടെ തങ്ങ ളുടെ വ്യക്തിത്വം രക്ഷിക്കാനാണ് ശ്രമിച്ചത്. മുസ്ലിം ലീഗിന്റെ ജനനം അങ്ങനെയാണ്. മുസ്ലിം ദേശീയത കൂടി അംഗീകരി ക്കുമ്പോഴേ ഇന്ത്യൻ ദേശീയത പൂർണമാകൂ എന്ന നിലപാടിലാ യിരുന്നു മുസ്ലിം ലീഗുകാർ. എല്ലാവരും ഇന്ത്യയുടെ ദേശീയത ഉയർത്തിപ്പിടിച്ചെങ്കിലും പല വഴിയിലൂടെയാണ് സഞ്ചരിച്ചത്. എ ല്ലാവരും ചരിത്രത്തെ തങ്ങൾക്കനുകൂലമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ചെയ്തു.

ഹിന്ദു സാമുദായിക വാദികൾ മധ്യ കാലഘട്ടത്തെ ഇരുണ്ട യുഗമാക്കി അവതരിപ്പിച്ചു.. മധ്യ കാലം ഹിന്ദു ധ്വംസന കാലമാ ണെന്നും വരുത്തി. സുൽ ത്താൻമാരെയും മുഗളരെയും മുസ്ലിം മതഭ്രാന്തരാക്കി. എന്നാൽ മുസ്ലിം ദേശീയ വാദികളും മിതവാദി കളായ ദേശീയ വാദികളും ഏതാണ്ട് ഒരേ സമീപനമാണ് സ്വീ കരിച്ചത്. 'മുസ്ലിം' ഭരണ കാലത്ത് സൗഹാർദ്ദവും മൈത്രിയും നില നിന്നിരുന്നതായി ഇവർ വിലയിരുത്തി. തികച്ചും വിരുദ്ധമായ നിലപാടുകളാണ് ഇരു വിഭാഗവും സ്വീകരിച്ചതെങ്കിലും രണ്ടു വിഭാഗവും ആശ്രയിച്ചത് കൊട്ടാര ചരിത്രങ്ങളെയാണ്. ഇതിൽ തങ്ങൾക്കാവശ്യമുള്ളത് സ്വീകരിക്കുക, ഇഷ്ടമല്ലാത്തത് തള്ളുക എന്ന നയമാണ് ഇരു കൂട്ടരും പിന്തുടർന്നത്. രേഖകളെ ശാസ് ത്രീയമായി വ്യാഖ്യാനിക്കാൻ ആരും മുന്നോട്ടു വന്നില്ല. മുസ്ലിം ദേശീയ വാദികളുടേയും മിതവാദികളുടേയും വ്യാഖ്യാനങ്ങൾ വർത്തമാന സമൂഹത്തിന്ന് ഹാനിയൊന്നുമുണ്ടാക്കിയില്ല. എന്നാൽ ഹിന്ദു സാമുദായിക വ്യാഖ്യാനങ്ങൾ ദേശീയതക്ക് മാരകമായ വിള്ളലുണ്ടാക്കി. ന്യൂനപക്ഷ വിഭാഗമായ മുസ്ലിംകളിൽ ആശ ങ്ക വളർത്തി. സാമുദായിക വാദികൾ ദേശീയ പ്രസ്ഥാനത്തിൽ മേൽകൈ നേടിയപ്പോഴൊക്കെ മുസ്ലിം ആശങ്ക വർധിച്ചു. അവ സാനം അത് ഭാരതത്തിന്റെ വിഭജനത്തിൽ കലാശിച്ചു.

ചരിത്രത്തെ ഹിന്ദു മുസ്ലിം സംഘട്ടനങ്ങളുടെ കഥയായി അവതരിപ്പിച്ചത് ബ്രിട്ടീഷുകാരാണല്ലോ. ഹിന്ദുക്കളെ മർദ്ദിതരും മുസ്ലിംകളെ മർദ്ദകരുമായിട്ടാണ് ഇവർ അവതരിപ്പിച്ചത്. ഇത് സാമുദായിക വാദികൾക്ക് ഏറെ ഇഷ്ടപ്പെട്ട വ്യാഖ്യാനമായത്

കൊണ്ട് അതിന്റെ പ്രചാരണം അവർ തന്നെ ഏറ്റെടുത്തു. ശത്രുക്കളെ ഏത് വിധേനയും ജനമധ്യത്തിൽ താറടിച്ചു കാണിക്കുകയെന്ന ബ്രിട്ടീഷ് നയം സാമുദായിക വാദികളും പിന്തുടർന്നു. അങ്ങനെയാണ് ടിപ്പു സുൽത്താനും ഔറംഗസേബും, മുസ്‌ലിം ലീഗുമൊക്കെ വർഗീയതയുടെ പട്ടികയിൽ വരുന്നത്. മുസ്‌ലിം ലീഗിന്റെ ബ്രിട്ടീഷ് ഭക്തിയെ വിമർശിക്കുമ്പോൾ തന്നെ കോൺഗ്രസ് പാർട്ടിയുടെ ബ്രിട്ടീഷ് ബാന്ധവം മറച്ചു പിടിക്കുന്ന വിരോധാഭാസവും ഇവരുടെ സമീപനത്തിൽ കാണാം. മുസ്‌ലിം ലീഗിനോടുള്ള സമീപനത്തിൽ വർഗീയ വാദികളും ദേശീയ വാദികളും ഏതാണ്ട് ഒരേ തട്ടിലായിരുന്നു. ചരിത്രത്തിന്റെ ദുർവ്യാഖ്യാനം തന്നെയാണ് എല്ലാവരുടെയും രക്ഷക്കെത്തിയത്.

ഇന്ത്യൻ ദേശീയതയെ കുറിച്ച് നേതാക്കൾക്ക് വ്യക്തവും ശാസ്ത്രീയവുമായ കാഴ്ചപ്പാടെടുക്കാൻ കഴിയാതിരുന്നതാണ് വർഗീയത വളരാൻ കാരണമെന്ന് ബിപിൻ ചന്ദ്ര പറയുന്നു. ആദ്യകാല ദേശീയ നേതാക്കൾ ബ്രിട്ടീഷ് ഇന്ത്യൻ ചരിത്ര വ്യാഖ്യാനത്തിന്റെ പിൻബലത്തിൽ സാമുദായികതയെ ദേശീയതയുമായി കൂട്ടിക്കെട്ടി. അതോടെ മതത്തിന്റെ പ്രാധാന്യം ഒന്നുകൂടി വർധിച്ചു. ഹിന്ദു മതത്തിന്റെ ഭാഗം തന്നെയാണ് ദേശീയത എന്ന് ജനങ്ങളെക്കൊണ്ട് വിശ്വസിപ്പിക്കുകയും ചെയ്തു. ഈ നയമാണ് വർഗീയത വളർത്തിയത്. ഹിന്ദുക്കളെയും മുസ്‌ലിംകളെയും ദേശീയ ധാരയിലേക്ക് കൊണ്ടു വരാൻ ചരിത്രത്തിന്റെ സഹായത്തോടെ മിതവാദികളും മഹാത്മാഗാന്ധിയും ശ്രമിച്ചെങ്കിലും വേണ്ടത്ര വിജയിച്ചില്ല. സാമുദായികത ദേശീയതക്കെതിരാണെന്ന് നെഹ്റുവിനെപ്പോലുള്ള സോഷ്യലിസ്ററുകൾ പാടുപെട്ട് പറഞ്ഞെങ്കിലും പല ചോദ്യങ്ങൾക്കും അവർക്ക് ഉത്തരം പറയാൻ കഴിഞ്ഞില്ല. കാരണം സ്വന്തം പാർട്ടിയിലുള്ളവർ തന്നെ സാമുദായികതയെ കൂട്ടു പിടിച്ചാണ് ദേശീയത വളർത്തിയത്. മതത്തെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നത് ദേശീയതയുടെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്ന ഗാന്ധിയൻ സമീപനവും നെഹ്റു ഇഷ്ടപ്പെട്ടില്ല.

ദേശീയതയെ പുഷ്ടിപ്പെടുത്താൻ വേണ്ടി ചരിത്രത്തെ ഉപയോഗപ്പെടുത്തിയപ്പോഴും നമ്മുടെ ദേശീയ നേതാക്കൾക്ക് അബദ്ധം പിണഞ്ഞു. ഇന്ത്യ ഭരിക്കാൻ ഇന്ത്യക്കാർ പ്രാപ്തരല്ലെന്ന് ബ്രിട്ടീഷുകാർ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഇതിന് ക്രിയാത്മകമായി മറുപടി പറയാതെ പൗരാണിക ഇന്ത്യയുടെ മഹിമ പറഞ്ഞ് രക്ഷപ്പെടുകയാണ് നമ്മുടെ നേതാക്കൾ ചെയ്തത്.

മധ്യകാലഘട്ടത്തെപ്പറ്റി ഒരു മഹിമയും അവർക്ക് പറയാനുണ്ടായിരുന്നുമില്ല. മുസ്‌ലിംകളെ ദേശീയ ധാരയിൽ നിന്നകറ്റാൻ ഇത് പ്രധാന കാരണമായി. അതോടൊപ്പം കുറേ മിത്തുകളും ദേശീയതയിൽ സ്ഥാനം പിടിച്ചു. സാങ്കല്പിക നായകൻമാരും ദൈവങ്ങളും ദേശീയതയിൽ ചേക്കേറി. അങ്ങനെ മതേതരമായ ദേശീയത നമുക്ക് നഷ്ടമായി. പൗരാണിക കാലത്തെ സുവർണ്ണ യുഗമായി അവതരിപ്പിച്ചപ്പോൾ അതേ ആവേശത്തിൽ തന്നെ മധ്യകാലത്തെ അധോഗതിയുടെ കാലമായും മുദ്രകുത്തി. ഇവരുടെ ഭാഷയിൽ ബ്രിട്ടീഷു ഭരണ കാലത്താണ് ഇന്ത്യയിലേക്ക് വെളിച്ചം തിരിച്ചു വരുന്നത്. ഈ പശ്ചാത്തലത്തിലാണ് ബങ്കിം ചന്ദ്ര ചാറ്റർജി ആനന്ദ മഠം എന്ന നോവൽ രചിക്കുന്നത്. ഇതിൽ മുഗളൻമാരെ ശത്രുക്കളും ബ്രിട്ടീഷുകാരെ രക്ഷകരുമായാണ് ചിത്രീകരിച്ചിരിക്കുന്നത്. മുസ്‌ലിംകളുടെ വരവാണ് എല്ലാ ജീർണതക്കും കാരണമെന്നും ചാറ്റർജി കണ്ടുപിടിക്കുന്നു. മുസ്‌ലിം ബുദ്ധിജീവികളും വെറുതെയിരുന്നില്ല. ഭിന്നിച്ചു കിടന്ന ഇന്ത്യയെ ഒന്നാക്കിയതും ജാതിവ്യവസ്ഥയിൽ നിന്ന് ഇന്ത്യയെ മോചിപ്പിച്ചതും ഭാരതത്തിന്റെ യശസ്സുയർത്തിയതും മുസ്‌ലിം കാലഘട്ടമാണെന്ന് ഇവരും തെളിവുകൾ നിരത്തി സമർത്ഥിച്ചു. പൗരാണിക കാലത്തിന്റെ സുവർണ്ണത തമിഴകത്തെ ദേശീയ പാർട്ടികളും അംഗീകരിച്ചില്ല.

പൗരാണിക ഇന്ത്യ ഇന്ത്യയുടെ മാത്രം സുവർണ യുഗമല്ല; ലോകത്തിന്റെ മുഴുവൻ സുവർണ യുഗമാണെന്ന് വരേ നമ്മുടെ നേതാക്കൾ പറഞ്ഞ് കളഞ്ഞു. ഇന്ത്യയുടെ ആത്മീയത ഉത്തുംഗമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഇന്തോളജിസ്റ്റുകളുടെ പിന്തുണ കൂടി ഇതിന് ലഭിച്ചു. ഇന്ത്യയുടെ അതീന്ദ്രീയതയെ മറി കടക്കാൻ യൂറോപിന്റെ ഭൗതികതക്കാവില്ലെന്ന് അരോബിന്ദോ ഘോഷ് പ്രസ്താവിച്ചു. ഇന്ത്യയിലെ ജാതി വ്യവസ്ഥ പടിഞ്ഞാറൻ വർഗീകരണത്തേക്കാൾ ഉത്തമമാണ്; കാരണം പടിഞ്ഞാറിന്റേത് ഭൗതികതയെ അടിസ്ഥാനമാക്കിയുള്ളതാണ്. ജാതി വ്യവസ്ഥ ആത്മീയതയുടെ ഭാഗമാണ്! പാശ്ചാത്യൻ എഴുത്തുകാർ പലരും ഈ വാദങ്ങളെ പ്രോൽസാഹിപ്പിച്ചു; കാരണം ഇന്ത്യൻ ദേശീയതയെ മുസ്‌ലിംകൾക്കെതിരെ തിരിച്ച് വിടാൻ ഇതാവശ്യമായിരുന്നു. ഇന്ത്യക്കാർ അവരുടെ അധ്യാത്മികതയിലും പഴഞ്ചൻ വിശ്വാസങ്ങളിലും മുഴുകിയെങ്കിലേ തങ്ങൾക്ക് സുന്ദരമായി ഭരിക്കാൻ കഴിയൂ എന്നും ഈ സാമ്രാജ്യത്വ പക്ഷപാതികൾ മനസ്സിലാക്കിയിരിക്കണം.

ഇത് പോലെയാണ് ആര്യ വംശ മേധാവിത്തത്തിന്റെ കഥയും

ഇന്ത്യൻ സംസ്കാരത്തിന്റെ വിധാതാക്കൾ ആര്യൻമാരാണെന്ന വാദവും. ഇന്ത്യൻ സംസ്കാരം വേദ സംസ്കാരമാണ്; അത് കുറ്റമറ്റതാണെന്നുമൊക്കെ പ്രചരിപ്പിക്കപ്പെട്ടു. സ്വന്തം സംസ്കാരത്തിന്റെ ഗുണ ദോഷങ്ങൾ വിലയിരുത്താനൊന്നും ആരും തയാറായില്ല. ഈ സാംസ്കാരിക ധാർഷ്ട്യം ദേശീയതയെ യഥാവിധി പ്രതിഷ്ഠിക്കാൻ സമ്മതിച്ചില്ലെന്ന് മാത്രമല്ല; വർഗീയതയെ പ്രത്യക്ഷമായും പരോക്ഷമായും പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഈ മനോഭാവമാണ് അധഃസ്ഥിതരും മുസ്‌ലിംകളും ദേശീയ ധാരയിലേക്ക് വരുന്നതിന് ഭംഗമുണ്ടാക്കിയതും.

ദേശീയ ചരിത്രകാരൻമാരെന്നവകാശപ്പെട്ട പലർക്കും ദേശീയതയിലായിരുന്നില്ല താല്പര്യം; ആര്യ സംസ്കാരത്തെ വാഴ്ത്തുന്നതിലായിരുന്നു. ഇന്ത്യൻ ജനത നേരിടുന്ന പ്രശ്നങ്ങളൊന്നും അവർ പഠന വിധേയമാക്കിയില്ല. അന്ന് നടക്കുന്ന ദേശീയ സമരങ്ങളും അവർക്ക് വിഷയീഭവിച്ചില്ല. കാരണം അവരധികവും ബ്രിട്ടീഷ് ഭക്തൻമാരായിരുന്നു. പലരും ബ്രിട്ടീഷുദ്യോഗസ്ഥൻമാരും. ബ്രിട്ടീഷുകാർക്ക് വിരോധമുളവാക്കുന്ന ദേശീയതയെ കുറിച്ച് അവർക്ക് ചിന്തിക്കാനേ കഴിഞ്ഞില്ല. അതാണ് തങ്ങളുടെ കാലത്ത് നടന്ന ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളൊക്കെ ഈ ചരിത്രകാരൻമാർ കാണാതെ പോയത്. അവർക്ക് താല്പര്യം ആര്യൻ മേധാവിത്തം അരക്കിട്ടുറപ്പിക്കുന്നതിലും മുസ്‌ലിം വിദ്വേഷം പ്രചരിപ്പിക്കുന്നതിലുമായിരുന്നു. ഇത്തരം വിഭാഗീയതകളെ ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഹിന്ദുദേശീയതയുടെ വക്താവായി രംഗത്തു വന്ന ഗോൾവാൾകറും സഹയാത്രികരും മുസ്‌ലിംകളെ ഈ രാജ്യക്കാരായി തന്നെ അംഗീകരിക്കാൻ തയാറായില്ല.

ഈ ചരിത്രകാരൻമാരെയും നേതാക്കളേയും ഏങ്ങനെയാണ് യഥാർഥ ദേശീയവാദികളായി കണക്കാക്കുക? ഇന്ത്യാ വിഭജനത്തിന്റെ അടിവേരുകൾ ഇവരിലാണ് ചെന്നെത്തുന്നത്. സാമ്രാജ്യത്വത്തെ ചെറുക്കാൻ ഇവർക്ക് ധൈര്യമുണ്ടായില്ല. ഇവരുടെ ദേശീയത പൗരാണികതയെ വാഴ്ത്തുന്നതിലും മധ്യ കാലത്തെ താറടിക്കുന്നതിലും മാത്രം ഒതുങ്ങി. ബ്രിട്ടീഷ് ഭരണത്തിന്റെ ദുഷ്ടലാക്കോ, ചൂഷണമോ ഇന്ത്യാ വിരുദ്ധ നയങ്ങളോ ഒന്നും അവർക്ക് പ്രശ്നമായില്ല. 'മുസ്‌ലിം' ഭരണത്തിനെതിരെ രംഗത്ത് വന്ന രജപുത്രൻമാരും, മറാത്തകളും, ജാട്ടുകളുമൊക്കെയായിരുന്നു ഇവർക്ക് ദേശീയ നേതാക്കൻമാർ. ബ്രിട്ടീഷുകാർക്കെതിരെ പൊരുതി മരിച്ചവരെയൊന്നും അവർ ദേശീയ നേതാക്കൻമാരു

ടെ പട്ടികയിൽ പെടുത്തിയില്ല. ഇന്ത്യാ ചരിത്ര പഠനത്തെ വഴി തെറ്റിക്കുന്നതിൽ ഈ തല തിരിഞ്ഞ ചരിത്രകാരൻമാരുടെ പങ്ക് വളരെ വലുതാണ്.

ചരിത്രത്തിലെ എല്ലാപ്രശ്നങ്ങളെയും മതപരമായോ ജാതിപരമായോ മാത്രം വ്യാഖ്യാനിക്കുന്ന ഒരബദ്ധം കൂടി നമ്മുടെ ചരിത്രകാരൻമാർ ചെയ്തു. സാമ്പത്തികവും സാംസ്കാരികവുമായ പഠനങ്ങൾ നടത്തിയിരുന്നെങ്കിൽ മതപരമായ അതിർത്തിക്കപ്പുറമുള്ള വിശാല താല്പര്യങ്ങൾ കാണാൻ കഴിയും. മതത്തെ ആത്മീയോന്നതിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്ന ഒരു ന്യൂനപക്ഷം ഉണ്ടായിരുന്നു. അവർ പാവപ്പെട്ടവന്റെ കൂടെ നിൽക്കുകയും ചെയ്തു. ഭൂരിപക്ഷ-ന്യൂനപക്ഷ താല്പര്യങ്ങളെ, ഹിന്ദുവായാലും മുസ്ലിമായാലും മതത്തിന്റെ പേരിൽ വ്യാഖ്യാനിച്ചത് മതത്തിന്റെ അന്തസ്സത്തക്ക് ഭംഗമുണ്ടാക്കിയെന്ന് തീർച്ച. പാവപ്പെട്ട ഹിന്ദുക്കളും മുസ്ലിംകളും എന്നും മർദ്ദിതരായിരുന്നു. വർഗ മേധാവിത്തവുമായി വന്ന മുസ്ലിം ഭരണാധികളും വരേണ്യ വർഗക്കാരായ ഹിന്ദുക്കളും ഇവരെ അവഗണിച്ചു. പലപ്പോഴും പുണ്യവാളൻമാരാണ് ഈ വിഭാഗത്തിന്റെ സംരക്ഷണത്തിന് വന്നത്.

ഹിന്ദുവും മുസ്ലിമും പരസ്പരം കണ്ടുകൂടാത്ത രണ്ടു വിഭാഗങ്ങളായാണ് നില നിന്നത് എന്ന ചരിത്രം അസംബന്ധമാണ്. ജാതികൾ തമ്മിൽ കണ്ട് കൂടാത്ത അവസ്ഥ അന്നുണ്ടായിരുന്നു എന്നത് ശരിയാണ്. കാരണം ജാതികൾ തമ്മിൽ പരസ്പരം കൊള്ളക്കൊടുക്കലുണ്ടായിരുന്നില്ല. പക്ഷേ ഹിന്ദുവും മുസ്ലിമും തമ്മിൽ അങ്ങനെയല്ല. ഈ മതങ്ങൾ തമ്മിൽ സാംസ്കാരികമായ സമന്വയം ഏറ്റവും പ്രകടമായിരുന്നു. വിശ്വാസപരമായി പലരും ഇസ്ലാം സ്വീകരിച്ചെങ്കിലും പൊതു ജീവിതത്തിൽ തങ്ങളുടെ സഹോദര സമുദായവുമായി ഏറെ സാമ്യം പുലർത്തിയത് കാണാം. പഞ്ചാബീ മുസ്ലിമിന് ഏറ്റവും സാമ്യം പഞ്ചാബി ഹിന്ദുവിനോടാണല്ലോ. പഞ്ചാബി മുസ്ലിമിനേയും ബംഗാളി മുസ്ലിമിനേയും ഇങ്ങനെ സാംസ്കാരികമായി ബന്ധപ്പെടുത്താൻ ബുദ്ധിമുട്ടാകും. കേരള മുസ്ലിംകൾക്ക് യുപി മുസ്ലിംകളോടുള്ളതിനേക്കാൾ സാമ്യം കേരള ഹിന്ദുക്കളോടല്ലേ? കലാ സാംസ്കാരിക രംഗങ്ങളിൽ ഇരു സമുദായങ്ങളും തമ്മിലുള്ള സമന്വയം പ്രത്യേകം പറയേണ്ടല്ലോ? ഈ വസ്തുതകളൊക്കെ നമ്മുടെ മുമ്പിലുണ്ടായിരിക്കേ കൈയിൽ കിട്ടിയതൊക്കെ മതത്തിന്റെ പേരിൽ വ്യാഖ്യാനിക്കാൻ നമ്മുടെ ചരിത്രകാരൻ കഷ്ടപ്പെട്ടത് ബ്രിട്ടീഷുകാരന്റെ ലക്ഷ്യം

സാധിച്ചുകൊടുക്കാനും അതു വഴി സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കാനും വേണ്ടിയല്ലേ. ഇവർ ദേശീയതയെ സാമ്രാജ്യത്വത്തിന് കുരുതി കൊടുക്കുകയായിരുന്നു. ബ്രിട്ടീഷുകാരൻ ഇട്ടേച്ചുപോയ ഹിന്ദു മുസ്‌ലിം സ്പർദ്ധക്ക് സ്വതന്ത്ര ഇന്ത്യയിൽ വളമിട്ടു കൊടുത്തത് ഈ 'ദേശീയ' ചരിത്രകാരൻമാരാണ്. മുസ്‌ലിം ലീഗ് ദ്വിരാഷ്ട്ര വാദം കൊണ്ടു വന്നു എന്നു പറയുന്നവർ അവരെ ആ പരുവത്തിലെത്തിച്ചവർ തങ്ങൾ തന്നെയെന്ന് പറയുക കൂടി വേണം. ഈ ചരിത്രകാരൻമാരുടെ ഏകരാഷ്ട്ര സിദ്ധാന്തമാണ് മുസ്‌ലിം ലീഗിനെ അങ്ങനെ ഒരു നിലപാടെടുക്കാൻ പ്രേരിപ്പിച്ചത്. ഇവർക്ക് രാഷ്ട്രമെന്നാൽ ഹിന്ദു രാഷ്ട്രമാണ്. ഇന്ത്യൻ ജനത എന്നാൽ ഹിന്ദുക്കളാണ്. മുസ്‌ലിം ഭരണം വിദേശ ഭരണമാണ്; എന്തിന് മുസ്‌ലിംകൾ തന്നെ വിദേശികളാണ്.

പാരമ്പര്യത്തെ സ്നേഹിക്കുകയെന്നാൽ പഴയതിനെ അപ്പടി അംഗീകരിക്കലും പൂർവികരെ അതേ പടി പിന്തുടരലുമാണെന്ന് നാം വിശ്വസിച്ചു പോയിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ പല സാമൂഹിക മത പരിഷ്കരണ പ്രസ്ഥാനങ്ങളും ഇന്ത്യയിലുടലെടുത്തു. അതൊരു പരിവർത്തനകാലഘട്ടമായിരുന്നു, പഴയതിനെ അപ്പടി നിരാകരിക്കാനും പുതിയതിനെ അപ്പടി സ്വീകരിക്കാനും വയ്യാത്ത അവസ്ഥയിൽ നമ്മുടെ പരിഷ്കർത്താക്കൾ ഒരു സമന്വയ നയം സ്വീകരിച്ചു. പഴയതിനും പുതിയതിനും പുതിയ വ്യാഖ്യാനങ്ങൾ നൽകി. ഇവരുടെ സമീപനത്തിലും വ്യാഖ്യാനത്തിലും പോരായ്മകളും അബദ്ധങ്ങളും ഉണ്ടായേക്കാം. എന്നാലും അതൊരു നല്ല കാൽവയ്പായിരുന്നു. അവ പഠന വിധേയമാക്കുകയും നല്ലത് തിരഞ്ഞെടുക്കുകയും അപൂർണ്ണമായത് പൂർണ്ണമാക്കുകയും ചെയ്യുമ്പോഴേ ആ പരിഷ്കർത്താക്കളോട് നാം വിധേയത്വം ഉള്ളവരാകുന്നുള്ളൂ. കാരണം പരിവർത്തനം ഒരു പുരുഷായുസ്സു കൊണ്ട് പൂർത്തിയായിക്കൊള്ളണമെന്നില്ല. പൂർത്തിയാക്കേണ്ടത് വരും തലമുറയാണ്. പക്ഷേ നമ്മളെന്താണ് ചെയ്തത്? പരിഷ്കർത്താക്കളുടെ സംഭാവനയെ നാം മാറ്റമില്ലാതെ സ്വീകരിച്ചു. അവരുടെ പോരായ്മകളും അബദ്ധങ്ങളും അപ്പടി പിന്തുടർന്നു. മതത്തേയും ദേശീയതയേയും കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകൾ പൂർണ്ണമായി ശരി വച്ചു കൊടുത്തു.

മതത്തേയും ദേശീയതയേയും കൂട്ടിക്കുഴച്ചപ്പോൾ പലപ്പോഴും ചേരുവ ശരിയാകാതെ വന്നു. അതാണ് പരിഷ്കർത്താക്കൾ വിവിധ തട്ടിലായി തീർന്നത്. ഇവരുടെ തെറ്റു തിരുത്താൻ ആരും

മുന്നോട്ടു വന്നതുമില്ല. ഇത് വർഗീയതക്ക് ഏറെ വളം വച്ചു. ഒരു മുസ്‌ലിം വിരുദ്ധ സമീപനം ദയാനന്ദ സരസ്വതി, ബങ്കിം ചന്ദ്ര ചാറ്റർജി, ബാല ഗംഗാധര തിലക് എന്നിവരിൽ പ്രകടമായിരുന്നു. ദേശീയ പ്രസ്ഥാനത്തിന് നായകരെ സൃഷ്ടിക്കുന്നതിലും നമ്മുടെ ദേശീയ നേതാക്കളും സാഹിത്യകാരൻമാരും തികഞ്ഞ മുസ്‌ലിം വിരുദ്ധ സമീപനമാണ് സ്വീകരിച്ചത്. യൂറോപ്യൻമാർ വന്നേടം മുതൽ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾ തുടങ്ങിയിട്ടുണ്ടല്ലോ?. നിരവധി പേർ രക്ത സാക്ഷിത്വം വരിക്കുകയും ചെയതു. സയ്യിദ് അഹ്മദ് ശഹീദ്, ടിപ്പു സുൽത്താൻ, ബഹാദൂർ ഷാ, ഝാൻസി റാണി, നാനാ സാഹിബ്, അഹ്മദുല്ലാ ഷാ, സയ്യിദ് അഹ്മദ് ഷഹീദ്, ശരീഅത്തുല്ലാ, കുൺവർ സിങ്ങ്, ഖുദി റാം ബോസ് തുടങ്ങി എത്ര സ്വാതന്ത്ര്യ സമര നായകൻമാരുണ്ട്. ഇവരൊക്കെ ബ്രിട്ടീഷുകാരോട് പൊരുതിയവരാണ്. എന്നാൽ നമ്മുടെ  ആദ്യ കാല ദേശീയ നേതാക്കൾ പലരും ബ്രിട്ടീഷു ഭക്തൻമാരായിരുന്നതിനാൽ ബ്രിട്ടീഷ് ശത്രുത ഭയന്ന് ഈ നായകരെയൊക്കെ അവഗണിച്ചു. ഹിന്ദുത്വം തലയിലേറ്റിയവർക്കാവട്ടെ ഈ നായകരെയൊന്നും അത്രക്കങ്ങ് പിടിച്ചില്ല, പല നായകരും മുസ്‌ലിംകളായിപ്പോവുകയും ചെയ്തു. ഹിന്ദു നായകൻമാരാവട്ടെ മുസ്‌ലിംകളുമായി സൗഹൃദം പുലർത്തി എന്ന കുറ്റം ചെയ്യുകയും ചെയ്തു. അതാണ് മുഗളൻമാരോട് യുദ്ധം ചെയ്തവരെ നമ്മുടെ നേതാക്കൾ കയറിപ്പിടിച്ചത്. പൃഥ്വീ രാജും, റാണാ പ്രതാപനും, ശിവാജിയും ഗുരു ഗോബിന്ദ് സിങ്ങുമൊക്കെ  നായകൻമാരാകുന്നത് അങ്ങനെയാണ്. ദേശീയതക്ക് ഒരു മുസ്‌ലിം വിരുദ്ധ പശ്ചാതലം സൃഷ്ടിക്കണമെന്ന ലക്ഷ്യവും നമ്മുടെ കപട ദേശീയ നേതാക്കൾക്കുണ്ടായിരുന്നു. ബങ്കിം ചന്ദ്ര ചാറ്റർജി എഴുതിയ 'ആനന്ദ മഠം' നോവലും അതിലെ 'വന്ദേ മാതര'വും ഇവർക്ക് ഇഷ്ടപ്പെട്ടത് അത് കൊണ്ടാണ്. നോവൽ ഒരുവുരു വായിക്കുമ്പോഴേക്കും ദേശീയ നോവലിസ്ററായി വാഴ്ത്തപ്പെടുന്ന ബങ്കിം ചന്ദ്ര എത്ര മാത്രം വർഗീയ വാദിയാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. റാണാപ്രതാപനും ശിവാജിയുമൊക്കെ നായകൻമാരാണെങ്കിൽ എന്ത് കൊണ്ട് അക്ബറും ടിപ്പുവും അങ്ങനെയാവുന്നില്ല. ജാതിയും മതവും നോക്കി നായകൻമാരെ തീരുമാനിക്കാൻ ഈ കപടദേശീയക്കാർക്ക് വഴിയൊരുക്കിയത് ദേശീയതയല്ല; വർഗീയതയാണ്. ഇന്ത്യയുടെ സുവർണ്ണ കാലത്ത് ജീവിച്ച അശോകനും ഹർഷനും ചന്ദ്രഗുപ്തനും ഒന്നും ദേശീയ നേതാക്കളാകാതിരു

ന്നത് എന്ത് കൊണ്ടാണ്? ഉത്തരം ലളിതം. ഇവരുടെ കാലത്ത് മുസ്‌ലിം സമുദായം ഉണ്ടായിരുന്നില്ല. അതിനാൽ ഇവരെ വച്ച് മുസ്‌ലിം വിരുദ്ധ വർഗീയത കളിക്കാനുമാവില്ല.

1857ലെ കലാപം സ്വാതന്ത്ര്യ സമരമാണെന്ന് ആരും സമ്മതിക്കുമല്ലോ? പക്ഷേ ബ്രിട്ടീഷു ഭരണ കാലത്ത് ഇങ്ങനെ പറയാൻ പലരും ധൈര്യം കാണിച്ചില്ല, കലാപത്തെ വാഴ്ത്തുന്നവരെ അറസ്റ്റ് ചെയ്യാൻ സർക്കാർ ഉത്തരവിട്ടിരുന്നു. വിദ്യാലയങ്ങളും പത്രങ്ങളുമൊക്കെ ഏറെക്കുറെ സർക്കാറിനെ ആശ്രയിച്ചാണല്ലോ നിലനിന്നിരുന്നത്. അതിനാൽ പാഠപുസ്തകങ്ങളിലും പത്രങ്ങളിലും ആദ്യഘട്ടത്തിൽ ബ്രിട്ടീഷു വിരോധം കാണുമായിരുന്നില്ല. ഭിന്നിപ്പിച്ചു ഭരിക്കലിന് സഹായകമാകുന്ന ദേശീയതയാണ് ബ്രിട്ടീഷുകാരും ഇഷ്ടപ്പെട്ടത്.

ഇനി പറയണം, ആരാണ് ഈ രാജ്യത്ത് വർഗീയ കാർഡ് കളിക്കുന്നത്? തങ്ങൾ കാത്തു സൂക്ഷിച്ച വ്യക്തിത്വവും സംസ്കാരവും അവഗണിക്കപ്പെടുകയും തങ്ങളുടെ നായകൻമാർ അനാദരിക്കപ്പെടുകയും ചെയ്യുന്ന ഒരു ദേശീയ സമൂഹത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഏകമാർഗം സ്വന്തമായ ഒരു സ്റ്റേറ്റ് രൂപീകരിക്കലാണെന്ന് ഒരു വിഭാഗം മുസ്‌ലിംകൾക്ക് തോന്നിപ്പോയെങ്കിൽ അതിനവരെ മാത്രം കുററപ്പെടുത്തിയിട്ട് കാര്യമുണ്ടോ?

●

# നാല്
# മാർക്സിയൻ വ്യാഖ്യാനത്തിലേക്ക്

വിഭജനത്തിന് ശേഷം ചരിത്ര പഠനരംഗത്ത് സാമുദായികമായ ചേരിതിരിവുകൾ പ്രകടമായി വന്നപ്പോൾ ഇന്ത്യൻ ദേശീയ ചരിത്രകാരൻമാർ ഹിന്ദു വർഗീയതയേയും പാകിസ്താനി ചരിത്രകാരൻമാർ മുസ്ലിം വർഗീയതയേയും ഔദ്യോഗികമായി തന്നെ താലോലിക്കാൻ തുടങ്ങി. വിഭജനം ബ്രിട്ടീഷ് ഭരണത്തെത്തുടർന്നുണ്ടായ ഒരനിവാര്യതയാണെന്ന് എല്ലാരും സമ്മതിച്ചേക്കും. പക്ഷേ അതിന്റെ വേരുകളെ ബ്രിട്ടീഷ് ഭരണത്തിനപ്പുറത്തേക്ക് കൊണ്ടു പോവുകയും പാകിസ്ഥാന്റെ വേര് സിന്ധിൽ മുഹമ്മദ് ബിൻ കാസിം വന്ന എട്ടാം നൂററാണ്ടിലേക്ക് വലിച്ചു കൊണ്ടു പോവുകയും ചെയ്യുന്ന നിലപാടാണ് പാകിസ്താൻ ചരിത്രകാരൻമാർ ചെയ്തത്. പാകിസ്താൻ പണ്ഡിതൻ ഇശ്തിയാഖ് ഹുസൈൻ ഖുറൈശിയാണ് ഈ പുതിയ വ്യാഖ്യാനത്തിന് തുടക്കം കുറിച്ചത്. പാക്കിസ്ഥാൻ ചരിത്രകാരൻമാർ മിക്കവരും ഈ വ്യാഖ്യാനം പിന്തുടരുകയും ചെയ്തു.

ഇന്ത്യയിലെ ദേശീയ ചരിത്രകാരൻമാർ മററൊരു നിലപാടാണ് സ്വീകരിച്ചത്. ഇവരെ സംബന്ധിച്ചേടത്തോളം ഇന്ത്യയിൽ വിദേശ ഭരണം തുടങ്ങുന്നത് തുർക്കികളുടെ വരവോടെയാണ്. അന്നു തുടങ്ങിയതാണ് ഇന്ത്യയുടെ ഇരുണ്ട കാലം. ഇക്കാലത്ത് മ്ലേഛൻമാരായ മുസ്ലിംകളാണ് ഇന്ത്യ ഭരിച്ചത്. ഇവരെ തുടർന്ന് വന്ന ബ്രിട്ടീഷുകാർ കൂടുതൽ നല്ലവരും സംസ്കാര സമ്പന്നരുമായിരുന്നു. ബ്രിട്ടീഷുകാരോടുള്ള എതിർപ്പ് മുസ്ലിംകളിൽ നിന്നല്ല; ഹിന്ദുക്കളിൽ നിന്നാണ് ശക്തിപ്പെട്ടത്. 1857ലെ കലാപം പോലും ഹിന്ദുക്കളുടെ വകയായിരുന്നു. മുസ്ലിംകൾക്ക് ആനുകൂല്യങ്ങൾ കൊടുത്തു കൊണ്ട് ഗാന്ധിജി സ്വാതന്ത്ര്യ പ്രസ്ഥാനത്തെ

തന്നെ വികലമാക്കി. ഇങ്ങനെയൊരു വ്യാഖ്യാനത്തിന് തുടക്കം കുറിച്ചത് ദേശീയ ചരിത്രകാരനായി നാം വാഴ്ത്തുന്ന ആർ. സി. മജുംദാർ ആണ്. ഭാരത സർക്കാറിന്റെ സാമ്പത്തിക സഹായത്തോടെ നിരവധി വാള്യങ്ങളിലായി പ്രസിദ്ധീകരിച്ച ഹിസ്ററി ആന്റ് കൾച്ചർ ഓഫ് ദി ഇന്ത്യൻ പീപ്പ്ൾ എന്ന കൃതിയിലൂടെ ഈ വ്യാഖ്യാനത്തിന് ഔദ്യോഗിക അംഗീകാരം ലഭിക്കുകയും ചെയ്തു. ആർ.സി മജുംദാർ ആണ് ഇതിന്റെ ജനറൽ എഡിറ്റർ. അന്നത്തെ കേന്ദ്രമന്ത്രി കെ.എം മുൻഷിയുടെ സഹായവും ഈ ഗ്രന്ഥ പരമ്പരക്കുണ്ട്. ആദ്യ വാള്യം പുറത്തിറങ്ങിയ ഉടനെ ശാസ്ത്രീയ ചരിത്രകാരൻ ഡി ഡി. കൊസാംബി അതിനെ വിമർശിച്ച് കൊണ്ട് ചോദിച്ചു: 'ഇസ്‌ലാമിനെ ഇങ്ങനെ വൈദേശികമായി അവതരിപ്പിച്ചാൽ ഗ്രന്ഥത്തിന്റെ എഡിററർമാർക്ക് അവരുടെ സ്ഥാനപ്പേരിനെ ചൊല്ലി തന്നെ ബേജാറാകേണ്ടി വരില്ലേ? (See Irfan Habib, History and Interpretation, Communalism and Problem of Historiography in India, www.sacw .net); കാരണം മുൻഷി, മജുംദാർ എന്നീ പേരുകൾ മുസ്‌ലിം ഭരണ കാലത്തെ ഉദ്യോഗപ്പേരുകളാണ്. വേദങ്ങളെയും ഉപനിഷത്തുകളെയും അപ്പടി അംഗീകരിച്ച് കൊണ്ട് മിത്തോളജിയെ ചരിത്രമാക്കുന്ന രചനയാണ് വിദ്യാഭവൻ വാള്യങ്ങൾ.

ബുദ്ധ മതത്തിന്റെയോ ജൈന മതത്തിന്റെയോ കുഷാനൻമാരുടെയോ എന്തിന് രജപുത്രൻമാരുടെ തന്നെ സംഭാവനകളെ ചെറുതാക്കി ബ്രാഹ്മണ ഭരണമായ ഗുപ്ത കാഘട്ടത്തെ സുവർണ കാലഘട്ടമായി ചിത്രീകരിക്കുകയാണ് വിദ്യാഭവൻ സീരീസുകാർ ചെയ്തിരിക്കുന്നത്. ഈ പട്ടികയിൽ തന്നെയാണ് ദേശീയ ചരിത്രകാരൻമാരായി വാഴ്ത്തപ്പെടുന്ന ജദുനാഥ് സർക്കാറും എ.എൽ ശ്രിവാസ്തവയുമെല്ലാം.

മജുംദാർ ഇന്ത്യാ ചരിത്രത്തെ കുറിച്ച് നിരവധി കൃതികൾ പ്രസിദ്ധീകരിച്ചു. എല്ലാററിലും മേൽ നിലപാട് തന്നെയാണ് സ്വീകരിച്ചത്. പിന്നീട് വന്ന ദേശീയ ചരിത്രകാരൻമാരധികവും ഈ നിലപാടിന്റെ തന്നെ പ്രയോക്താക്കളായി. ദേശീയതകളെ സാമുദായികമായി നിർവചിക്കാനുള്ള തെററായ പ്രവണതയാണ് വർഗീയമായ വ്യാഖ്യാനങ്ങൾക്ക് വഴി വച്ചത്. ഇന്ത്യയിലേയും പാകിസ്താനിലേയും സർക്കാറുകൾ ഈ പ്രവണതകളെ ഔദ്യോഗികമായി തന്നെ സഹായിക്കുകയും ചെയ്തു. രണ്ടു രാജ്യങ്ങളുടേയും ചരിത്രങ്ങൾ വായിക്കുമ്പോൾ സംഭവങ്ങളെ വള

ച്ചൊടിക്കുന്നത് നമുക്ക് നന്നായി ബോധ്യപ്പെടും. പാകിസ്താൻ ചരിത്രകാരന്റെ നായകൻമാർ ഇന്ത്യൻ ചരിത്രകാരന് വില്ലനാണ്. മറിച്ചും അങ്ങനെ തന്നെ.

ഇന്ത്യൻ ദേശീയ ചരിത്രകാരൻമാരിൽ തന്നെ നല്ലൊരു വിഭാഗമാളുകൾ മജുംദാറിന്റേയും കമ്പനിയുടേയും സാമുദായിക വ്യാഖ്യാനങ്ങളെ ചോദ്യം ചെയ്ത് രംഗത്തു വന്നു. മുസ്ലിം കാലഘട്ടത്തെ സൗഹൃദത്തിന്റെയും സമന്വയത്തിന്റെയും കാലഘട്ടമായാണ് ഇവർ അവതരിപ്പിച്ചത്. അലഹബാദ്, അലീഗഡ് ചരിത്രകാരൻമാരാണ് ഇതിന്റെ നേതൃനിരയിൽ വന്നത്. താരാചന്ദ്, ആർ.പി ത്രിപാഠി, മുഹമ്മദ് ഹബീബ്, കെ.എ. നിസാമി എന്നിവരുടെ പേരുകൾ ഇവിടെ പ്രത്യേകം പരാമർശിക്കുകയാണ്. 1920 കളിൽ പുറത്തു വന്ന *താരാ ചന്ദിന്റെ ഇൻഫ്ളുവൻസ് ഓഫ് ഇസ്ലാം ഓൺ ഇന്ത്യൻ കൾച്ചർ, മുഹമ്മദ് ഹബീബിന്റെ സുൽതാൻ മഹ്മൂദ് ഓഫ് ഗസ്നി* എന്നീ പ്രബന്ധങ്ങൾ ചരിത്ര പഠനത്തിൽ പരിവർത്തനങ്ങളുണ്ടാക്കി. ബ്രിട്ടീഷ് ഭരണം ഇന്ത്യക്ക് നേട്ടങ്ങളുണ്ടാക്കി എന്ന് സമർഥിച്ച് കൊണ്ട് ഡബ്ള്യൂ, എച്ച് മോർലാന്റ് എഴുതിയ കൃതിയെ വെല്ലു വിളിച്ച് കൊണ്ട് ബ്രിജ് നാരായൺ, രാധാ കമൽ മുഖർജി എന്നിവരെഴുതിയ പഠനങ്ങൾ മുസ്ലിം ഭരണ കാലത്തെ പുരോഗതിയുടെ കാലമാക്കി.

തൊള്ളായിരത്തി അമ്പതുകളോടെയാണ് മാർക്സിയൻ കാഴ്ചപ്പാടുകളിൽ ഇന്ത്യാ ചരിത്രത്തെ വിലയിരുത്താനുള്ള ശ്രമം ഇന്ത്യൻ ചരിത്രകാരൻമാർ തുടങ്ങിയത്. ചരിത്രത്തോടുള്ള സമീപനത്തിൽ ഇത് മാററങ്ങളുണ്ടാക്കി. ശാസ്ത്രീയ ചരിത്രകാരൻമാർ എന്നാണ് ഈ വിഭാഗം അറിയപ്പെട്ടത്. *ഇൻട്രൊഡക്ഷൻ ററു ദി സ്ററഡി ഓഫ് ഹിസ്ററി* എന്ന ഗ്രന്ഥത്തിൽ ഡി. ഡി. കൊസാംബി മധ്യ കാലഘട്ടത്തിന് സാമ്പത്തികമായ വ്യാഖ്യാനം നല്കി. മുസ്ലിം ഭരണകാലത്ത് ഒരു പ്രത്യേക രീതിയിലുള്ള ഫ്യൂഡലിസമാണ് ഇന്ത്യയിൽ നില നിന്നിരുന്നതെന്ന് അദ്ദേഹം സമർഥിച്ചു. സുൽത്താൻമാരിലൂടെ ഇന്ത്യയിലെത്തിയ ഈ ഫ്യൂഡലിസത്തെ 'മുകളിൽ നിന്നുള്ള ഫ്യൂഡലിസം' (Feudalism from Above) എന്നാണ് കൊസാംബി വിളിച്ചത്. ഇസ്ലാമിന്റെ വരവിനെ കേവലം ഒരു മതത്തിന്റെ വരവായി മാത്രമല്ല അദ്ദേഹം കണ്ടത്. മുസ്ലിംകൾ വന്നതിന് ശേഷമുള്ള സാമ്പത്തിക മാററങ്ങൾ അദ്ദേഹം വിലയിരുത്തി. കാർഷികവ്യവസായ രംഗത്ത് തുർക്കികൾ കൊണ്ടു വന്ന സാങ്കേതിക പരിവർത്തനങ്ങൾ പ

ഠന വിധേയമാക്കി. കൊസാംബിയെ തുടർന്ന് പ്രൊഫ.മുഹമ്മദ് ഹബീബ് പതിമൂന്നാം നൂററാണ്ടിലെ ഗോറി, തുർക്കി അധിനിവേശത്തിന് സാമ്പത്തികമായ വ്യാഖ്യാനം നല്കി. ചരിത്രത്തെ സാമുദായികമായും ദേശീയമായും വിലയിരുത്തുന്ന പതിവ് സമ്പ്രദായത്തിൽ നിന്നുള്ള ഈ മാററം ചരിത്ര പഠനത്തിന്ന് പുതിയ ദിശാബോധമുണ്ടാക്കി.

മധ്യകാല ഫ്യൂഡലിസത്തെ ഇന്ത്യയിൽ ഫിററ് ചെയ്യുന്നതിൽ ചരിത്രകാരൻമാർക്കിടയിൽ നില നിന്നിരുന്ന സംശയങ്ങൾക്കറുതി വരുത്തിയത് അർ. എസ്. ശർമയാണ്. അദ്ദേഹം 1965ൽ എഴുതിയ ഇന്ത്യൻ ഫ്യൂഡലിസം എന്ന കൃതിയിൽ തുർക്കി ഭരണത്തിന് തൊട്ടു മുമ്പുള്ള കാലമാണ് പഠന വിധേയമാക്കിയത്. കർഷകരിൽ നിന്ന് നികുതിയിലൂടെയും വാടകയിലൂടെയും നിർബന്ധമായി പിരിക്കുന്ന 'മിച്ചം' (Surplus) വഴി എങ്ങനെയാണ് ക്ഷത്രിയ രാജാക്കൻമാരും ഭൂപ്രഭുക്കൻമാരും കർഷകരെ ചൂഷണം ചെയ്തിരുന്നത് എന്ന് വരച്ചു കാണിക്കുന്ന ശർമ തുർക്കി കാലഘട്ടത്തിൽ ഈ ചൂഷണം കുറവായിരുന്നെന്നും കർഷകരും കൈതൊഴിലാളികളും താരതമ്യേന സ്വതന്ത്രരായിരുന്നെന്നും തെളിയിക്കുന്നു.

മാർക്സിയൻ കാഴ്ചപ്പാട് പിന്തുടർന്ന ചരിത്രകാരൻമാരുടെ ഒരു പട തന്നെ തൊള്ളായിരത്തി അറുപതുകളോടെ രംഗത്ത് വന്നു. സതീഷ് ചന്ദ്ര 1959ൽ മുഗൾ രാഷ്ട്രീയ സാമൂഹിക ചരിത്രത്തെ സാമ്പത്തികമായി വിലയിരുത്തി. 1963ൽ ഇർഫാൻ ഹബീബിന്റെ മുഗൾ അഗ്രേറിയൻ സിസ്ററം എന്ന കൃതി മുഗൾ സാമ്രാജ്യത്തിലെ ജൻമിമാരെയും ഭരണ വൃന്ദത്തേയും പരിചയപ്പെടുത്തി. എങ്ങനെയാണ് കാർഷിക പ്രശ്നങ്ങൾ മുഗൾ ഭരണത്തെ തകർത്തതെന്നും വരച്ചുകാട്ടി. *ഇഖ്തിദാർ ആലം, ഷിറീൻ മൂസ്‌വി എന്നിവർ അബുൽ ഫസലിന്റെ അയ്നീ അക്ബരിയെ* പുനർ പഠനത്തിന് വിധേയമാക്കി മുഗൾ ഭരണത്തിന്റെ സാമ്പത്തിക ചരിത്രം വിപുലമാക്കി. മുഗൾ ഭരണത്തിൽ കാർഷിക പ്രതിസന്ധികളുണ്ടായിരുന്നില്ലെന്ന് വാദിച്ച എം.അത്തർ അലി മുഗൾ രാഷ്ട്രീയവും മുഗൾ പ്രഭുക്കളുടെ മതപരവും വർഗപരവുമായ ഘടകങ്ങളും വിലയിരുത്തി.

## മാർക്സിയൻ കാഴ്ചപ്പാടുകൾ

മുതലാളിത്തത്തെ തകർത്ത് സോഷ്യലിസം സ്ഥാപിക്കുന്ന

തിനു വേണ്ടിയുള്ള തൊഴിലാളി വിപ്ലവങ്ങളെ കേന്ദ്രീകരിച്ചാണ് മാർക്സിയൻ ചരിത്ര വ്യാഖ്യാനം കുടി കൊള്ളുന്നത്. ഇംഗ്ലണ്ടിൽ അന്ന് നിലവിലുള്ള ഈ പ്രതിഭാസം ലോകത്ത് മുഴുവൻ സമാന സ്വഭാവത്തിൽ നിലനിൽക്കുന്നുവെന്ന് വിശ്വസിച്ച മാർക്സ് ലോകത്തെങ്ങുമുള്ള തൊഴിലാളി സമൂഹങ്ങളെ കുറിച്ച് പഠിക്കാൻ ശ്രമിച്ചു. മുതലാളിത്തത്തിന് മുമ്പുള്ള സാമൂഹിക വ്യവസ്ഥിതികൾ മുതലാളിത്തത്തിന്റെ വരവ് എങ്ങനെ സുഗമമാക്കി എന്നും അദ്ദേഹം താല്പര്യ പൂർവം പഠനവിധേയമാക്കി. ഏഷ്യയിൽ ഇന്ത്യയിലേയും ചൈനയിലേയും സമൂഹങ്ങളേയാണ് മാർക്സ് മാതൃകയാക്കിയത്. യൂറോപ്യൻ ചരിത്രകാരൻമാരുടെ ലേഖനങ്ങളേയും ഈസ്ററിന്ത്യാ കമ്പനി രേഖകളേയും ആസ്പദമാക്കിയാണ് മാർക്സ് ഇന്ത്യൻ സമൂഹത്തെ വിലയിരുത്തിയത്. രേഖകളുടെ അഭാവത്തിൽ സമഗ്രമായ ഒരു വിലയിരുത്തലിന് അദ്ദേഹത്തിന് സാധിച്ചില്ല. മറിച്ച് മാർക്സിയൻ വ്യാഖ്യാനത്തിനുള്ള സാധ്യതകളെ ചരിത്രകാരൻമാരുടെ മുമ്പിൽ തുറന്നു കൊടുക്കുകയാണദ്ദേഹം ചെയ്തത്. തന്റെ വ്യാഖ്യാനം കുററമററതാണെന്ന് ഒരിക്കലും അദ്ദേഹം അവകാശപ്പെട്ടില്ല. പക്ഷേ മാർക്സിനെ അന്ധമായി അനുകരിക്കുന്ന ഔദ്യോഗിക മാർക്സിസ്ററുകൾ ഇന്ത്യയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളത്രയും അന്ധമായി അനുകരിക്കുന്നു.

ഇന്ത്യൻ സമൂഹങ്ങൾ യൂറോപ്യരുടേതിൽ നിന്ന് ഭിന്നമാണ്. മാർക്സ് ചരിത്രം വരക്കുന്നത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വർഗ സംഘട്ടനങ്ങളെ ആസ്പദിച്ചാണ്. യൂറോപ്പിൽ ഈ സംഘട്ടനം പ്രകടമായിരുന്നു. അടിമയും ഉടമയും തമ്മിൽ, പ്ലെബിയൻസും പാട്രീഷ്യൻസും തമ്മിൽ, ഫ്യൂഡൽ പ്രഭുവും അടിയാളരും തമ്മിൽ മുതലാളിമാരും തൊഴിലാളികളും തമ്മിൽ വർഗ സംഘട്ടനങ്ങളാണ് ചരിത്രമുണ്ടാക്കുന്നത്. ജാതീയത ശക്തമായിരുന്ന ഇന്ത്യയിൽ ഇത്തരം സംഘട്ടനം പ്രകടമായിരുന്നില്ല. ഇതിനർഥം ഇവിടെ വർഗങ്ങൾ(class) നിലനിന്നിരുന്നില്ല എന്നല്ല. വർഗമുണ്ടായിരുന്നെങ്കിലും വർഗ ബോധ (class consciousness) മുണ്ടായിരുന്നില്ല. അത് കൊണ്ട് സംഘട്ടനങ്ങളുമുണ്ടായില്ല. ഈ വീക്ഷണത്തിലാണ് ഇന്ത്യക്ക് ചരിത്രമില്ല എന്ന് മാർക്സ് പറഞ്ഞത്. ഇവിടെ സാമ്രാജ്യങ്ങളും ചക്രവർത്തിമാരും, പടയോട്ടങ്ങളുമൊക്കെ ഉണ്ടായിരുന്നു. അതൊന്നും പരിവർത്തനത്തിന് പ്രാപ്തരും പര്യാപ്തരുമായ സമൂഹങ്ങളെ സൃഷ്ടിച്ചില്ല. നിശ്ച

ലാവസ്ഥയിലുള്ള ഒരു സമൂഹത്തിൽ നിന്ന് എങ്ങനെയാണ് ചരിത്രമുണ്ടാവുക? ഇപ്രകാരമാണ് മാർക്സ് തന്റെ വിഖ്യാതമായ 'ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ' എന്ന പ്രബന്ധത്തിൽ സമർഥിക്കുന്നത്. ഇന്ത്യയിലെ സാമൂഹിക വ്യവസ്ഥ ഗ്രാമീണ സമൂഹങ്ങളെ ദുർബലരാക്കി. അത് മനുഷ്യ മനസ്സുകളെ ഏററവും ചുരുങ്ങിയ വൃത്തത്തിന്നകത്താക്കി. അന്ധവിശ്വാസത്തിന്റെ ആയുധമാക്കി. പാരമ്പര്യ നിയമങ്ങളിലൂടെ സമൂഹത്തെ അടിമപ്പെടുത്തി. അതോടെ ചരിത്രപരമായ ഊർജ്ജവും പ്രൗഢിയും സമൂഹത്തിന് നഷ്ടമായി. പൗരാണിക കാലം മുതൽ പത്തൊമ്പതാം നൂററാണ്ടിന്റെ ആദ്യ ദശകം വരെ മാററത്തിന് വിധേയമാകാത്ത സാമൂഹിക വ്യവസ്ഥിതിയാണ് ഇവിടെ നില നിന്നത്. ഇംഗ്ലീഷുകാരുടെ വരവോടെയാണ് വ്യവസ്ഥിതിയിൽ മാററമുണ്ടാകുന്നത്. അതോടെ സാമൂഹിക വ്യവസ്ഥിതിയുടെ അടിസ്ഥാനം തന്നെ മാറി. ഏഷ്യയിലെങ്ങും കേൾക്കാത്ത ഒരു സാമൂഹിക വിപ്ലവം തന്നെ സംജാതമായി. കുരങ്ങിന്റേയും, ഹനുമാന്റേയും പശുവിന്റേയും മുമ്പിൽ കുമ്പിടുന്ന ഹിന്ദു സമൂഹത്തിന്റെ അധഃപതനവും മാർക്സ് വിവരിക്കുന്നു [Marx and Engels, 'The British Rule in India', Selected works, Vol.I.,Progress Publishers ,Moscow,1977].

ഇന്ത്യൻ സമൂഹങ്ങൾക്ക് പ്രത്യേകമായ ചില സ്വഭാവ വിശേഷങ്ങളുണ്ട്. ഇവിടത്തെ ജാതി വ്യവസ്ഥ, ഗോത്ര സമൂഹങ്ങൾ, മത വിശ്വാസങ്ങൾ, ഭാഷാ ഭിന്നതകൾ, കുടുംബ വ്യവസ്ഥകൾ, ഗ്രാമീണ സമൂഹങ്ങൾ എന്നിവക്കൊന്നും ഒരു ഏകീകൃത സ്വഭാവം കാണാൻ കഴിയില്ല. അതിനാൽ ഇന്ത്യൻ സാഹചര്യങ്ങളെ പൊതുവായി വിലയിരുത്തുവാൻ പ്രയാസമാണ്. യൂറോപ്പിന്റേത് പോലെ ഏക സംസ്കാരമല്ലാത്തതിനാൽ യൂറോപ്യൻ സ്വഭാവത്തെ പൊതുവല്കരിക്കപ്പെടുന്നതും പലപ്പോഴും ശരിയായിക്കൊള്ളണമെന്നില്ല. യൂറോപ്പിന്റെ പ്രത്യേകതകളെ ഏഷ്യയുടെമേൽ അടിച്ചേൽപിക്കുന്നത് ചെരിപ്പിനൊത്ത് കാൽ മുറിക്കുന്നതിന് തുല്യമായിത്തീരും. യൂറോപ്പിന്റെ സ്വഭാവങ്ങളൊന്നും ഇന്ത്യയിൽ കാണില്ല എന്നൊന്നും ഇപ്പറഞ്ഞതിനർഥമില്ല. താരതമ്യം ചെയ്യുമ്പോൾ പ്രദേശങ്ങളുടെ സാഹചര്യങ്ങൾ കൂടി കണക്കിലെടുക്കണമെന്നുമാത്രം. ഇവിടെ മാർക്സിന് തെററ് പററിയെന്ന് പറയാനാവില്ല. കാരണം പുറത്ത് നിന്ന് കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ചില നിഗമനങ്ങളിലെത്തിയെന്നേയുള്ളു. നിഗമനങ്ങൾ അവസാന വാക്കല്ല. നിഗമനങ്ങളിലെ തെററ്

തിരുത്തേണ്ടത് മാർക്സിന്റെ പിൻഗാമികളാണ്. പക്ഷേ പലരും മാർക്സിനെ തെററ് പററാത്ത പ്രവാചകനായി അവതരിപ്പിക്കുകയാണ് ചെയ്തത്. മാർക്സിയൻ സിദ്ധാന്തങ്ങളെ ഇന്ത്യയുടെ സാഹചര്യങ്ങൾക്കനുസരിച്ച് അവതരിപ്പിക്കാൻ വളരെ വൈകിയാണ് ശ്രമങ്ങളുണ്ടായത്.

ഇന്ത്യക്ക് ബ്രിട്ടീഷ് ആഗമം വരെ ചരിത്രമുണ്ടായിരുന്നില്ല എന്ന് മാർക്സ് പറഞ്ഞതിനോട് ശക്തമായി വിയോജിക്കാനൊന്നുമില്ല. ചരിത്രത്തെകുറിച്ച് അദ്ദേഹത്തിനൊരു കാഴ്ചപ്പാടുണ്ട്. അത് പ്രകാരം അദ്ദേഹം പറഞ്ഞതിൽ തെററൊന്നും കാണേണ്ടതില്ല. പക്ഷേ കാഴ്ചപ്പാട് എത്ര മാത്രം ശരിയാണെന്നത് വേറെ പരിശോധിക്കേണ്ടതാണ്. എന്തായാലും മുൻ വ്യാഖ്യാനങ്ങളെ അപേക്ഷിച്ച് കൂടുതൽ വസ്തുതാപരമാണ് മാർക്സിയൻ വ്യാഖ്യാനം. അതേ സമയം ഈ വ്യാഖ്യാനം അവസാന വാക്കല്ല. മാർക്സിനെ സംബന്ധിച്ചിടത്തോളം കുറേ രാജാക്കൻമാരും ഭരണകൂടങ്ങളും വന്നു പോയാലൊന്നും ചരിത്രമുണ്ടാകില്ല. സമൂഹത്തിൽ പുരോഗമനപരമായ മാററങ്ങളുണ്ടാവണം. സമൂഹം എക്കാലവും ജാതിക്കധീനമായത് കൊണ്ട് ഉല്പാദന രീതിയിലോ മിച്ചോൽപാദനത്തിന്റെ വിതരണ രീതിയിലോ ഒരു മാററവും സംഭവിച്ചില്ല. ബ്രിട്ടീഷുകാരുടെ വരവാണത്രേ ഇന്ത്യയുടെ നിശ്ചലതക്ക് ചലനം വരുത്തിയത്. അതേ സമയം ബ്രിട്ടീഷ് ഭരണം ഇന്ത്യക്കാർക്ക് അനുഗുണമാണെന്ന അഭിപ്രായമൊന്നും മാർക്സിനില്ല. അവർ ഇന്ത്യൻ സംസ്കാരത്തെ തകർത്തുവെന്നും സമുദായങ്ങളെ തമ്മിലടിപ്പിച്ചുവെന്നും ഇവിടത്തെ വ്യവസായങ്ങളെ തകർത്തുവെന്നും അദ്ദേഹം പറയുന്നുണ്ട്. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം അവസാനിക്കട്ടേ എന്ന് മാർക്സും എംഗൽസും ആഗ്രഹിക്കുന്നുമുണ്ട്. [Engels, 'Revolt in India', The First War of Independence] ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പുള്ള സമൂഹങ്ങളെ അപഗ്രഥിക്കുമ്പോൾ തുർക്കികളുടെ ഭരണ കാലത്ത് ഉൽപാദനരംഗത്തും മിച്ചോൽപാദന വിതരണക്രമത്തിലുമുണ്ടായ മാററങ്ങൾ മാർക്സ് അറിയാതെ പോയി. ഈ കുറവ് നികത്തുന്നതിന് പകരം മാർക്സിനെ അപ്പടി അനുകരിക്കുകയാണ് മാർക്സ് ഭക്തൻമാരായ പല ചരിത്രകാരൻമാരും ചെയ്തത്. അതേ സമയം മാർക്സ് ഇട്ടേച്ച് പോയത് നികത്താനാണ് ഇർഫാൻ ഹബീബിന്റെ നേതൃത്വത്തിലുള്ള അലീഗഡ് പണ്ഡിതൻമാർ ശ്രമിച്ചത്.

1930കളിൽ സമൂഹങ്ങളുടെ പുരോഗതി പ്രാകൃത കമ്യൂണി

സം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുവെന്ന് സ്ഥാപിക്കാൻ കമ്യൂണിസ്ററ് ചരിത്രകാരൻമാർ ശ്രമിച്ചിരുന്നു. ഇംഗ്ലണ്ടിനെ സംബന്ധിച്ചിടത്തോളം ഇത് ശരിയാകാമെങ്കിലും ലോകത്തെങ്ങും ഇങ്ങനെയല്ല. ഇംഗ്ലണ്ടിലുള്ളതൊക്കെ ലോകത്തെല്ലായിടത്തും കാണണമെന്ന് ശഠിച്ചതാണ് ഈ ചരിത്രകാരൻമാരുടെ അബദ്ധം. ഇംഗ്ലണ്ടിലുള്ള ഈ പ്രതിഭാസം ലോകത്തെങ്ങും അതേ പോലെ നിലനിന്നുവെന്ന് മാർക്സ് എവിടേയും പറഞ്ഞിട്ടുമില്ല. എഴുതാപുറം വായിക്കുകയാണ് പല മാർക്സിസ്ററ് ചരിത്രകാരൻമാരും ചെയ്തത്. 1853ൽ ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂണിൽ എഴുതിയ ലേഖനത്തിലാണ് മാർക്സ് ഏഷ്യാററിക് സൊസൈററിയെ കുറിച്ച് പറഞ്ഞത്. ദാസ് കാപിററലിന്റെ മൂന്നാം വാള്യത്തിൽ ഉൽപാദനത്തിന്റെ ഏഷ്യാററിക് രീതി (Asiatic Mode of Production) യെക്കുറിച്ചും വിശദീകരിക്കുന്നു. ഇന്ത്യ,ചൈന, റഷ്യ എന്നീ രാജ്യങ്ങളെ വിലയിരുത്തിയാണ് അദ്ദേഹം തന്റെ തത്വം ആവിഷ്കരിച്ചത്. ഏഷ്യാററിക് രീതിയിൽ സമൂഹത്തിന് ചലനാത്മകതയില്ല. ഇവിടെ ഉപകരണങ്ങൾ പ്രഭുവിന്റെ ഉടമസ്ഥതയിലാണ്. അപ്പോൾ കർഷകനും തൊഴിലാളിയും എന്നും പ്രഭുവിന്റെ തടവറയിലാണ്. അതിനാൽ ഉല്പാദന രംഗത്ത് മാററങ്ങളൊന്നുമുണ്ടായില്ല. വർഗ സംഘട്ടനങ്ങളുമുണ്ടായില്ല. ചരിത്രവുമുണ്ടായില്ല. മാർക്സിന്റെ ഈ വിലയിരുത്തൽ നീതിപരമല്ല. ബ്രിട്ടീഷുകാർ വരുന്നതിന് മുമ്പ് ഇന്ത്യൻ സമൂഹത്തിൽ മാററങ്ങളൊന്നുമുണ്ടായില്ലെന്നത് വസ്തുതക്കെതിരാണ്. മാററങ്ങൾ എല്ലാരംഗത്തുമുണ്ടായിട്ടുണ്ട്. വർഗ സംഘട്ടനങ്ങളും നടന്നു. തുർക്കികളുടെ കാലത്ത് ഇതേററവും പ്രകടവുമായിരുന്നു. ഗോറികളുടെ ആഗമത്തെ ഗോറി വിപ്ലവം എന്നാണ് ശാസ്ത്രീയ ചരിത്രകാരൻമാർ വരെ വിളിക്കുന്നത്. നിയോ മാർക്സിസ്ററുകൾ ഇതംഗീകരിക്കുന്നുമുണ്ട്. ചുരുക്കത്തിൽ മധ്യ കാല ഇന്ത്യയെ കുറിച്ച് മാർക്സ് അറിയാതെ പോയി.

യൂറോപ്പിൽ ക്രിസ്തു മതം എങ്ങനേയാണോ മുതലാളിത്തത്തിന് സ്തുതി പാടിയത്, അതേ പ്രവർത്തനമാണ് ഇന്ത്യയിൽ ഹിന്ദു മതവും ചെയ്യുന്നതെന്ന് മാർക്സ് കണ്ടെത്തി. ‘‘ഈ രാജ്യം മാരകമാം വിധം പ്രകൃതിയെ ആരാധിച്ചുകൊണ്ട് അതിന്റെ അധഃപതനം പ്രകടമാക്കി. പ്രകൃതിയുടെ പരമാധികാരിയായ മനുഷ്യൻ കുരങ്ങന്റേയും (ഹനുമാൻ) കാമധേനുവിന്റേയും മുമ്പിൽ

ഭക്തി പൂർവം മുട്ടു മടക്കി'' (Marx and Engels, Collected Works ,Vol.12,p.22) അതേ സമയം മതപുരോഹിതർ വിപ്ലവങ്ങൾക്ക് നേതൃത്വം കൊടുത്തപ്പോൾ അതംഗീകരിക്കാൻ മാർക്സ് തയാറാവുന്നു. മധ്യ കാലത്ത് ജർമനിയിലെ കർഷക കലാപങ്ങളിൽ മത നേതൃത്വം വഹിച്ച പങ്കിനെ ആസ്പദിച്ച് കൊണ്ട് എംഗൽസ് പറയുന്നതിങ്ങനെ: ''ബൈബിളിനെ യുക്തിക്കെതിരെ പിടിക്കുന്നത് വാക്കുകളെക്കൊണ്ട് ആശയത്തെ കൊല്ലുന്നതിന് തുല്യമാണ്. ബൈബിളിൽ പറയുന്ന പരിശുദ്ധാത്മാവ് നമുക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഒന്നല്ല; പരിശുദ്ധാത്മാവ് നമ്മുടെ യുക്തിയാണ്. വിശ്വാസമെന്നത് മനുഷ്യനിൽ സജീവമാകുന്ന യുക്തിയല്ലാതെ മററൊന്നല്ല. സ്വർഗമെന്നത് മററൊരു ലോകമല്ല; ഈ ജീവിതത്തിൽ തന്നെയാണ് അത് തേടേണ്ടത്. ഈ ഭൂമിയിൽ തന്നെയാണ് സ്വർഗം പണിയേണ്ടത്. ഇവിടെ തന്നെ ദൈവ രാജ്യം സ്ഥാപിക്കേണ്ടത് വിശ്വാസികളുടെ ലക്ഷ്യമാണ്.''(Collected Works,Vol.12,pp.42122)

കൊളോണിയൻ ചൂഷണങ്ങൾക്കെതിരെ മതങ്ങൾ നില കൊണ്ടപ്പോഴൊക്കെ മാർക്സും എംഗൽസും മതത്തെ അനുകൂലിച്ചത് കാണാം. അൾജിയേഴ്സിലെ ഫ്രഞ്ച് അധിനിവേശത്തിനെതിരെ പോരാടുന്ന മുസ്‌ലിം മത മേലധ്യക്ഷൻമാരെ എംഗൽസ് വാഴ്ത്തുന്നു. മതങ്ങൾ അടിസ്ഥാനപരമായി പാവപ്പെട്ടവന്റെ വിമോചനത്തിന്ന് വേണ്ടി നിലകൊള്ളുന്നു. പക്ഷേ പൗരോഹിത്യം പലപ്പോഴും ചൂഷണത്തിന് കൂട്ടു നില്ക്കുകയായിരുന്നു. ലോകത്തിന്റെ പല ഭാഗത്തും പാവപ്പെട്ടവർക്ക് വേണ്ടി വിപ്ലവങ്ങൾ നയിച്ചത് മതങ്ങൾ തന്നെയാണ്. റഷ്യയിലെ കമ്യൂണിസ്ററ് വിപ്ലവത്തിന്റെ തുടക്കം മുതലേ ക്രിസ്തു സഭയും മുസ്‌ലിംകളും മുൻ പന്തിയിലുണ്ടായിരുന്നു. ഭരണം കൈയിലെത്തിയപ്പോൾ കമ്യൂണിസ്ററ് ഭരണ കൂടം മതത്തിന്നെതിരെ രംഗത്ത് വരികയാണ് ചെയ്തത്. ഇത് യഥാർഥ മാർക്സിസത്തിന്റെ അന്തസ്സത്തക്കെതിരാണ്.

യൂറോപ്പിൽ മതത്തിന്റെ സ്വാധീനം ഇല്ലാതാവുമെന്ന മാർക്സിന്റേയും എംഗൽസിന്റേയും പ്രവചനം തെററിപ്പോയത് നാം കണ്ടു. ഇററലിയിൽ ഫാസിസം വന്നപ്പോൾ ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടികളും കമ്യൂണിസ്ററ് പാർട്ടികളും ഒന്നിച്ചതിനെ 'ചരിത്രപരമായ ഒത്തുതീർപ്പ്' എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. എന്നാൽ കേരളത്തിൽ മുസ്‌ലിം ലീഗുമായി കമ്യൂണിസ്ററുകാർ കൂട്ടു കെട്ടുണ്ടാക്കിയപ്പോഴോ അതിനെ കമ്യൂണിസ്ററ് പാർട്ടിക്കാർ പലരും ചരിത്ര പരമായ അബദ്ധമായാണ് കണ്ടത്!

മുതലാളിത്തം മൂലം ലോകത്ത് ഭവിക്കാനിടയുള്ള ദുരന്തത്തിന്റെ പരിഹാരമായാണ് മാർക്സ് തന്റെ സോഷ്യലിസം കൊണ്ടുവന്നത്. ദുരന്തം പാവപ്പെട്ടവനെയാണ് ഏററവും കൂടുതൽ ബാധിക്കുക. എന്നിട്ടും പാവപ്പെട്ടവന്റെ കൂട്ടുകാരനായ യേശുവിന്റെ അനുയായികൾ മുതലാളിത്തത്തിന് സ്തുതി പാടുന്നത് മാർക്സിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്നാൽ തന്റെ അനുയായികൾ ചെയ്തത് പോലെ പ്രശ്നങ്ങളെല്ലാം മാർക്സ് മതത്തിന്റെ മേൽ കെട്ടി വച്ചില്ല. മാർക്സിന്റെ ആശയങ്ങൾ ഒരു പുരുഷായുസ്സു കൊണ്ട് പൂർത്തീകരിക്കാവുന്നതായിരുന്നില്ല. മരണശേഷം അനുയായികളാണ് ആശയങ്ങൾ പൂർത്തീകരിച്ചത്. അനുയായികൾ അധിക പേരും മതവിരുദ്ധരായിരുന്നത് കൊണ്ട് മാർക്സിനെ മതത്തിന്റെ തികഞ്ഞ ശത്രുവായി അവതരിപ്പിക്കാൻ സർവാത്മനാ ശ്രമിച്ചു. റഷ്യൻ കമ്യൂണിസ്ററ് നേതാക്കൾ കമ്യൂണിസത്തെ സാർ ചക്രവർത്തിക്കെതിരായ പോരാട്ടങ്ങൾക്ക് ആശയമാക്കി. മുഴുവൻ മുസ്‌ലിം വിഭാഗങ്ങളുടേയും വലിയൊരു വിഭാഗം ക്രിസ്തീയരുടേയും പിന്തുണ റഷ്യൻ വിപ്ലവത്തിനുണ്ടായിരുന്നു. ‘പാതിരിമാരും മുല്ലമാരും’ സോവിയററുകളിൽ പോരാട്ടം ഉദ്ദീപിപ്പിച്ചു. എന്നാൽ വിപ്ലവ ശേഷം ഭരണം കൈയിലെത്തിയപ്പോൾ റഷ്യൻ കമ്യൂണിസ്ററുകൾ പലരും മതത്തിനെതിരായ നീക്കം തുടങ്ങി. അതേ സമയം ലെനിൻ വിപ്ലവത്തിൽ മുസ്‌ലിംകളുടെ പങ്ക് അംഗീകരിക്കുകയും അവർക്ക് മത സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. സാർ ചക്രവർത്തിമാരുടെ പീഡനങ്ങളിൽ നിന്ന് തങ്ങളെ രക്ഷപ്പെടുത്തിയ ലെനിനോട് മുസ്‌ലിംകൾ കടപ്പെടുകയും ചെയ്തിരുന്നു.

പല പ്രസ്ഥാനങ്ങളും മാർക്സിസം തങ്ങളുടെ ആശയമാക്കി മാററിയതോടെ അത് കൂടുതൽ യാഥാസ്ഥിതികമായി മാറി. മാർക്സിന്റെ ആശയങ്ങൾ പൂർത്തീകരിക്കാനും കുററമററതാക്കാനുമുള്ള ശ്രമങ്ങളെയൊക്കെ വർഗ ശത്രുതയുടെ പട്ടികയിലെഴുതി. അതോടെ മാർക്സിസ്ററ് ബുദ്ധിജീവികളെന്നറിയപ്പെടുന്നവരൊക്കെ പാർട്ടികളിൽ നിന്ന് കൂടൊഴിയാൻ തുടങ്ങി. മാർക്സിസ്ററ് ഭരണകൂടങ്ങളാണ് ഭരണമുഷ്ടി ഉപയോഗിച്ച് കൊണ്ട് ഇപ്രകാരം വെട്ടിനിരത്തൽ തുടങ്ങിയത്. റഷ്യയിലായിരുന്നു ഇതിന്റെ തുടക്കം. മാർക്സിയൻ ചരിത്രകാരൻമാർ ചെയ്തു വച്ച അബദ്ധങ്ങളെ കുറിച്ച് പ്രൊഫ.ഇർഫാൻ ഹബീബ് പറയുന്നതിങ്ങനെ: (പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, കേപിററലിസം

എന്നിങ്ങനേയുള്ള) കർക്കശമായ ഒരു പൊതു കാലഗണനക്ക് വേണ്ടി വാദിക്കുക വഴി അനുയായികൾ മാർക്സിനെ മോശമായി സേവിച്ചിരിക്കുന്നു. ആർക്കും കാണാൻ കഴിയുന്നത് പോലെ മുതലാളിത്തത്തിന്റെ വളർച്ചയിലായാലും രാഷ്ട്രീയ ചരിത്രത്തിലായാലും മാർക്സ് തന്റെ രീതി ശാസ്ത്രം പ്രയോഗിക്കുന്നത് കൂടുതൽ പരിഷ്കൃതവും സമ്പന്നവുമായ രീതിയിലാണ്. മാർക്സ് എല്ലാ ചിന്തകളേയും ഭൗതിക ലോകത്തിന്റെ പ്രതിഫലനമായി കണ്ടു എന്നതും ശരിയല്ല. മറിച്ച് പ്രകൃതി ശാസ്ത്രത്തിന്റെ കൃത്യതയിലൂടെ 'ആശയപരമായ രൂപങ്ങളുടെ' മാററത്തെ വിലയിരുത്താൻ കഴിയില്ലെന്ന് അദ്ദേഹം മുന്നറിയിപ്പു നല്കി; മാത്രമല്ല 'അനിവാര്യതയുടെ ലോകത്ത് നിന്ന് സ്വാതന്ത്ര്യത്തിന്റെ ലോകത്തേക്കുള്ള'മാനവതയുടെ മുന്നേററം അദ്ദേഹം കാണുകയും ചെയ്തു. വ്യക്തികളെന്ന നിലക്ക് മനുഷ്യർ അവരവരുടെ വ്യക്തി താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു എന്ന നാമിയർ പക്ഷക്കാരുടെ വിചാരം മാർക്സ് അംഗീകരിക്കുന്നുമുണ്ട്. (Irfan Habib, Interpreting Indian History, Shillong ,1989,p.12)

ചരിത്രപഠനത്തിൽ മാർക്സിയൻ വ്യാഖ്യാനങ്ങൾ അരങ്ങു തകർത്തപ്പോൾ വിശ്വാസങ്ങൾക്ക് പുറമേ സാംസ്കാരിക പഠനങ്ങളും കുറഞ്ഞു വന്നു. ഔദ്യോഗിക മാർക്സിസം ചരിത്രത്തിന്റെ ചക്രവാളങ്ങളെ ഇടുങ്ങിയതാക്കിയെന്നും പാശ്ചാത്യ സംസ്കാരമേധാവിത്തത്തിലൂടെ നടന്ന കൊളോണിയൻ ചൂഷണമാണ് ഇതിന്റെ പ്രധാന ഇരയെന്നും ഇന്ത്യൻ ചരിത്രകാരനായ സൂമിത് സർക്കാർ തന്നെ എഴുതുന്നുണ്ട് (Sumit Sarkar, Writing Social History, Delhi, 1997,p.4). ഇന്ത്യയിലും ലോകത്തിന്റെ പല ഭാഗങ്ങളിലും അധിനിവേശത്തിനെതിരെ നടന്ന സമരങ്ങളിലാവട്ടെ മററു പോരാട്ടങ്ങളിലാവട്ടെ സാമ്പത്തിക ഘടകങ്ങൾ മാത്രമല്ല മുഖ്യ കാരണം. എല്ലാ സംഭവങ്ങളിലും സാമ്പത്തികം മാത്രമാണ് പ്രശ്നം എന്ന് വാദിക്കുന്നതും ചരിത്ര നിർമിതിയെ അപൂർണമാക്കും. മതങ്ങളുടെ സ്വാധീനങ്ങളെ അപ്രധാനമായി കാണുമ്പോഴുള്ള സ്ഥിതിയും ഇത് തന്നെ.

•

## അഞ്ച്

# ചരിത്രത്തിന്റെ യൂറോ മേധാവിത്തം

പത്തൊമ്പതാം നൂററാണ്ടിലും ഇരുപതാം നൂററാണ്ടിന്റെ ആദ്യത്തിലും പ്രത്യേക തരത്തിലുള്ള യൂറോപ്യൻ മേധാവിത്തമാണ് ചരിത്ര പഠനത്തെ ആവാഹിച്ചിരുന്നത്. പൗരസ്ത്യ രാജ്യങ്ങൾ അപരിഷ്കൃതരാണെന്നും അവരുടെ മേലുള്ള യൂറോപ്പിന്റെ കൊളോണിയലിസം അവരെ സംസ്കരിക്കാനുള്ള (Civilizing Mission) പടിഞ്ഞാറിന്റെ ദൗത്യമാണെന്നുമുള്ള കാഴ്ചപ്പാട് കൊളോണിയലിസ്ററുകളിൽ രൂഢമൂലമായിരുന്നു. ക്രിസ്ത്യൻ സന്ദേശമെത്താത്തിടങ്ങളിലൊക്കെ അസാംസ്കാരികതയാണ് നിലകൊള്ളുന്നതെന്നും അവയെ ക്രിസ്തുമാർഗത്തിലേക്ക് കൊണ്ടു വരേണ്ടത് അനിവാര്യമാണെന്നും ക്രിസ്തീയ മേധാവികളും ധരിച്ചു പോന്നു. മിഷനറികളുടേയും ബ്രിട്ടീഷ് കമ്പനി മേധാവികളുടേയും ഈ വ്യാഖ്യാനങ്ങൾ തങ്ങളുടെ അധിനിവേശത്തെ വെള്ളപൂശാൻ വേണ്ടി പടച്ചതായിരുന്നു. ക്രിസ്തീയ നേതൃത്വവും സാമ്രാജ്യത്വവും എങ്ങനെയാണ് ചങ്ങാത്തം സ്ഥാപിച്ചിരുന്നതെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. പൗരസ്ത്യ ലോകം സംഭാവന ചെയ്ത തത്വചിന്തകളേയോ, പ്രസ്ഥാനങ്ങളേയോ കൊളോണിയൻ ചരിത്രം തീരെ പരിഗണിച്ചില്ല. ജോർജ് സാർട്ടൺ, എച്ച് ജി വെൽസ്, ജെ. നീഡ് ഹാം തുടങ്ങി ഏതാനും യൂറോപ്യൻമാരെ ഒഴിച്ചു നിറുത്തിയാൽ മിക്ക ചരിത്രകാരൻമാരും ക്രിസ്തീയ താല്പര്യങ്ങൾക്കനുസരിച്ചാണ് ചരിത്രം രചിച്ചത്.

പേർഷ്യക്കാരും അറബികളും ഇന്ത്യക്കാരും ചൈനക്കാരും ജപ്പാൻക്കാരും സംസ്കാരത്തിന് നല്കിയ സംഭാവനകളെ ഇവർ അവഗണിക്കുകയോ തെററിദ്ധരിപ്പിക്കുകയോ ചെയ്തു. യൂറോപ്യർ

ആഘോഷിച്ച് കൊണ്ടിരിക്കുന്ന ഗ്രീക്ക് റോമൻ സംസ്കാരങ്ങളും യൂറോപ്പിലല്ല വളർന്നതെന്ന് ഓർക്കണം. ഗ്രീസ് മെഡിററേനിയൻ തീരത്താണ്. അവിടെ വളർന്ന സംസ്കാരം പൗരസ്ത്യൻ സംസ്കാരങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്നു. ബാബിലോണിയയിലെ പ്രവാചകൻ ഇബ്രാഹീമാണ് മധ്യ പൗരസ്ത്യ ദേശത്താകെ പുതിയ ചിന്തക്ക് തുടക്കം കുറിച്ചതെന്നും ഗ്രീക്കുകാരും പിന്നീട് റോമക്കാരും ഹസ്രത് ഇബ്രാഹിമിനോടാണ് കടപ്പെട്ടതെന്നുമുള്ള പുതിയ നിഗമനങ്ങൾ തള്ളാനാവില്ല. റോമൻ സംസ്കാരം വളർന്നത് യൂറോപ്പിലല്ല; ഇന്നത്തെ സിറിയയിലും ഈജിപ്തിലുമായിരുന്നു എന്നതും പ്രസ്താവ്യമാണ്. എന്തിന് ക്രിസ്തു മതം പോലും മധ്യ പൗരസ്ത്യ ദേശത്താണ് വന്നതും വളർന്നതും. ഇവിടെയൊക്കെ യൂറോപ്യർ വട്ടപ്പൂജ്യമാണ്. ഇവർക്ക് അഭിമാനിക്കാൻ അവരുടേതായ ഒരു പ്രസ്ഥാനവും ഭൂമി ലോകത്ത് വന്നിട്ടില്ല. ആണവ സിദ്ധാന്തത്തിന്റെയും ഗണിതത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും ഉദ്ഭവം ഇന്ത്യയിലാണെന്ന് ഇന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നു. ചൈനയിലെ കടലാസു വിദ്യയും, വെടിമരുന്നും, ജല ചക്രവും, വടക്കു നോക്കി യന്ത്രവും, ഇരുമ്പിന്റെ വിദ്യകളും, ഇരുമ്പു പാലവും, ഖനന വിദ്യകളുമെല്ലാം അറബികൾ വഴി യൂറോപ്പിലെത്തുകയായിരുന്നു. പേർഷ്യയുടെ ശാസ്ത്രീയ സംഭാവനകളും ഒരിക്കലും കുറച്ച് കാണിക്കാനാവില്ല. ആഫ്രിക്കക്ക് പോലും അവരുടേതായ ശാസ്ത്ര വിദ്യകളുണ്ട്. കറുത്ത മനുഷ്യനായി കാണാൻ മടിച്ച യൂറോപ്യൻ ഇതൊന്നും കണ്ടില്ല. ശാസ്ത്രീയ നേട്ടങ്ങൾ ഏതെങ്കിലും വർഗത്തിന്റെ കുത്തകയൊന്നുമല്ല. പലതിന്റെയും കണ്ടുപിടിത്തം സ്വന്തമാക്കി വയ്ക്കുന്ന യൂറോപ്യർക്ക് ഈ അസത്യങ്ങളെ എക്കാലവും വേലി കെട്ടി നിറുത്താനാവില്ല. ഒരു വിഭാഗം യൂറോപ്യൻ ചരിത്രകാരൻമാർ തന്നെ അവ ചോദ്യം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അറബികളുടെ സംഭാവനകളെ കുറിച്ച് പഠിച്ച മോർഗാൻ യൂറോപ്യർ ശാസ്തത്ത്രിന്റെ കാര്യത്തിൽ എത്രത്തോളം അറബികളോട് കടപ്പെട്ടിരിക്കുന്നുവെന്ന് വസ്തുത സഹിതം തന്റെ ലോസ്ററ് ഹിസ്ററി എന്ന കൃതിയിൽ വിവരിക്കുന്നു. യൂറോപ്പിൽ ശാസ്ത്രവും സാങ്കേതിക വിദ്യയും പ്രചരിക്കുന്നത് പതിനഞ്ചും പതിനാറും നൂററാണ്ടുകളിലെ നവോത്ഥാനത്തോടെയാണ്. നവോത്ഥാനം സാധ്യമാക്കിയത് അറബികളാണെന്ന് യൂറോപ്യൻ ചരിത്രകാരൻമാർ തന്നെ സമ്മതിക്കുന്നുമുണ്ട്. വില്യം ഡ്രാപറുടെ വാക്കുകൾ: ‘ശാസ്ത്രീയമായി

നാം കൈവരിച്ച നേട്ടങ്ങളിൽ മുഹമ്മദീയരോട് നമുക്ക് കടപ്പാടുണ്ട്. ഇത് ദൃഷ്ടിയിൽ നിന്ന് മറക്കാൻ യൂറോപ്യൻ സാഹിത്യം കൈക്കൊണ്ട മാർഗങ്ങളോർത്ത് ഞാൻ സഹതപിക്കുന്നു. കേവലം മതഭ്രാന്തിന്റേയും ദേശീയ സങ്കുചിതത്വത്തിന്റെയും പേരിൽ ചെയ്ത ഈ അനീതി ദീർഘകാലം മറച്ചു പിടിക്കാനാവില്ല. അറബികളാണ് യൂറോപ്യർക്ക് ജ്ഞാന തൃഷ്ണ ഉണ്ടാക്കിക്കൊടുത്തത് തന്നെ. ക്രിസ്തീയ ലോകം ഇത് സമ്മതിക്കാതെ നിവൃത്തിയില്ല.''

ജനാധിപത്യം, യുക്തി ചിന്ത, ശാസ്ത്ര ബോധം, സ്വാതന്ത്ര്യം എന്നിവയിലെല്ലാം യൂറോപ്പാണ് മാതൃകയെന്നും കിഴക്കൻ രാജ്യങ്ങൾ ധ്യാനികളും അന്ധവിശ്വാസികളും മത ഭ്രാന്തുള്ളവരുമാണെന്നാണ് യൂറോപ്യൻ ചരിത്രകാരൻമാർ നിരന്തരം പ്രചരിപ്പിച്ചത്. പൗരസ്ത്യരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ഇതൊരു കാരണമാക്കുകയും ചെയ്തു. കോളണിവത്കരിക്കപ്പെട്ട രാജ്യങ്ങൾക്കൊക്കെ ചരിത്രമുണ്ടാക്കിക്കൊടുത്തത് യൂറോപ്യൻമാരാണ്. കോളണികളിൽ തങ്ങളുടെ മേധാവിത്തവും അനിവാര്യതയും ഉറപ്പാക്കുന്ന തരത്തിലാണ് അവർ ചരിത്രമെഴുതിയത്. ഈ ചരിത്രം അവലംബിച്ചാണ് പിന്നീടുള്ള പഠനങ്ങൾ വരുന്നത്. അതുകൊണ്ടു തന്നെ പടിഞ്ഞാറിന്റെ മേധാവിത്തത്തിൽനിന്ന് കോളണി രാജ്യങ്ങളിലെ ചരിത്ര പഠനങ്ങൾക്കൊന്നും ഇപ്പോഴും മോചനമുണ്ടായിട്ടില്ല. ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ ചരിത്രം ഇന്നും യൂറോപ്യൻമാരെ ആശ്രയിച്ചാണിരിക്കുന്നത് എന്നതിനാലാണ് ഈ രാജ്യങ്ങളിലെ ചരിത്ര പഠനങ്ങളിൽ ദേശ സംഭാവനകൾ വരാതിരിക്കുന്നത്. അതോടൊപ്പം ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ സ്വതന്ത്ര ഭരണ കൂടങ്ങൾ പുതിയ ചരിത്രം നിർമിക്കുന്നതിനുള്ള ബാധ്യത ഏററെടുക്കുന്നുമില്ല. തങ്ങളുടെ രാഷ്ട്രീയ ദേശീയ ആവശ്യങ്ങൾക്ക് യൂറോപ്യരെഴുതിയ ചരിത്രം അവലംബിക്കുന്നതിനാൽ വർഗ-ദേശീയ സംഘട്ടനങ്ങൾക്ക് ഈ രാജ്യങ്ങൾ കരുവായിത്തീരുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിന് ശേഷവും കോളണി മേധാവിത്തത്തിന്റെ പിടിമുറുക്കമുള്ളതിനാൽ പുതിയ ചരിത്ര വീക്ഷണങ്ങളെ അവലംബിക്കുന്നതിൽ നിന്ന് പാശ്ചാത്യ പ്രചാരണങ്ങൾ ഈ രാജ്യങ്ങളെ തടയുകയും ചെയ്യുന്നു. യൂറോപ്യൻ വീക്ഷണങ്ങളെ ചോദ്യം ചെയ്ത മാർക്സിയൻ ചരിത്ര സമീപനത്തെ പല രാജ്യങ്ങളും ഇന്നും സ്വീകരിക്കാൻ മടിക്കുന്നത് ഈ ബാന്ധവത്തിന്റെ പേരിലാണ്. മതപരമോ വർഗപരമോ ആയ മുൻവിധികളും ഇവിടെ കാരണമായി ഭവിക്കുന്നു. ചരിത്രത്തെ

വസ്തുതാപരമായും ശാസ്ത്രീയമായും വിലയിരുത്തുമ്പോൾ ഭരണവർഗത്തിന്റെ മേധാവിത്തം പരിരക്ഷിക്കാനാവില്ലെന്ന ഭയവും ശാസ്ത്രീയ ചരിത്ര രചനയിൽ നിന്ന് ഭരണാധികാരികളെ വിലക്കുന്നു.

മനുഷ്യവംശത്തിന്റെ പുരോഗതിയുടെ പഠനമാണ് ചരിത്രം കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ ചരിത്ര പഠനം തുടങ്ങേണ്ടത് ഏററവും കൂടുതൽ ജനങ്ങൾ അധിവസിക്കുന്ന പൗരസ്ത്യ ലോകത്ത് നിന്നാണ്. യൂറോപ്പിന്റെ ചരിത്രം തുടങ്ങുന്നത് തന്നെ വളരെ വൈകിയാണ്. പിന്നെങ്ങനെയാണ് മനുഷ്യ വംശത്തിന്റെ ആദ്യ പടിയായിതന്നെ യൂറോപ്യൻ ചരിത്രം വരിക? ചരിത്രം എന്നത് ഏതെങ്കിലും കാലത്തുള്ള പ്രത്യേക വളർച്ചയെ പഠന വിധേയമാക്കിക്കൊണ്ടോ, അധികാര ശക്തിയെ ആശ്രയിച്ച് കൊണ്ടോ അല്ല എഴുതേണ്ടത്; മറിച്ച് മനുഷ്യനെ ആദ്യമായി കാണാൻ തുടങ്ങിയേടം മുതലാണ്. അപ്പോൾ ചരിത്രം യൂറോപ്പിൽ നിന്നല്ല തുടങ്ങേണ്ടത്, പകരം കൂടുതൽ സംസ്കാരങ്ങളും ജനങ്ങളുമുള്ള പൗരസ്ത്യ ലോകത്ത് നിന്ന് തന്നെയാണ്. യൂറോപ്യൻമാർ ചരിത്രം തുടങ്ങുന്നത് ഗ്രീസിൽ നിന്നും റോമിൽ നിന്നുമാണ്. ഇവ തന്നെ യൂറോപ്യർ തങ്ങളുടെ മേധാവിത്തത്തിന് കൊഴുപ്പ് കൂട്ടാൻ വേണ്ടി തങ്ങളോട് ചേർത്തെഴുതിയ സംസ്കാരങ്ങളാണ്. രണ്ടിനും യൂറോപ്പുമായി ബന്ധമില്ല. പൗരസ്ത്യ ലോകത്തെ രാജ്യങ്ങൾ പലതും ചരിത്രമഴുതാൻ തുടങ്ങിയപ്പോൾ ദേശീയമായ സങ്കുചിതത്വം കാണിച്ചു എന്നതും പറയാതെ വയ്യ. അതാത് രാജ്യങ്ങളുടെ സാംസ്കാരിക മേധാവിത്തം സ്ഥാപിച്ചെടുക്കാൻ അവർ മററുള്ള രാജ്യങ്ങളെ സങ്കുചിതമായി കണ്ടു. ഉദാഹരണത്തിന് ഇന്ത്യയും പാകിസ്ഥാനും ചരിത്രമെഴുതിയപ്പോൾ സ്വന്തത്തെ പുകഴ്ത്താനും ശത്രുവിനെ ഇകഴ്ത്താനും വ്യഗ്രത കാണിച്ചു. എന്നാൽ പുരാതന കാലത്ത് പൗരസ്ത്യ ലോകമെല്ലാം വ്യാപാര ബന്ധങ്ങൾ വഴി ഒന്നായിരുന്നുവെന്നും വ്യാപാര സംസ്കാരങ്ങളാണ് ഈ രാജ്യങ്ങളെ തമ്മിൽ ബന്ധിപ്പിച്ചതെന്നും മനസ്സിലാക്കണം. ഇന്ത്യ, പേർഷ്യ, യമൻ, ആഫ്രിക്ക, ഇന്തോനേഷ്യ, മധ്യേഷ്യൻ രാജ്യങ്ങൾ, ചൈന എന്നിവ എങ്ങനെയാണ് വ്യാപാരം വഴി ബന്ധിക്കപ്പെട്ടതെന്നും അവയിലുടെ സംസ്കാരങ്ങൾ എങ്ങനെ പ്രസരിച്ചു എന്നും പഠിക്കണം. ബുദ്ധമതം ശ്രീലങ്കയിലെത്തുന്നതും, ഇസ്ലാം ഇന്ത്യയിലെത്തുന്നതും, ഹിന്ദുമതം ഇന്തോനേഷ്യയിലെത്തുന്നതും, ക്രിസ്തുമതം പൗരസ്ത്യ ലോകത്തെത്തുന്നതുമൊക്കെ കടൽ

വ്യാപാരം വഴിയാണ്. അതറിയണമെങ്കിൽ ചരിത്ര പഠനത്തെ ദേശീയതയുടെ സങ്കുചിതമായ വേലിക്കെട്ടിൽനിന്ന് തുറന്ന് വിടണം. മതങ്ങൾ തമ്മിലുള്ള അന്തരം ഊതി വീർപ്പിക്കാതെ തന്നെ എല്ലാ മതക്കാരും വ്യാപാര സംസ്കാരത്തിലൂടെ എങ്ങനെ സഹവർത്തിത്വത്തിൽ കഴിഞ്ഞുവെന്നും അറിയണം. ചരിത്രം ഇപ്രകാരം പുനഃസൃഷ്ടിക്കുമ്പോൾ ഇന്ന് നേരിടുന്ന മതപരവും ദേശീയവുമായ സംഘട്ടനങ്ങളെ ഒരു പരിധി വരെ ഇല്ലാതാക്കാൻ കഴിയുമെന്ന് മാത്രമല്ല യൂറോപ്യർ ഇട്ടേച്ചു പോയ ചരിത്രം പൗരസ്ത്യ ലോകത്തിന്റെ മേൽകെട്ടി വെച്ച അസഹിഷ്ണുതയുടേയും അസാംസ്കാരികതയുടേയും ജൽപനങ്ങളെ അവഗണിക്കുകയും ചെയ്യാം.

മധ്യ കാലത്ത് ഇസ്ലാം നല്കിയ സംഭാവനകളെ ചെറുതായി കാണാനാവില്ല. കടൽ വഴിയും കര വഴിയുമുള്ള വ്യാപാരങ്ങളെ ബന്ധിച്ചത് ഇസ്ലാമായിരുന്നു. മുസ്ലിംകളിലൂടെയാണ് വിവിധ സംസ്കാരങ്ങളും ശാസ്ത്രീയമായ വിജ്ഞാനങ്ങളും വിവിധ ലോകങ്ങളിലെത്തുന്നത്. യൂറോപ്പിലെ നവോത്ഥാനത്തിനുള്ള ചിന്തകളും കണ്ടുപിടിത്തങ്ങളും മെഡിററേനിയൻ തീരത്തൂടെയും അല്ലാതെയും അറബികൾ യൂറോപിനെത്തിച്ചു കൊടുക്കുകയായിരുന്നു. ഈ വ്യാപാര സംസ്കാരം ഇല്ലായിരുന്നുവെങ്കിൽ യൂറോപിൽ നവോഥാനം സാധ്യമാവുമായിരുന്നില്ല. എല്ലാ മതക്കാരും അറബികളുടെ വിനിമയ സംസ്കാരം സ്വീകരിച്ചു കൊണ്ടാണ് അതാത് സംസ്കാരങ്ങളെ സമൃദ്ധമാക്കിയത്. മലബാറിലെ ഹിന്ദു രാജാക്കൻമാരും, സിസിലിയിലെ ക്രിസ്ത്യൻ ചക്രവർത്തിമാരും, ചൈനയിലെ യുവാൻ- മിങ്ങ് രാജാക്കൻമാരും തങ്ങളുടെ മതങ്ങളെ ശക്തിപ്പെടുത്തിയത് അറബികളുടെ സഹായം കൊണ്ടായിരുന്നു. ഇസ്ലാം മതത്തെ ശക്തിപ്പെടുത്താൻ ഈ രാജാക്കൻമാർ തിരിച്ചും സഹായിച്ചു പോന്നു. മതങ്ങളെ സാംസ്കാരികമായ വേലി കെട്ടി നിറുത്താൻ പററില്ല എന്ന് വ്യക്തമാക്കുകയാണ് ഈ കൂട്ടായ്മകൾ. അതോടൊപ്പം മതങ്ങൾക്ക് പരസ്പരം സഹിഷ്ണുതയോടെ നിലനില്ക്കാമെന്നും ചരിത്രം പഠിപ്പിച്ചു തരികയാണ്.

മധ്യകാലത്തുണ്ടായ നേട്ടങ്ങൾ പൗരസ്ത്യ ലോകം എങ്ങനെ കൈയൊഴിച്ചു എന്നതിനെ കുറിച്ച് വിവിധ കാരണങ്ങൾ ചരിത്രകാരൻമാർ നിരത്തുന്നുണ്ട്. ഇതിൽ ജാതി ചിന്ത, സ്വത്തിന്റെ അസമത്വപരമായ വിതരണം, കോളണി മേധാവിത്തം, ദാരിദ്ര്യം എന്നീ കാരണങ്ങളൊക്കെ പറയുന്നുണ്ടെങ്കിലും മുസ്ലിംകളെ സംബന്ധിച്ചേടത്തോളം അവിടം കൊണ്ട് നില്ക്കുന്നില്ല. അധി

നിവേശം അടിച്ചേല്പിക്കപ്പെട്ടപ്പോൾ തദ്ദേശീയർ നിലനില്പിന് വഴിതേടുകയും ജീവിക്കാൻ തത്രപ്പെടുകയും ചെയ്ത അവസര ത്തിൽ മറെറാന്നിനെ കുറിച്ചും അവർ ചിന്തിച്ചില്ല. പലേടത്തും മുസ്ലിം സമൂഹത്തിന്റെ മതപരമായും ഭരണപരമായും ഉള്ള മേധാവിത്വത്തെ ചോദ്യം ചെയ്തു കൊണ്ടാണ് അധിനിവേശം മുന്നേറിയത്. അധിനിവേശ ശക്തികളുടെ ക്രൂരതയെയും അവ ഗണനയെയും അതിജയിക്കാനുള്ള കഷ്ടപ്പാടും വിശ്വാസങ്ങളെ സംരക്ഷിക്കാനുള്ള വ്യഗ്രതയും മൂലം ശാസ്ത്ര പുരോഗതിയെ കുറിച്ച് ചിന്തിക്കാൻ മുസ്ലിംകൾ മെനക്കെട്ടില്ല. അധിനിവേശം മൂലം നേരിട്ട കടുത്ത ദാരിദ്ര്യവും, ശത്രുവിന്റെ രാഷ്ട്രീയ മേധാ വിത്വവും പുരോഗതിയെ കൈയൊഴിക്കാൻ കാരണമായിട്ടുണ്ട്. അധിനിവേശ ശക്തികളിൽനിന്നും ക്രിസ്ത്യൻ മിഷനറിമാരിൽ നിന്നും മതത്തെ രക്ഷപ്പെടുത്തേണ്ടത് തങ്ങളുടെ പ്രഥമ ബാധ്യത യായി മത നേതൃതം ഏറെറടുത്തു. ആ നിലപാടിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചത് മൂലം മതം ആചാരങ്ങളിൽ ഒതുങ്ങുകയും അതി ന്റെ മാസ്മര ശക്തിയും, ആത്മീയ ചൈതന്യവും, ശാസ്ത്രീയ ചിന്തകളും നഷ്ടമാവുകയും ചെയ്തു. ഇസ്ലാമിന്റെ വിചാര ശക്തി കുറഞ്ഞതോടെ അതും മററു മതങ്ങളെപ്പോലെ തന്നെ ആചാരങ്ങളുടെ മതമായി. വിശുദ്ധ ഖുർആൻ ശാസ്ത്രീയമായും സാമൂഹികമായും വിലയിരുത്തി സമൂഹത്തെ ചലനാത്മകമാക്കാ നുള്ള ശ്രമങ്ങളൊന്നുമുണ്ടായില്ല. ആചാരങ്ങളിലൂടെ ദൈവമോക്ഷം കരസ്ഥമാക്കാനുള്ള തിടുക്കത്തിൽ അതിന്റെ ചിന്താശക്തിയെ വിലയിരുത്താൻ മുസ്ലിംകൾ മറന്ന് പോയി. പഴയത് മാത്രം ശരി, പുതിയതൊന്നും വേണ്ട എന്ന നിലപാട് പഴയ വ്യാഖ്യാതാക്കളുടെ ശാസ്ത്ര നിഗമനങ്ങളെ ചോദ്യം ചെയ്യപ്പെടാതെ സ്വീകരിക്കാൻ സാമുദായിക നേതൃത്വങ്ങളെ നിർബന്ധിച്ചു. ഇസ്ലാമിക ശാസ് ത്ര മുന്നേററത്തെ ഹൈജാക്ക് ചെയ്ത യൂറോപ്യൻമാർ സാധിപ്പി ച്ചെടുത്ത ശാസ്ത്രീയ ചിന്തകളെ അധിനിവേശ വിരോധം മൂലം ഉൾക്കൊള്ളാനും നേതൃത്വങ്ങൾ തയ്യാറായില്ല. അതോടെ മുസ്ലിം സമൂഹം പിന്നാക്കത്തിലേക്ക് കൂപ്പു കുത്തി. ഒപ്പം സാംസ്കാരി ക ദൗത്യവുമായി വന്ന ക്രിസ്തീയരും യൂറോപ്യൻ അധിനിവേശ ശക്തികളും മുസ്ലിംകൾ അപരിഷ്കൃതരാണെന്ന് നിരന്തരം പ്രചരിപ്പിക്കുകയും ചെയ്തു. നേതൃത്വങ്ങളാവട്ടെ മതത്തിന്റെ ശാസ്ത്രീയമായ പുരോഗതിക്ക് വിലങ്ങിട്ടു. അന്തരികമായ ഭിന്നി പ്പുകൾ പരസ്പര മത്സരങ്ങളിലേക്കും അത് വഴി മതത്തിന്റെ

തന്നെ ചലനാത്മകത നിശ്ചലമാവാനും കാരണമായി.

ഇന്ത്യയുടെ സംസ്കാരിക ശാസ്ത്രീയ സംഭാവനകളെ എങ്ങനെയാണ് ബ്രിട്ടീഷ് ചരിത്രകാരൻമാർ അവഗണിച്ചത് എന്ന് കൂടി പരിശോധിക്കണം. ഇന്ത്യക്ക് വേണ്ടി ചരിത്രമെഴുതിയ ബ്രിട്ടീഷ് ഭരണാധികാരികൾക്കും ബ്രിട്ടീഷ് ഭരണത്തിന്റെ മേനി പറഞ്ഞ ചരിത്രകാരൻമാർക്കും തങ്ങളുടെ അധിനിവേശത്തെ ന്യായീകരിക്കേണ്ടത് അത്യാവശ്യമായിരുന്നു. ഇന്ത്യക്കാർ അന്ധവിശ്വാസങ്ങളെ അവലംബിച്ചാണ് ജീവിക്കുന്നതെന്നും, അവർ ഈ ലോകത്തെ മായയായും മായാ ലോകത്തെ യഥാർഥ ലോകമായും ആണ് ഗണിക്കുന്നതെന്നും അവർ ഇംഗ്ലണ്ടുകാരെയും അവിടത്തെ ഭരണാധികാരികളെയും പറഞ്ഞു ഫലിപ്പിച്ചു. ഇന്ത്യക്കാർ മോക്ഷത്തിന് വേണ്ടി പ്രാർഥനകളുമായി കഴിയുന്നവരാണെന്നും ശാസ്ത്രീയമോ സാങ്കേതികമോ ആയ ഒരു സംഭാവനയും അപരിഷ്കൃതരായ ഈ ജനതക്കില്ലെന്നും അവർ സമർഥിച്ചു. ബ്രിട്ടീഷ് ചരിത്രകാരൻമാരുടെ ഈ ജല്പനങ്ങൾ തെററാണെന്ന് തെളിയിക്കാൻ ഇന്ത്യൻ ദേശീയ ചരിത്രകാരൻമാർ ശ്രമിച്ചെങ്കിലും കാര്യങ്ങൾ ശാസ്ത്രീയമായ വിശകലനം ചെയ്യാൻ അവർക്ക് കഴിയാതെ പോയി.

പൗരാണിക ഇന്ത്യയുടെ കാര്യത്തിൽ ബ്രിട്ടീഷ് ചരിത്രകാരൻമാർ ഒളിപ്പിച്ച് വച്ച വസ്തുതകളെ ഇന്തോളജിസ്ററുകളായ യൂറോപ്യൻമാരും ദേശീയ ചരിത്രകാരൻമാരും പുറത്ത് കൊണ്ടുവന്നെങ്കിലും മുസ്‌ലിം സംഭാവനകളുടെ കാര്യത്തിൽ അതുണ്ടായില്ല. ആര്യനിസത്തെ ആംഗ്ലിക്കൻമാരുമായി ബന്ധപ്പെടുത്താൻ ശ്രമിച്ച ഇന്തോളജിസ്ററുകൾക്കും സവർണരായ ദേശീയ ചരിത്രകാരൻമാർക്കും അതിൽ താല്പര്യമുണ്ടായില്ല. അവരും മുസ്‌ലിംകൾക്കെതിരായ ബ്രിട്ടീഷുകാരുടെ മനോഭാവം തന്നെ പിന്തുടർന്നു. അതേ സമയം മതപരമായ സംഘർഷങ്ങളും ഭിന്നിപ്പുകളും ഉപരിവർഗത്തിന്റെയും മധ്യവർഗത്തിന്റെയും ഇടയിലായിരുന്നുവെന്നും താഴെക്കിടയിലുള്ള ഹിന്ദുവും മുസൽമാനും മത വിവേചനങ്ങൾക്കപ്പുറം തൊഴിലുകളിൽ ഒന്നിച്ച് നിന്നിരുന്നുവെന്നുള്ള വസ്തുതയും ചരിത്രകാരൻമാർ കാണാതെ പോയി. അലാഉദ്ദീൻ ഖിൽജിയും ടിപ്പു സുൽത്താനുമൊക്കെ സമീന്ദാർമാർക്കെതിരെ നടപടിയെടുത്തപ്പോൾ അത് ഹിന്ദുവിരോധമാക്കി ചിത്രീകരിച്ചവർ എന്തുകൊണ്ട് സുൽത്താൻമാരുടെ നടപടികൾ വഴി കർഷകരായ അധഃസ്ഥിതർക്കുണ്ടായ നേട്ടങ്ങളെ കുറിച്ച് മിണ്ടിയില്ല. ഇവർ

ഭൂരിപക്ഷവും ഹിന്ദുക്കളായിരുന്നല്ലോ.

വർഗീയ ചരിത്രം ഇന്ത്യയിലേക്ക് സന്നിവേശിപ്പിക്കുന്നതിന് ബ്രിട്ടീഷുകാരും സാമുദായിക ചരിത്രകാരൻമാരും കണ്ടുപിടിച്ച ഒരു മാർഗമാണ് ആര്യൻ മേധാവിത്തം. ആര്യൻമാർ ഒരു വർഗമാണെന്നും അവർ വന്നതിന് ശേഷമാണ് ഇന്ത്യക്ക് മതവും സംസ്കാരവും കൈവന്നതെന്നും ഇവർ പറഞ്ഞു പരത്താൻ തുടങ്ങി. സൈന്ധവ സംസ്കാരം കണ്ടെത്തുന്നത് വരെ ഈ വാദത്തിന് നല്ല പിൻബലം കിട്ടി. സത്യത്തിൽ സംസ്കൃത ടെക്സ്ററുകൾ പ്രകാരം ആര്യൻ എന്നത് ഒരു സംസ്കാരത്തിന്റെ പേരാണ്. വംശത്തിന്റെയോ വർഗത്തിന്റെയോ പേരല്ല. ആര്യൻ സംസ്കാരത്തിന്റെ വളർച്ചക്കാവട്ടെ രാജ്യത്തെ എല്ലാ വർഗങ്ങളും അവരുടേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. നാടോടികളായ ആര്യൻമാർ സംസ്കാരം കെട്ടിപ്പടുക്കുന്നതിന് കൂടുതലും ആശ്രയിച്ചത് അവരുടെ ശത്രുക്കളായ ദ്രാവിഡൻമാരെ തന്നെയാണ്. ദ്രാവിഡൻമാർ ഉന്നതമായ സംസ്കാരത്തിന്റെ വാഹകരായിരുന്നു. അവരെ തമസ്കരിക്കുകയായിരുന്നു അപരിഷ്കൃതരായ ആര്യൻമാർ. റോമില ഥാപർ ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നുണ്ട്. മുസ്ലിംകൾ മ്ലേഛൻമാരാണെന്ന ആര്യൻ വാദം ഉന്നയിച്ച് ദേശീയതയെ ആര്യനിസത്തിലേക്ക് ചേർത്തെഴുതുകയാണ് സാമുദായിക ചരിത്രകാരൻമാർ ചെയ്തത്. ഇവർ മുസ്ലിംകളെ തൊലിപ്പുറത്ത് നിറുത്തി.

ദ്രാവിഡ നാഗരികതയെ കുറിച്ച് പുരാവസ്തു ഗവേഷകർ ഒട്ടേറെ വിവരണങ്ങൾ തരുന്നു. ദ്രാവിഡ സംസ്കാരം ആഗിരണം ചെയ്യാൻ തുടങ്ങിയതോടെയാണ് ആര്യൻമാർ സാംസ്കാരികമായി വളർന്നത്. എങ്കിലും വർഗീയ ചിന്തകൾ അവരിൽ രൂഢമൂലമായി തന്നെ തുടർന്നു. പുതുതായി വന്ന ജൈന ബുദ്ധ സംസ്കാരങ്ങളേയും സിത്തിയൻ ഹൂണ സംസ്കാരങ്ങളേയും അവർ തങ്ങളുടെ സംസ്കാരത്തോട് ചേർക്കുകയായിരുന്നു. ഇന്ത്യയിലേക്ക് വന്ന ഒരു സംസ്കാരത്തേയും അവർ വേറിട്ട് നില്ക്കാൻ അനുവദിച്ചില്ല. ബുദ്ധ ജൈന മതങ്ങൾക്ക് മങ്ങലേൽക്കുവാൻ ഇതായിരുന്നു കാരണം. എന്നാൽ ഇസ്ലാം മതത്തെ ആഗിരണം ചെയ്യാൻ ആര്യൻമാർക്ക് കഴിഞ്ഞില്ല. ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള മുസ്ലിം മനോഭാവമായിരുന്നു മുഖ്യ കാരണം. ജാതീയതയുടെ പേരിൽ സമുദായത്തിൽനിന്ന് പുറത്താക്കപ്പെട്ട അധഃസ്ഥിതർ സൂഫികളുടെ സഹായത്തോടെ സ്വതന്ത്രരാക്കപ്പെട്ട് ഇസ്ലാമിലെത്തിയത്

ആര്യൻ മേധാവിത്തത്തിന് വെല്ലുവിളി സൃഷ്ടിച്ചു. ഇസ്‌ലാം ഹിന്ദുമതത്തിൽ ലയിക്കാതിരുന്നത് തെററായെന്നും അതാണ് പിൽക്കാലത്ത് പ്രശ്നങ്ങൾക്ക് കാരണമായതെന്നും ദേശീയ ചരിത്രകാരനായി വാഴ്ത്തപ്പെടുന്ന ആർ. സി മജൂംദാർ വരെ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ഹിന്ദുക്കളെല്ലാവരും മുസ്‌ലിംകളായിരുന്നെങ്കിൽ രണ്ടു ദേശീയതകൾ ഇന്ത്യയിലുണ്ടാകുമായിരുന്നില്ല എന്നും ജാതി ചിന്ത ഇല്ലാതെ ഇന്ത്യൻ സമൂഹം ഒററക്കെട്ടായി മാറിയേനെ എന്നും പാകിസ്താൻ ചരിത്രകാരൻമാരും വാദിക്കുന്നു. രണ്ട് വാദങ്ങളും ശരിയല്ല. ജാതീയതക്കപ്പുറമുള്ള ഇന്ത്യയുടെ സംസ്കാരത്തെ എല്ലാ വിശ്വാസക്കാരും സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ മുസ്‌ലിം മററ് മുസ്‌ലിം സമൂഹങ്ങളിൽ നിന്ന് വേറിട്ട് നില്ക്കുന്നത് അതുകൊണ്ടാണ്. ബുദ്ധമതക്കാരും ജൈന മതക്കാരും ഹിന്ദു മതത്തിൽ ലയിച്ചുവെന്ന് പറയുമ്പോഴും ആ മതക്കാർ ഇന്നും അവരുടെ വ്യത്യസ്തകൾ നിലനിറുത്തുന്നുണ്ട്. ഇന്ത്യയിലെ മുസ്‌ലിമിനേയും പാകിസ്താനിലെ മുസ്‌ലിമിനേയും ആശയപരമായി ഒന്നായി കാണാമെങ്കിലും അവരവരുടെ രാജ്യങ്ങളോടുള്ള മനോഭാവത്തിൽ രണ്ട് കൂട്ടരും വ്യത്യസ്ത വീക്ഷണങ്ങളാണ് പുലർത്തുന്നത്. ഇന്ത്യയിൽ തന്നെ മലബാർ മുസ്‌ലിമും തമിഴ് മുസ്‌ലിമും, ബംഗാളി മുസ്‌ലിമും സാംസ്കാരികമായി വ്യത്യാസപ്പെട്ടിരിക്കുന്നത് അവർ പല വിധേനയും തദ്ദേശീയ സംസ്കാരം ഉൾക്കൊണ്ടത് മൂലമാണ്. പ്രാദേശികമായും സാമുദായികമായും തൊഴിൽപരമായും ഉള്ള വൈജാത്യങ്ങളെ മത വിശ്വാസങ്ങൾക്കപ്പുറം ഉൾക്കൊള്ളുന്ന സ്ഥിതി വിശേഷം സഹജമാണ്. ഇതാണ് നാനാത്വത്തിലെ ഏകത്വം. ഇതിന് ഭൂമിശാസ്ത്രപരമായും പ്രകൃതിപരമായും വിശ്വാസപരമായും ഉള്ള ഘടകങ്ങളുണ്ട്. മതങ്ങളെ ഒന്നാക്കിയത് കൊണ്ട് തീരുന്നതല്ല ഈ പ്രശ്നങ്ങൾ. ഇതുൾക്കൊള്ളാതെ ഒരേ വാർപ്പിൽ തീർത്തെടുക്കാവുന്നതല്ല ഇന്ത്യയുടെ സംസ്കാരം. അത് വൈവിധ്യങ്ങളുടെ കലവറയാണ്. ഇവിടത്തെ ഭാഷകളും വേഷങ്ങളും സ്മാരകങ്ങളും ഈ വൈവിധ്യത്തിന്റെ തെളിവുകളാണ്. സംഗീതം, പെയിന്റിങ്ങ്, കലകൾ എന്നിവ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്തമായി തന്നെ നിലനിൽക്കുന്നത് സംസ്കാരം പരസ്പരം വിനിമയം ചെയ്യപ്പെടുമ്പോഴാണ്. അതിനാൽ ഏത് സമൂഹത്തിലും സാംസ്കാരങ്ങളിലും സമന്വയങ്ങൾ കാണാനാവും. അതിനെ വെട്ടി മാററാൻ ശ്രമിക്കുമ്പോഴാണ് മതങ്ങളുടേയും സംസ്കാരങ്ങളുടേയും മനോഹാരിതക്ക്

മങ്ങലേൽക്കുന്നത്.

എല്ലാം സാമുദായിക കണ്ണിലൂടെ മാത്രം നോക്കുന്നത് ശരിയായിരിക്കില്ല. ഇന്ത്യയിൽ കേവലമായ ഹിന്ദു ഭരണമോ മുസ്‌ലിം ഭരണമോ ഉണ്ടായിട്ടില്ല. രാജധർമമനുസരിച്ച് മാത്രമാണ് ഹിന്ദു രാജാക്കൻമാർ ഭരിച്ചിരുന്നതെങ്കിൽ ഇവിടെ ജാതി വ്യവസ്ഥ ഉണ്ടാവുമായിരുന്നില്ല. രാജധർമത്തിൽ ജാതി വ്യവസ്ഥക്ക് നിലനില്പില്ല. എല്ലാ പ്രജകൾക്കും നീതിയാണ് അത് പ്രദാനം ചെയ്യുന്നത്. മനുസ്മൃതിയും അർഥ ശാസ്ത്രവുമാണ് രാജാക്കൻമാരെ നയിച്ചിരുന്നത്.  അത് പോലെ മുസ്‌ലിംകളുടേതെന്ന് പറയപ്പെടുന്ന ഭരണത്തിൽ ശരീഅത്തിന് കാര്യമായ സ്ഥാനമൊന്നും നല്കിയിരുന്നില്ല. ഏററവും ഭക്തനായി കരുതപ്പെടുന്ന  ഔറംഗസേബ് പോലും ശരീഅത്ത് പ്രകാരമല്ല ഭരിച്ചത്. സവാബിത് എന്ന പേരിലുള്ള പേർഷ്യൻ നാട്ടു നിയമങ്ങളെയാണ് സുൽത്താൻമാർ പിന്തുടർന്നത്. മുഗളൻമാരാവട്ടെ അവരുടെ പൂർവികരുടെ മാർഗവും സ്വീകരിച്ചു. ഇതിന് വേണ്ടി ഔറംഗസേബിന്റെ കാലത്ത് സവാബിതേ ആലംഗീരി എന്നൊരു നിയമ സംഹിത തന്നെ തയാറാക്കി. സുൽത്താൻമാരുടേയും മുഗളരുടേയും മേധാവിത്തം സംരക്ഷിച്ച് കൊണ്ടാണ്  നിയമ നിർമാണം നടത്തിയത് തന്നെ. അതിന് പലപ്പോഴും ഇസ്‌ലാമിക നിയമങ്ങളെ ദുർവ്യാഖ്യാനിക്കുക കൂടി ചെയ്തു.

കൃഷിഭൂമിയുടെ ഉടമസ്ഥരായ സമീന്ദാർമാരുമായി തുർക്കി സുൽത്താൻമാരും മുഗളരും അടുത്ത ബന്ധം പുലർത്തിയത് കാണാം. സമീന്ദാർമാർ ഗ്രാമ മുഖ്യൻമാരുമായും അവരുടെ അധീനത്തിലുള്ള പ്രദേശങ്ങളുമായും അടുത്ത ബന്ധമുള്ളവരായതിനാൽ  നികുതി പിരിവിനും  സൈനിക സംഭാവനകൾക്കും അവരെത്തന്നെ ആശ്രയിക്കേണ്ടി വന്നു. മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ കാലം തൊട്ട് സമീന്ദാർമാർക്ക് കൂടുതൽ ഉന്നത പദവികൾ നൽകി വന്നു. അവരെ ഗവർണർമാരായും പട്ടാള മേധാവികളായും നിയമിച്ചു പോന്നു. അക്ബറിന്റെ കാലം തൊട്ട് രജപുത്രൻമാരെ ഭരണത്തിന്റെ കുഞ്ചിക സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചു. ഔറംഗസേബിന്റെ കാലത്ത് കൂടുതൽ രജപുതന്ർമാർ ഭരണത്തിന് ചുക്കാൻ പിടിച്ചു. ഇവരിൽ പലരുമായും വിവാഹത്തിലൂടെ ബന്ധം സ്ഥാപിച്ചു. ബദ്ധശത്രുവായിരുന്ന വിജയ നഗരത്തിലെ കൃഷ്ണ ദേവരായരുടെ മകളെ ഭാര്യയായി സ്വീകരിക്കുന്നതിൽ ഒരു വിമ്മിട്ടവും ദേവരായർക്കോ ബഹ്മനി സുൽതാനായ ഫിറോസ് ഷാ

ബഹ്മനിക്കോ ഉണ്ടായില്ല. അവർ മുസ്‌ലിമായി ജീവിക്കുന്നതിലും പ്രശ്നമുണ്ടായില്ല. ചില ഭാര്യമാർ ഹിന്ദുക്കളായി തന്നെ തുടർന്നതും കാണാം. കശ്മീരിലെ സൈനുൽ ആബിദീന്റെ ഭാര്യമാർ പലരും ഹിന്ദുക്കളായിരുന്നു. അക്ബറിന്റെ ഭാര്യമാരും തഥൈവ. ശത്രുവായ രജപുത്രരാജാവ് റാണാ പ്രതാപനുമായി ശത്രുതയിൽ കഴിയുമ്പോൾ തന്നെയാണ് മിക്ക രജപുത്ര കുടുംബങ്ങളുമായും അക്ബർ ചങ്ങാത്തം സ്ഥാപിക്കുന്നത്.

ഭരാജാക്കൻമാർ അവരുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി യുദ്ധങ്ങൾ നടത്തുന്നു. അവരിൽ മുസ്‌ലിംകളും ഹിന്ദുക്കളും തമ്മിലും ഹിന്ദുവും ഹിന്ദുവും തമ്മിലും മുസൽമാനും മുസൽമാനും തമ്മിലും യുദ്ധങ്ങളുണ്ടാവും. ആ യുദ്ധങ്ങളുടെയൊന്നും പിന്നിൽ മതപരമായ ലക്ഷ്യങ്ങളുണ്ടാവാറില്ല. എല്ലാം അവരവരുടെ രാഷ്ട്രീയ മേധാവിത്തം സ്ഥാപിക്കാൻ വേണ്ടി ചെയ്യുന്നവയാണ്. അതേ സമയം കാര്യ സാധ്യത്തിനായി രാജാക്കൻമാർ മതത്തെ ചൂഷണം ചെയ്തേക്കും. സാമുദായിക വാദികൾ ഈ യുദ്ധങ്ങളേയൊക്കെ മതപരമായി വ്യാഖ്യാനിക്കുകയും ചെയ്യും. സാധാരണ ജനങ്ങളെ ഈ യുദ്ധങ്ങൾ കാര്യമായി ബാധിക്കുന്നില്ല. ഒരേ തൊഴിൽ ചെയ്യുന്നവരുടെ കൂട്ടായ്മക്ക് മത വിശ്വാസങ്ങൾ ഒരു പ്രതിബന്ധവും സൃഷ്ടിച്ചിട്ടുമില്ല. അതിനാൽ രാജാക്കൻമാരുടെ മനോഭാവം നോക്കി നാട്ടിലെ സാംസ്കാരിക പ്രശ്നങ്ങളെ അളക്കുന്നത് ശരിയാവില്ല. ജനങ്ങളുടെ ജീവിതവും കൂടി പഠനത്തിന്റെ ഭാഗമാവണം. മതപരമായ സങ്കീർണതകൾ അപ്പോൾ അസ്തമിക്കും. മത സമൂഹങ്ങൾ തമ്മിൽ ശത്രുതയില്ലാത്ത കാലമായിരുന്നു മധ്യകാലം. സൂഫികളും ഭഗതുകളും പരസ്പരം മനസ്സിലാക്കാനും സൗഹൃദത്തിന്റെ വഴികൾ തേടാനും ശ്രമിച്ചിരുന്നു. മത വിശ്വാസങ്ങൾ മനുഷ്യനെ ഭിന്നിപ്പിക്കുന്നില്ല എന്നും മതം ആരെയും അടിച്ചേൽപ്പിക്കുന്നില്ല എന്നും മനുഷ്യരോടെല്ലാം വിശ്വാസങ്ങൾക്കുപരിയായ മാനവികത വേണമെന്നുമാണ് സൂഫികളും ഭക്തി നേതാക്കളും പഠിപ്പിച്ചത്. പരസ്പര വിരുദ്ധമായ ആശയങ്ങൾ വച്ചു പുലർത്തുമ്പോൾ തന്നെ ജീവിതത്തിലെ സൗഹൃദം അവർക്ക് കാത്തുസൂക്ഷിക്കാൻ കഴിഞ്ഞത് മാനവികതക്ക് ഊന്നൽ നല്കിയത് കൊണ്ടാണ്. രാഷ്ട്രീയ ആവശ്യങ്ങൾക്കായി മതത്തെ ഉപയോഗപ്പെടുത്തുന്നതും അപ്രകാരം കൊട്ടാര പണ്ഡിതൻമാർ മതത്തെ വ്യാഖ്യാനിച്ച് കൊടുക്കുന്നതും എക്കാലത്തുമുണ്ട്. അതിനെ പ്രതിരോധിച്ചു എന്നതാണ് ആത്മീയ നേതാക്കളുടെ വിജയം. അതേ

സമയം പല സുൽത്താൻമാരും തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യം സാധിക്കുന്നതിന് മതപണ്ഡിതൻമാരെ കൂട്ടുപിടിക്കുമായിരുന്നു. ഏത് മതത്തിൽ പെട്ടതായാലും ഇന്ത്യയുടെ ആത്മീയ മനസ്സ് നാനാത്വത്തിലെ എകത്വം നിലനിറുത്തുന്നതിന് വലിയൊരളവ് വരെ രാജ്യത്തെ പ്രാപ്തമാക്കിയിട്ടുണ്ട്.

●

# ആറ്
# ഇർഫാൻ ഹബീബ് പറയുന്നത്

കാൾ മാർക്സ് ഇന്ത്യ സന്ദർശിച്ചിട്ടില്ല. ഗ്രന്ഥങ്ങളിലൂടെയും ബ്രിട്ടീഷ് രേഖകളിലൂടെയുമാണ് അദ്ദേഹം ഇന്ത്യയെ വിലയിരുത്തുന്നത്. തദടിസ്ഥാനത്തിൽ ഇന്ത്യയെകുറിച്ച് പല ലേഖനങ്ങളും അദ്ദേഹം എഴുതി.1 1850കളിലും 60കളിലുമാണ് മാർക്സ് ഇന്ത്യയെകുറിച്ച് കാര്യമായി എഴുതുന്നത്. ലേഖനങ്ങൾ വിലയിരുത്തുമ്പോൾ വീക്ഷണങ്ങളിലുണ്ടായ മാററം ദൃശ്യമാകും. മാർക്സിയൻ ചരിത്രകാരൻ തന്നെയായ ഇർഫാൻ ഹബീബ് ഈ വീക്ഷണങ്ങളെ പഠനവിധേയമാക്കുകയാണ്.

ജർമൻ ചിന്തകനായ ഹെഗലിനെ ആസ്പദിച്ചാണ് ബ്രിട്ടീഷാധിപത്യത്തിന് മുമ്പുള്ള ഇന്ത്യയെ മാർക്സ് വിലയിരുത്തുന്നത്. ഹെഗൽ എഴുതി: ''ഹിന്ദുക്കൾക്ക് ചരിത്രമില്ല. വ്യത്യസ്തമായ രാഷ്ട്രീയ വളർച്ചയിലേക്ക് വികസിക്കും വിധമുള്ള വളർച്ചയുമില്ല.''2 ''ഇന്ത്യൻ ജനതക്ക് വിദേശ രാഷ്ട്രങ്ങളെ കീഴടക്കാൻ കഴിഞ്ഞില്ല. മറിച്ച് അവർ പലപ്പോഴായി സ്വയം തൂത്തെറിയപ്പെടുകയായിരുന്നു.''3 ഈ വിവരത്തെ അടിസ്ഥാനമാക്കിയാണ് ''ഇന്ത്യൻ സമൂഹത്തിന് ചരിത്രമില്ല. ഏററവും ചുരുങ്ങിയത് അറിയപ്പെടുന്ന ചരിത്രമില്ല''എന്ന വിഖ്യാതമായ പ്രസ്താവം മാർക്സ് നടത്തിയത്. പോരാട്ടം നടത്താത്ത മാററങ്ങളില്ലാത്ത സമൂഹത്തിന് മേൽ വിവിധ അധിനിവേശക്കാരുടെ സാമ്രാജ്യ സ്ഥാപനത്തിന്റെ ചരിത്രം മാത്രമാണ് ഇന്ത്യക്കുള്ളത് എന്ന നിഗമനമാണ് മാർക്സ് പുലർത്തിയത്. ഇത് മാർക്സിന്റെ വീക്ഷണത്തിൽ ചരിത്രമേ അല്ല.

ഇന്ത്യയിലെ വിശ്വാസങ്ങളെ കുറിച്ച് പറയുമ്പോഴും മാർക്സ് ഹെഗലിനെ പിന്തുടരുന്നു: ''വധിക്കുക എന്നത് തന്നെ ഹിന്ദുസ്ഥാനിൽ മതാചാരമാണ്. പ്രകൃതിയെ മാരകമായി ആരാധിക്കു

കയാണവർ. പ്രകൃതിയുടെ പരമാധികാരിയാണ് മനുഷ്യൻ എന്ന വസ്തുത അംഗീകരിച്ച് കൊണ്ട് തന്നെ കുരങ്ങനായ ഹനുമാന്റേയും പശുവായ കാമധേനുവിന്റേയും മുമ്പിൽ കുമ്പിട്ട് കൊണ്ട് അവർ സ്വയം അധഃപതിക്കുകയാണ്.''4 ഇന്ത്യയിലെ ഗ്രാമീണ സമൂഹങ്ങൾ അടിമത്തം വഴിയും ജാതി വ്യവസ്ഥ വഴിയും മലിനീകരിക്കപ്പെട്ട ഒരു സമൂഹമാണ്. ഇന്ത്യൻ ഗ്രാമങ്ങളുടെ ക്രൂരമായ അഹംഭാവങ്ങളെ മാർക്സ് അപലപിക്കുന്നു. ഒരു കഷ്ണം ഭൂമിയിൽ ദുരിത പൂർണമായ ജീവിതം തള്ളുന്ന ഈ ഗ്രാമീണർ സാമ്രാജ്യങ്ങളുടെ അധഃപതനങ്ങളും, വിവരിക്കാനാവാത്ത വിധമുള്ള ക്രൂരതകളും വൻ നഗരങ്ങളിലെ കൂട്ടക്കൊലകളും ശാന്തമായി നോക്കി നിന്നു. പ്രകൃതിയുടെ അനുഗ്രഹമല്ലാതെ മറ്റൊരു പരിഗണനയും അവർക്കില്ലായിരുന്നു.5

ഹെഗലിന്റെ വീക്ഷണങ്ങൾ ശരിവച്ചെങ്കിലും അവ അപ്പടി അവതരിപ്പിക്കുകയല്ല മാർക്സ് ചെയ്തത്. വീക്ഷണങ്ങളെ വൈരുദ്ധ്യാത്മികതയുടെ വെളിച്ചത്തിൽ വിവരിക്കാൻ ശ്രമിച്ചു. ഇന്ത്യൻ സാമൂഹിക വ്യവസ്ഥയുടെ സൃഷ്ടിയാണ് ഈ സമൂഹത്തിൽ കാണുന്ന പ്രത്യേക അവസ്ഥകളെന്ന് മാർക്സ് സമർഥിച്ചു. ഇത് വിവരിക്കാൻ വിവിധ രേഖകളും ഗ്രന്ഥങ്ങളും അദ്ദേഹം അവലംബിക്കുകയും ചെയ്തു. [6]

ഇന്ത്യയുടെ ഗ്രാമീണ സമൂഹത്തെ വിലയിരുത്തിക്കൊണ്ടാണ് ഇന്ത്യയെ കുറിച്ചുള്ള പഠനങ്ങൾ മാർക്സ് ആരംഭിക്കുന്നത്. ഇന്ത്യയിൽ കൃഷി ഭൂമിയുടെ പൊതുവായ ഉടമസ്ഥത നിലനിന്നിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പൊതുവായ കണ്ടെത്തൽ.7 ഹിന്ദു വ്യവസ്ഥ പ്രകാരം ഭൂമിയുടെ അവകാശം ഗ്രാമീണ കോർപറേഷനുകളിലാണ് നിലനിന്നിരുന്നത്. ഈ കോർപറേഷനുകളാണ് കർഷകർക്ക് ഭൂമി വിതരണം ചെയ്യുന്നത്. തരിശുഭൂമി ഗ്രാമത്തലവൻ കർഷകർക്ക് വിതരണം ചെയ്യുന്ന സമ്പ്രദായം അന്ന് നിലവിലുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാവണം ഏകീഭൂതമായ ഗ്രാമീണ ഉടമസ്ഥത (corporate village ownership) യെന്ന ആശയം മാർക്സ് കൊണ്ടു വന്നത്.8 ഇത്തരത്തിലുള്ള ഗ്രാമീണ സമൂഹത്തേയാണ് മാർക്സ് ഏഷ്യാററിക് സമൂഹമെന്ന്(Asiatic Society) വിശേഷിപ്പിച്ചിരിക്കുന്നത്.

ഇന്ത്യൻ സമൂഹത്തിൽ വൈരുദ്ധ്യാത്മകമായ രണ്ട് പ്രതിഭാസങ്ങൾ കൂടി മാർക്സ് കണ്ടെത്തുന്നു. ഒന്ന്: തൊഴിൽ വിഭജനത്തിൽ പുരോഗതിയില്ലായ്മ. തത്ഫലമായി ഉല്പാദന പ്രവർത്തനങ്ങളിൽ

ദേശപരമായ ഐക്യം നിലനിന്നിരുന്നുവെന്ന് പറയാം. രണ്ട്: മാററപ്പെടാത്ത തൊഴിൽ വിഭജനം കൊണ്ട് എതിർ ദിശയിലുണ്ടാകുന്ന പുരോഗതി. ജാതി വ്യവസ്ഥയെ കുറിച്ചാണ് ഇപ്പറഞ്ഞത്. ഇതിന്റെ ഗുണവശമെന്നത് കരകൗശലക്കാർക്ക് സമൂഹം നല്കുന്ന മാററമില്ലാത്ത വിപണിയാണ് (unchanging market). ഒരിക്കൽ സ്ഥാപിച്ച തൊഴിൽ വിഭജനത്തിൽ സമൂഹം ഒരു മാററവും അനുവദിക്കുന്നില്ല. ഇന്ത്യൻ സമൂഹം മാററത്തിന് വിധേയമല്ലെങ്കിലും അതിന്റെ ആയുസ്സിനോ കെട്ടുറപ്പിനോ ഒരു കുറവുമില്ലെന്നാണ് മാർക്സ് പറയുന്നത്. സമൂഹത്തിൽ വ്യക്തി സ്വതന്ത്രനാവുന്നില്ല എന്നത് കൊണ്ടാണിത്. ഉല്പാദനമാവട്ടെ കൃഷിയും തൊഴിലും ഒരുമിച്ച് സ്വയം നിലനിറുത്തുന്നതാണ് താനും. അഥവാ കർഷകൻ തന്നെയാണ് തൊഴിലാളിയും. കുടിൽ വ്യവസായ രീതി അത്തരത്തിലുള്ളതാണ്.

യുദ്ധങ്ങളുണ്ടാകുമ്പോൾ ഒരു ഗോത്രം മറെറാന്നിനെ കീഴടക്കിയേക്കാം. അത് കീഴടക്കപ്പെട്ട ജനതയുടെ സ്വത്തിന് രൂപഭേദം വരുത്തിയേക്കാം. ജനം അടിമകളോ കീഴാളരോ ആയി മാറിയേക്കാം; എന്ന് വച്ച് ഇന്ത്യൻ ജനതയുടെ ആന്തരികമായ ഐക്യ ദാർഢ്യത്തെ ഒരിക്കലും അത് ബാധിക്കില്ല. അടിമകളും കീഴാളരും ആദ്യമേ ജാതി വ്യവസ്ഥയുടെ ഭാഗമാണല്ലോ? ഈ വ്യവസ്ഥ മൂലം അധിനിവേശ ശക്തികൾക്ക് വളരെ പെട്ടെന്ന് ഇന്ത്യൻ സമൂഹത്തെ ചൂഷണം ചെയ്യാൻ കഴിഞ്ഞു.9 മുഗൾ സാമ്രാജ്യം സന്ദർശിച്ച ഫ്രാങ്കോയിസ് ബർണിയറുടെ യാത്രാവിവരണം മാർക്സ് പഠനവിധേയമാക്കിയിരുന്നു. ഭൂമിയിൽ സ്വകാര്യ സ്വത്തവകാശമില്ലാത്തതിന്റെ പേരിൽ മുഗൾ സാമ്രാജ്യം ജീർണിക്കുകയാണെന്ന നിഗമനമാണ് ബർണിയർ പുലർത്തിയത്. ഭൂമിയുടെ പരമാധികാരം ഭരണാധികാരിയിൽ നിക്ഷിപ്തമായിരുന്നു. അതേ സമയം ഗ്രാമീണരുടെ കൈയിലായിരിക്കും എന്നും സ്വത്ത്. യഥാർഥത്തിൽ ഗ്രാമീണ സമൂഹങ്ങളുടെ മേലെയുള്ള പരമാധികാരിയാണ് ഭരണാധികാരി. സ്വത്തിന്റെ പരമാധികാരം തീർച്ചയായും അദ്ദേഹത്തിന് തന്നെ. ഗ്രാമീണ സമൂഹങ്ങൾ പരമ്പരാഗതമായുള്ള കൈവശക്കാരാണ്. ഉല്പാദനത്തിന്റെ മിച്ചം ഭരണാധികാരിക്കുള്ളതാണ്. പൗരസ്ത്യ സ്വേഛാധിപത്യത്തിന് (Oriental Despotism) നിയമപരമായ സ്ഥിരം രേഖയുണ്ടാവില്ല. ആരാണോ ഭരണാധികാരി അയാൾ സ്വയം ഭൂമിയുടെ പരമാധികാരിയായി മാറുന്നു. അതേ സമയം ഭൂമിയുടെ കൈവശപരമായ

ഉടമസ്ഥത എന്നും ഗ്രാമീണ സമൂഹത്തിന് തന്നെയായിരിക്കും.10 ഉല്പാദനമിച്ചം(Surplus) ഭരണാധികാരിക്കുള്ളതാണ്. അതിനാൽ കർഷകൻ കൊടുക്കുന്ന വാടക(പാട്ടം)യുടെ യഥാർഥ അവകാശി ഭരണാധികാരിയാണ്. പൗരസ്ത്യ സ്വേഛാധിപത്യത്തെ മാർക്സ് ഇപ്രകാരമാണ് നിർവചിച്ചത്.

മാർക്സിന്റെ വിലയിരുത്തൽ പൂർണമായി ശരിയല്ലെന്നാണ് ഇർഫാൻ ഹബീബ് പറയുന്നത്. കർഷകനും ഭരണാധികാരിക്കും പുറമേ അവർക്കിടയിൽ ശക്തമായി നിലയുറപ്പിച്ചിരുന്ന സമീന്ദാർ മാർക്ക് വേണ്ട പരിഗണന മാർക്സ് കൊടുത്ത് കാണുന്നില്ല. ഇവർ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരാണെന്നും അവർ അവകാശങ്ങൾ സർക്കാരിൽ നിന്ന് തട്ടിയെടുത്തതാണെന്നുമാണ് മാർക്സ് പറയുന്നത്. ഇതൊട്ട് ശരിയല്ലതാനും. പക്ഷേ മാർക്സ് സമീന്ദാർമാരെ കുറിച്ച് അവ്യക്തമായ ചില സൂചനകൾ നല്കാതിരുന്നിട്ടുമില്ല. ഭരണാധികാരികളെ ചുററിപ്പററിയുള്ള ഒരു സാമൂഹിക വർഗം നില നിന്നിരുന്നെന്ന് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. ഇവരിൽ നിന്നാണ് പിൽകാല ഫ്യൂഡൽ പ്രഭുക്കൾ വളർന്ന് വന്നതത്രേ. മാർക്സ് തന്റെ നിഗമനങ്ങളിലെത്തിച്ചേരുന്നത് ബ്രിട്ടീഷുദ്യോഗസ്ഥൻമാരുടെ വിവരണങ്ങളുടെ അടിസ്ഥാനത്തിലാണ്.

ജീവിതത്തിന്നാവശ്യമായ ചരക്കുകളുടെ ഉൽപാദന മിച്ചത്തിന്റെ (surplus) വിനിമയ കാര്യത്തിൽ മാർക്സിന്റെ നിഗമനങ്ങളിൽ മാററം കാണുന്നുണ്ട്. ജീവിതത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമേ ചരക്കുകൾ ഉൽപാദിപ്പിച്ചിരുന്നുള്ളു എന്നതിനാൽ വിനിമയം(exchange) നടന്നിരുന്നില്ല എന്ന വിശ്വാസമാണ് മാർക്സ് പുലർത്തിയിരുന്നത്. എന്നാൽ പിന്നീട് പറയുന്നത് ഇതൊരു സാധ്യത മാത്രമാണെന്നാണ്. ഇന്ത്യൻ ഗ്രാമങ്ങളിൽ ഉല്പാദനത്തിന്റെ അവസ്ഥകളും തൊഴിൽപരമായ വിഭജനവും ഉണ്ടായത് ചരക്കുകളുടെ വിനിമയം വഴിയാണെന്ന് അദ്ദേഹം സമർഥിക്കുന്നു. ഉല്പാദനമിച്ചം തന്നെയാണ് ചരക്കായി മാറുന്നത്. ഇതിൽ ഒരു ഭാഗം സ്റേററിന് നല്കിയാലും മറേ ഭാഗം ചരക്കു രൂപത്തിൽ വിനിമയത്തിന് വിധേയമാകുന്നു.11

**<u>മാർക്സിന്റെ നിഗമനങ്ങളുടെ ആകെത്തുക ഇതാണ്:</u>**

1. കർഷകൻ അവന്റെ ഉല്പാദനത്തിന്റെ ഒരു ഭാഗം അവന്റെ നില നില്പിന് വേണ്ടി നീക്കി വയ്ക്കുന്നു. അത് മാർക്കററിലേക്ക് പോകുന്നില്ല. കൃഷിയും കരകൗശല ഉല്പന്നങ്ങളും കർഷകരു

ടെ തന്നെ കൈയിലായത് കൊണ്ട് അവർക്ക് ഒന്നും മാർക്കററിൽ നിന്ന് വാങ്ങേണ്ടി വരുന്നില്ല. പ്രകൃതി പരമായ ഒരു സാമ്പത്തിക വ്യവസ്ഥയിൽ അവൻ ജീവിക്കുന്നു.

2. ഉല്പാദനത്തിന്റെ ഒരു ഭാഗം വാടക(പാട്ടം)യിനത്തിൽ കർഷകൻ ജൻമിക്ക് കൊടുക്കണം. ഇങ്ങനെയാണ് മിച്ചോൽപാദനം ചൂഷണം ചെയ്യപ്പെടുന്നത്. പാട്ടമായി ജൻമിക്ക് കിട്ടുന്നതിന്റെ ഒരു ഭാഗം മാർക്കററിലേക്ക് പോകും. ഗ്രാമത്തിന് പുറത്ത് അത് വിനിമയത്തിനുള്ള ചരക്കായി മാറുന്നു.

3. ചിലപ്പോൾ ചെറിയ രീതിയിൽ ഗ്രാമീണർക്കിടയിൽ വിനിമയം നടന്നേക്കും. അത് നികുതിയായി ജൻമിക്ക് കൊടുത്തെന്നുമിരിക്കും. ആ തുകയും ഗ്രാമത്തിന് പുറത്ത് വിനിമയം ചെയ്യപ്പെടും

പ്രകൃതിപരമായ സാമ്പത്തിക വ്യവസ്ഥിതി ഗ്രാമങ്ങളിൽ മാത്രം ഒതുങ്ങിയെന്നും ഗ്രാമങ്ങളുടെ പുറത്ത് ചരക്കുകളുടെ വ്യാപകമായ വിനിമയം നടന്നിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ വിഭജനമുണ്ടായതെന്നുമാണ് പിന്നീട് മാർക്സ് സമർഥിക്കുന്നത്.

## ഉല്പാദനത്തിന്റെ ഏഷ്യാററിക് രീതി

(Asiatic Mode of Production**):**

ഉല്പാദനത്തിന്റെ കാര്യത്തിൽ ഏഷ്യക്ക് ഒരു പ്രത്യേക രീതിയുണ്ടെന്ന് കണ്ടെത്തുന്ന മാർക്സ് രണ്ട് ഘടകങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്; ഗ്രാമീണ സമൂഹവും (ഢശഹഹമഴല ഇീാാൗിശ്യേ) പൗരസ്ത്യ സ്വേഛാധിപത്യവും (ഛൃശലിമേഹ ഉലുീശേോ). ആദ്യത്തേത് തൊഴിൽ ക്രമം, തൊഴിൽ സ്ഥിരത, ഉല്പാദനം എന്നിവ ഉൾകൊള്ളുന്നു. രണ്ടാമത്തേത് മിച്ചോല്പാദനം ചൂഷണം ചെയ്യുന്ന രീതിയാണ്. ഏഷ്യയിൽ ഒരു വർഗ സമൂഹവും അവരുടെ മിച്ചോല്പാദനം ചൂഷണം ചെയ്യുന്ന ഒരു ഭരണ വർഗവും നില നിന്നിരുന്നുവെന്ന് മാർക്സ് കണ്ടെത്തുകയാണ്. ഗ്രാമത്തിന് പുറത്തുള്ള മിച്ചോല്പാദനത്തിന്റെ വിനിമയത്തെ അടിസ്ഥാനമാക്കിയാണത്രേ തൊഴിൽ വിഭജനം. മാർക്സിന്റെ ഈ നിഗമനങ്ങളെ അപ്പടി അംഗീകരിക്കാൻ കഴിയില്ലെന്നാണ് ഇർഫാൻ ഹബീബ് പറയുന്നത്. കാരണം അവയിൽ വൈരുധ്യങ്ങളുണ്ട്.13

1867 ന് ശേഷം തന്റെ വീക്ഷണങ്ങൾ പലതും മാർക്സ് മാറ്റിയിട്ടുണ്ടെന്ന് ഇർഫാൻ ഹബീബ് പറയുന്നു. ഏഷ്യാറ്റിക് രീതിയിലെ

പല സ്വഭാവങ്ങളും പ്രത്യേകിച്ച് സാമൂഹിക കൃഷി സമ്പ്രദായം ആഗോളപരമാണെന്ന് അദ്ദേഹം അംഗീകരിക്കുന്നുണ്ടത്രേ. പ്രാകൃത കമ്മ്യൂണിസത്തിൽ നിന്ന് കമ്മ്യൂണിസത്തിലേക്കുള്ള പരിണാമം രൂപപ്പെടുത്തിയപ്പോഴാണ്14 ഏഷ്യാറ്റിക് മോഡ് ഫലപ്രദമാവില്ലെന്ന് മാർക്സിന് തോന്നിയത്. പ്രാകൃത കമ്മ്യൂണിസത്തിൽ നിന്ന് അടിമത്തത്തിലേക്കുള്ള മാറ്റം ഇന്ത്യയിലും വേണമല്ലോ? ഇക്കാരണത്താൽ സ്ഥിരമായി നില്ക്കുന്ന ഏഷ്യാറ്റിക് സമ്പ്രദായം മാർക്സ് പുനരവലോകനം ചെയ്യുകയാണ്.

ഏഷ്യാറ്റിക് മോഡ് മാർക്സ് തീരെ ഉപേക്ഷിച്ചു എന്ന് പറയുന്നതും ശരിയല്ല. കൃഷിയും കരകൗശല തൊഴിലും തമ്മിലുള്ള ഐക്യവും മാറ്റത്തിന് വിധേയമല്ലാത്ത തൊഴിൽ വിഭജനവും ഏഷ്യാറ്റിക്കിന്റെ മാത്രം പ്രത്യേകതയായി അദ്ദേഹം കാണുന്നു. അതേ സമയം ഇന്ത്യയിൽ ഫ്യൂഡലിസം നില നിന്നിരുന്നുവെന്ന് അദ്ദേഹം സമ്മതിക്കുന്നുമില്ല. അപ്പോൾ മാർക്സിന്റെ പരിണാമ ക്രമം ഇന്ത്യയിൽ എങ്ങനെയാണ് പ്രായോഗികമാവുക എന്ന ചോദ്യം അവശേഷിക്കുന്നു. ഇവിടെ മാർക്സിന്റെ വൈരുധ്യാധിഷ്ഠിത വാദം ആകെപ്പാടെ വൈരുദ്ധ്യപ്പെടുകയാണ്.

## ഗ്രന്ഥസൂചി:

1.ഇന്ത്യയെ കുറിച്ച് മാർക്സ് എഴുതിയ ചില പ്രധാന ലേഖനങ്ങൾ

The British Rule in India, The Future Results of British Rule in India (New York Daily Tribune); Collections, Karl Marx and Engels, On Colonialism, Karl Marx and Engels,

1. The First War of Independence 1857-89, Karl Marx, Articles on India;Karl Marx, Notes on Indian History(1664-1858)

2. Frederick Hegel, The Philosophy of History, translated by J.Sibree,Ne-w Y-o-rk,1956,163

3. Ibid.,142

4. Tribune,article,10 June 1853, On Colonialism,36-37

5. Ibid.

6. Vth Report on the Affairs of East India Company; Wilks, Historical Sketches of South India,1810; John Campbell, Mern India; James Mill, History of British India; Bernier, Travels; Manusmrithi,

tr. Sir William Johns. ?

7. Irfan Habib, Essays in Indian History, Towards a Marxist Perception, Delhi,1995,19

8. Ibid.,20

9. For details see On Colonialism, 36-37

10.Hobsbawn, Pre capital Economic Formations, London,1964,66-70

11. Capital,I,351

12. See Irfan Habib,27

13. Irfan Habib,30

14. പ്രാകൃത കമ്മ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, കാപിറ്റലിസം, കമ്മ്യൂണിസം എന്ന ക്രമാനുഗതമായ പ്രക്രിയയെ കുറിച്ചാണ് ഈ പറയുന്നത്.

●

## ഏഴ്

# കൊളോണിയലിസം: മാർക്സിന്റെ കാഴ്ചപ്പാട്

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി അധിനിവേശം ഇന്ത്യയെ ബ്രിട്ടീഷ് ആധിപത്യത്തിന് വഴിപ്പെടുത്തി. നികുതിയിലൂടെ തങ്ങളുടെ മൂലധനം വർധിപ്പിക്കുകയായിരുന്നു കമ്പനി അധികാരികളുടെ ആദ്യ ലക്ഷ്യം. അങ്ങനെ ഇന്ത്യയെ നേരിട്ട് കൊള്ള ചെയ്യുവാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞു. ഇതിന്റെ ചെറിയ ഒരു അംശം മാത്രമേ നാടിന്റെ വികസനത്തിന് വേണ്ടി ചെലവാക്കിയിരുന്നുള്ളൂ. ഇത് ഉല്പാദകർക്ക് കനത്ത നഷ്ടങ്ങൾ വരുത്തുമെന്ന് മാർക്സ് മുന്നറിയിപ്പ് നല്കി. ബ്രിട്ടീഷ് ഇന്ത്യൻ ഗവൺമെന്റ് ചെയ്യുന്ന അത്ര ദുർവ്യയം ലോകത്തെവിടെയുമില്ലെന്ന് മാർക്സ് പറയുന്നു.

ഇന്ത്യയെ കൊള്ള ചെയ്തിരുന്നത് നികുതി വഴി മാത്രമായിരുന്നില്ല. കൈക്കൂലി, സമ്മാനങ്ങൾ തുടങ്ങിയ ഇനങ്ങളിലും നല്ലൊരു തുക കമ്പനി അധികൃതർ കൈയിലാക്കി. കച്ചവടം വഴി വന്നിരുന്ന വരുമാനത്തിന് പുറമേയാണിത്. ഇങ്ങനെ ബ്രിട്ടീഷ് വ്യക്തികൾ സമ്പാദിച്ച പണം ഇംഗ്ലണ്ടിലേക്കൊഴുകി. ഇത് ഇംഗ്ലണ്ടിന്റെ ദേശീയ വരുമാനം വർധിപ്പിച്ചു. താമസിയാതെ ഇന്ത്യ പിടിച്ചെടുക്കുന്നതിന് വേണ്ടി വന്ന ചെലവിന്റെ ഒരംശം ബ്രിട്ടീഷ് ഗവൺമെന്റ് ഇംഗ്ലണ്ടിലെ നികുതി ദായകന്റെ തലയിൽ കെട്ടിവയ്ക്കാനും തുടങ്ങി.

കൊളോണിയലിസം സൃഷ്ടിച്ച ഇന്ത്യയുടെ വരൾച്ച (drain of wealth) യെക്കുറിച്ച് ബർക്, ഷോർ, കോൺവാലീസ് തുടങ്ങിയ

വർ നേരത്തേ പറഞ്ഞിട്ടുണ്ട്. മാർക്സും ഇതംഗീകരിച്ചു; അല്പം വ്യത്യാസങ്ങളോടെയാണെങ്കിലും.1 സ്വന്തം വരുമാനം വർധിപ്പിക്കുന്നതിന് വേണ്ടിയാണ് ബ്രിട്ടീഷുകാർ കാർഷിക വിപ്ലവം കൊണ്ടു വന്നത്. കർഷകന്റെയോ ഭൂവുടമയുടെയോ ക്ഷേമം ഇതിന് പിന്നിലുണ്ടായിരുന്നില്ല. വിപ്ലവം കൊണ്ട് ആ വിഭാഗത്തിന് ഒരു നേട്ടവും ഉണ്ടായിട്ടുമില്ല. നിലവിലുള്ള ഭൂമി ബന്ധങ്ങളിൽ മാറ്റമുണ്ടാക്കിയതും ഇന്ത്യക്കാരന്റെ ക്ഷേമം ലാക്കാക്കിയായിരുന്നില്ല. ബ്രിട്ടീഷുകാർ കൊണ്ട് വന്ന ശാശ്വത ഭൂനികുതി വ്യവസ്ഥ (permanent settlement) തന്നെ കർഷകരുടെ കഷ്ടപ്പാട് പരിഗണിക്കാതെയാണ് നടപ്പാക്കിയത്. കർഷകർക്കെന്നല്ല ബ്രിട്ടീഷുകാർക്കും അത് ഗുണം ചെയ്തില്ല, അത് ഭൂകുലീനൻമാരെ (landed gentry) സൃഷ്ടിക്കുകയായിരുന്നു. ഇവർ കർഷകരിൽ നിന്ന് വാടക ഒട്ടും കുറക്കാതെ തന്നെ പിരിച്ചെടുത്തു. അതേ സമയം നിയമ പ്രകാരമുള്ള നികുതി ബ്രിട്ടീഷുകാർക്ക് നൽകിയതുമില്ല. 2 കച്ചവടക്കണ്ണുള്ള 'കുലീനൻമാർ' കർഷകരെ നന്നായി ചൂഷണം ചെയ്തു. ശാശ്വത ഭൂനികുതി വ്യവസ്ഥ ഭൂമാന്യൻമാർക്ക് ഗുണകരമായിരുന്നില്ല എന്ന മാർക്സിന്റെ നിഗമനം ശരിയല്ല.

കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിക്കുന്ന വ്യവസ്ഥയും (Ryotwari system) നിലവിലുണ്ടായിരുന്നു. കൊയ്ത്തിനനുസരിച്ചണ് ഈ നികുതി നിശ്ചയിച്ചതെന്ന് മാർക്സ് പറയുന്നുണ്ടെങ്കിലും അത് ശരിയല്ലെന്നാണ് ഇർഫാൻ ഹബീബ് പറയുന്നത്.3 തരിശു ഭൂമി കൃഷിക്കുപയുക്തമാക്കുന്നവർ കൂടുതൽ നികുതി കൊടുക്കണം. ഉല്പന്നങ്ങൾക്ക് വില കൂടുമ്പോഴും നികുതി വർധിപ്പിക്കുമായിരുന്നു. അല്ലാതെ കൊയ്ത്ത് മാനദണ്ഡമായിരുന്നില്ല.

സൂക്ഷിച്ചു വയ്ക്കാൻ കർഷകർക്ക് ഒന്നുമുണ്ടായിരുന്നില്ല. നികുതി ഭാരം മൂലം കൃഷിയിൽ ഒരു പുരോഗതിയും കൈവരുത്താനുമായില്ല. നിലനില്പിന്നുള്ള വരവ് മാത്രമേ അവന് ബാക്കിയായി ലഭിച്ചുള്ളു. കർഷകന് ഭൂമിയിൽ സ്വതന്ത്രമായി ഉല്പാദനം നടത്താൻ സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്നത് ശരിയാണ് പക്ഷേ സ്വന്തമായ ഒരു ഗുണവും അവന് ലഭിച്ചില്ല അവനെപ്പോഴും സമീന്ദാറുടെ നുകത്തിനു കീഴിൽ തന്നെ.

നാട്ടുരാജാക്കൻമാരെയും ബ്രിട്ടീഷുകാർ അവരുടെ നിയന്ത്രണത്തിലാക്കിയിരുന്നു. സാമ്രാജ്യത്വത്തിന്റെ ഒന്നാന്തരം ആയുധങ്ങളായിരുന്നു ഇവർ. അവരോട് ബ്രിട്ടീഷുകാർ കാണിച്ച നിലപാടിനെ മാർക്സ് വിമർശിക്കുന്നുണ്ട്. ഉടമ്പടികൾക്ക് പുല്ലുവില നൽകി

അക്രമപരമായി അവർ രാജ്യം പിടിച്ചടക്കിയത് ഒരു തരത്തിലും നീതീകരിക്കാവതല്ലെന്ന് അദ്ദേഹം വിലയിരുത്തുന്നു. 'വഞ്ചനാ പരവും ക്രൂരവുമായ രീതികൾ' എന്നാണ് ബ്രിട്ടീഷ് നയങ്ങളെ കുറിച്ച് മാർക്സ് പറഞ്ഞത്.[4]

കപ്പം വഴി മാത്രമല്ല; റയിൽവേക്ക് കൊടുക്കേണ്ട ഡിവിഡന്റ്, സൈന്യത്തിനും കമ്പനി ഉദ്യോഗസ്ഥൻമാർക്കും കൊടുക്കേണ്ട പെൻഷൻ, അഫ്ഘാൻ യുദ്ധത്തിനും മറ്റ് യുദ്ധങ്ങൾക്കും നൽകിയ തുകകൾ..ഇങ്ങനെ കൈയും കണക്കുമില്ലാത്ത വിധം ധനം ഇംഗ്ല ണ്ടിലേക്കൊഴുകിക്കൊണ്ടിരുന്നു. ഇന്ത്യ വഴിയുള്ള കറുപ്പു(opium) കച്ചവടം വഴിയും കണക്കറ്റ ധനം വെളുത്ത മുതലാളിമാരുടെ കൈ കളിലെത്തി. ഇപ്രകാരം കുന്നുകൂടിയ (acumulation) ധനമാണ് ഇംഗ്ലണ്ടിൽ വ്യാവസായിക മൂലധനത്തിന് (Industrial capitalism) വഴിവച്ചത്. ഇന്ത്യയിലെ വിപണി മാത്രമല്ല; ഇന്ത്യൻ സാമ്രാജ്യം തന്നെ ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന് വഴിയൊരുക്കി.

ഇംഗ്ലണ്ടിൽ വ്യവസായം അരങ്ങേറിയതോടെ കയറ്റിറക്കുമതി കളിൽ വലിയ വ്യത്യാസമുണ്ടായി. ഇത് വരെ കയറ്റുമതി കൂടു തലും ഇറക്കുമതി കുറവുമായിരുന്നത് നേരെ മറിച്ചായി. തുണി വ്യവസായത്തിൽ ഇംഗ്ലണ്ട് വിപ്ലവം കൈവരിച്ചതോടെ ഇന്ത്യ അവരുടെ പ്രധാനപ്പെട്ട വിപണിയായി. അതോടെ ഇറക്കുമതി വർധിച്ചു. തുണി വ്യവസായത്തിൽ ഇന്ത്യക്കുള്ള സ്ഥാനം എന്നെ ന്നേക്കുമായി നഷ്ടപ്പെട്ടു. ഇംഗ്ലണ്ടിന്റെ മൊത്തം കയറ്റുമതിയിൽ എട്ടിലൊന്നുഭാഗം ഇന്ത്യയിലേക്കായി. കോട്ടൺ കയറ്റുമതിയിൽ നാലു ഭാഗവും ഇന്ത്യയിലേക്ക് തന്നെ. ബ്രിട്ടന്റെ ജനസംഖ്യയിൽ എട്ടിലൊന്നുഭാഗവും തുണി വ്യവസായത്തിലാണ് ജോലി ചെ യ്യുന്നതെന്നു കൂടി ഓർക്കണം. ഇത് നില നിർത്താനാവശ്യമായ അസംസ്കൃത വസ്തുവും വിപണിയും പ്രധാനമായും ഇന്ത്യ തന്നെയാണ് നൽകിയത്. ഇന്ത്യയെ ഇംഗ്ലണ്ട് എത്ര മാത്രം ആശ്ര യിച്ചുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. [5]

ഇതിന്റെ പ്രത്യാഘാതം മാർക്സ് ഗൗരവപൂർവം വിലയിരുത്തു ന്നുണ്ട്. ഇംഗ്ലണ്ടിൽ നിന്ന് നൂലും വസ്ത്രങ്ങളും യഥേഷ്ടം ഇറക്കു മതി ചെയ്യാൻ തുടങ്ങിയതോടെ അത് ഇന്ത്യയുടെ സാമ്പത്തിക ഭദ്രത തന്നെ തകർത്തു. കുടിൽ വ്യവസായം വഴി ഉല്പാദിപ്പിക്കു ന്നതിനേക്കാൾ കുറഞ്ഞ വിലക്ക് ലങ്കാഷയറിൽ നിന്നുള്ള തുണി ത്തരങ്ങൾ ലഭ്യമായി. അതോടെ കുടിൽ വ്യവസായം തകർന്നു. നെയ്ത്തുകാർക്ക് കുറഞ്ഞ വിലക്ക് ലങ്കാഷയർ നൂല് ലഭിക്കാൻ

തുടങ്ങിയതോടെ അവർ കുടിൽ വ്യവസായികളിൽ നിന്ന് നൂലു വാങ്ങാതായി. ഇന്ത്യൻ ചരക്കുകളെ ആശ്രയിച്ചുള്ള വിനിമയം അതോടെ ഇല്ലാതായി. വിപണികളിൽ വിദേശ വസ്തുക്കൾ നിറഞ്ഞു. ഇന്ത്യൻ വ്യവസായം ഒറ്റയടിക്ക് അധഃപതിച്ചു.

ബ്രിട്ടീഷ് ഇന്ത്യൻ വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾക്കും കമ്പനികൾ ഇന്ത്യയെ ത്തന്നെയാണ് ആശ്രയിച്ചത്. ജീവിക്കാനാവശ്യമായ ധാന്യങ്ങൾ കൃഷി ചെയ്യുന്നതിന് പകരം ഇന്ത്യൻ കർഷകന് നാണ്യ വിളകൾ കൃഷി ചെയ്യേണ്ടി വന്നു. അതോടെ കൃഷിയും വ്യവസായവത്കരിച്ചു. 'നെയ്തുകാരുടെ എല്ലുകൾ ഇന്ത്യൻ കൃഷി സ്ഥലങ്ങളെ ബ്ളീച്ചു ചെയ്യുന്നു'എന്ന ഗവർണർ ജനറലിന്റെ പരാമർശം മാർക്സ് അടിവരയിടുന്നു.6

ഇന്ത്യൻ കരകൗശല വിദഗ്ധർ ക്രമേണ ഭൂമിയില്ലാത്ത തൊഴിലാളികളായി മാറി. കൃഷി വ്യവസായ വത്കരിച്ചപ്പോൾ ദരിദ്രരായിത്തീർന്ന കർഷകർ ഗ്രാമീണ തൊഴിലാളികളായും തീർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇതായിരുന്നു ഇന്ത്യയുടെ സ്ഥിതി. ഇക്കാര്യത്തെ കുറിച്ച് മാർക്സ് പറയുന്നു: 'ഇംഗ്ലണ്ടിലെ ഒന്നര ദശലക്ഷം ടെക്സ്റ്റൈൽ തൊഴിലാളികൾക്ക് വേണ്ടി ഇന്ത്യയിലെ ദശലക്ഷക്കണക്കിന് തൊഴിലാളികൾ നശിച്ചു.'[7]

## ചെറുത്തുനില്പുകൾ

ബ്രിട്ടീഷുകാരുണ്ടാക്കിയ സാമ്പത്തിക വരൾച്ച ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് മാത്രമല്ല; സാമൂഹിക സാംസ്കാരിക രംഗങ്ങളിലും അധഃപതനമുണ്ടാക്കി. ഇത് അധിനിവേശത്തിനെതിരേയുള്ള ചെറുത്തു നില്പുകൾക്ക് വഴിവച്ചു. 1857ലെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പോരാളികളെ മാർക്സ് ശക്തമായി ന്യായീകരിക്കുന്നു. കലാപത്തെ ഒരു സൈനിക കലാപമായി ചുരുക്കാൻ മാർക്സ് തയാറല്ല. അതൊരു ദേശീയ സമരം തന്നെയെന്നാണ് അദ്ദേഹം വിലയിരുത്തുന്നത്[8] 'വിപ്ലവ സമുദ്രത്തിൽ അങ്ങിങ്ങായി കാണുന്ന പാറകളിൽ നാട്ടിയ കാലുകളായിത്തീരാനാണ് ബ്രിട്ടീഷ് പട്ടാളം ശ്രമിക്കുന്നതെ'ന്നും അദ്ദേഹം എഴുതി.9 കർഷകരുടെ അപ്രീതി മൂലമാണ് സമരത്തിൽ ബ്രിട്ടീഷുകാർ ഒറ്റപ്പെട്ടത്. കർഷകർ മാത്രമല്ല, ജാഗിർദർ, ഇനാംദർ, താലൂക്ക്ദർ തുടങ്ങിയ ചെറുകിട ജൻമിമാരും കർഷകരോടൊപ്പം ചേർന്നിരുന്നു. ഇന്ത്യൻ ജനത പാപ്പരാകുന്നതിനെതിരെ പഴയ വർഗങ്ങൾ നടത്തിയ ചെറുത്തു നില്പാണ് കലാപം എന്ന നിഗമനം പുലർത്തുന്ന മാർക്സ് അതി

നെ ഇന്ത്യൻ പുനരുദ്ധാരണം(revivalism)എന്ന് വിലയിരുത്താനൊന്നും തയാറല്ല. മതപരമായ അന്ധവിശ്വാസങ്ങളെ ബ്രിട്ടീഷുകാർ എതിർക്കുന്നില്ലെന്ന് മാർക്സിന് പരാതിയുണ്ട്.10 ശിപായിമാർക്ക് ശാസ്ത്രീയമായ സംവിധാനങ്ങളില്ലാത്തത് കൊണ്ടാണ് സമരം പരാജയപ്പെട്ടത് എന്നാണ് എംഗൽസ് രേഖപ്പെടുത്തുന്നത്.[11]

## പുനഃസൃഷ്ടി

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന് ചരിത്രപരമായ രണ്ടു സ്വഭാവങ്ങളുണ്ടെന്ന് മാർക്സ് പറയുന്നു. ഒന്ന്, സംഹാരാത്മകവും, രണ്ട്, നിർമാണാത്മകവും. നിലവിലുള്ള ഏഷ്യാറ്റിക് സമൂഹത്തെ നശിപ്പിക്കണം; പകരം ഏഷ്യയിൽ പാശ്ചാത്യൻ സംസ്കാരത്തിന് അടിത്തറ പാകുകയും വേണം. ഇതിന് പ്രത്യേക ആസൂത്രണങ്ങളൊന്നുമുണ്ടായിരുന്നില്ല. സംഹാരമായിരുന്നു പ്രധാനം. അതിനാൽ നിർമാണം പ്രകടമായിരുന്നില്ല. സംഹാരാവശിഷ്ടങ്ങളുടെ കൂമ്പാരത്തിൽ നിന്ന് പരിഷ്കരണം(reformation) സ്വയം ജനിക്കുകയായിരുന്നു. അതിന് പ്രത്യേക ശ്രമങ്ങളൊന്നുമുണ്ടായിരുന്നില്ല.[12] പഴയ ഗ്രാമീണ വ്യവസ്ഥിതി അപ്രത്യക്ഷമായതോടെ പുതിയ സംവിധാനങ്ങൾ വരവായി. രാജ്യം കൂടുതൽ ഏകീകരിക്കപ്പെട്ടു. ടെലഗ്രാഫും റെയിൽവേയും വന്നു. സൈന്യം ശാസ്ത്രീയമായി സജ്ജീകരിക്കപ്പെട്ടു. വാർത്താ മാധ്യമങ്ങൾ വന്നു. ഒപ്പം ആധുനിക വിദ്യാഭ്യാസവും. ഇതെല്ലാം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നിലനില്പിന് വേണ്ടിയാണ് സ്ഥാപിക്കപ്പെട്ടതെങ്കിലും സാമൂഹികമായ പരിഷ്കരണത്തിന് ഇവ കാരണങ്ങളായി ഭവിച്ചു. റെയിൽവേയുടെ വരവ് വ്യാവസായിക പരിവർത്തനത്തിന് നാന്ദിയായി. ഈ സൗകര്യങ്ങളിലൂടെ ഒരു ആധുനിക സമൂഹത്തെ സൃഷ്ടിക്കാൻ ഇന്ത്യൻ ജനതക്കാവുമെന്നും അതിനുള്ള ആർജ്ജവം ഇന്ത്യക്കാർക്കുണ്ടെന്നും മാർക്സ് മനസ്സിലാക്കി.[13] പുതുതായി രംഗത്തു വരുന്ന ഇന്ത്യൻ തൊഴിലാളി സമൂഹത്തിൽ നിന്ന് ജാതി വ്യവസ്ഥ അപ്രത്യക്ഷമാകുമെന്നും മാർക്സ് പ്രവചിച്ചു.[14]

ഒന്നാം സ്വാതന്ത്ര്യ സമരം ബ്രിട്ടീഷ് ഗവൺമെന്റ് അടിച്ചമർത്തിയെങ്കിലും ജനങ്ങളുടെ സമരവീര്യം തുടിച്ചു നിന്നു. ബ്രിട്ടീഷ് വിരോധം കൂടുതൽ ശക്തി പ്രാപിച്ചതേ ഉള്ളു. 1871ൽ മാർക്സിന്റെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര തൊഴിലാളി സംഘടനക്ക് (Interntionl Working men's Association) കൽക്കത്തയിൽ നിന്ന് ഒരു കത്ത് വന്നു. ഇന്ത്യൻ തൊഴിലാളികളുടെ ദുരിതങ്ങളാണ്

കത്തിൽ വിവരിച്ചിരുന്നത്. 1881ൽ ഇന്ത്യയുടെ പ്രശ്നങ്ങളെ കുറിച്ച് മാർക്സ് എഴുതിയ കത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ഹിന്ദുക്കളും മുസ്‌ലിംകളും ഒന്നിച്ചേക്കുമെന്ന് മുന്നറിയിപ്പ് നല്കി.[15] ഇക്കാലത്ത് തന്നെ ദക്കാനിൽ കാർഷിക കലാപങ്ങൾ വ്യാപകമായി കഴിഞ്ഞിരുന്നു. കലാപങ്ങൾ ഗവൺമെന്റിന് തലവേദന സൃഷ്ടിക്കുമെന്ന് ബ്രിട്ടീഷുദ്യോഗസ്ഥനും ബുദ്ധിജീവിയുമായ എ.ഒ.ഹ്യൂമിനും മനസ്സിലായിരുന്നു. രാജ ഭക്തൻമാരുടെ സഹായത്തോടെ തങ്ങളുടെ ഭരണം നില നിറുത്താനായിരുന്നു ഹ്യൂമിന് ചിന്ത.[16] അതിന് വേണ്ടിയാണ് അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിന് രൂപം നല്കിയത്. കോൺഗ്രസിന്റെ ആദ്യകാല പ്രവർത്തനങ്ങൾ മാർക്സ് ഇഷ്ടപ്പെട്ടോ എന്നറിയില്ല; എങ്കിലും സാമ്രാജ്യത്വ വിരുദ്ധ സ്വഭാവം കൈവന്നതോടെ മാർക്സിന്റെ വിഭാവനയിലേക്ക് കോൺഗ്രസ് വളരുകയായിരുന്നുവെന്നാണ് ഇർഫാൻ ഹബീബ് പറയുന്നത്.[17]

## ഗ്രന്ഥസൂചി:


1.Tribute article,23.6.1853, On Colonialism,29

2. Tribute article,7.6.1858, On Colonialism,163

3. Irfan Habib,39

4. On Colonialism,21

5. On Colonialism,48

6. Capital.I.432

7. Marx, The Poverty of Philosophy, Moscow,n.d., 113

8. Tribune,28 July 28

9. Tribune, 14 Aug.1857

10. Tribune, Editorial,5 December,1857

11. Tribune,22, July, 1853, On Colonialism 82

12. On Colonialism, 27

13.On Colonialism,80

14.Selected Correspondence,340-41,

15.On Colonialism,304

16.See R.P. Dutt, India Today, Bombay,1947,258-9

17. Essays in Indian History, 57

## എട്ട്
# അടിയാള ചരിത്ര പഠനങ്ങൾ

തൊള്ളായിരത്തി എഴുപതുകളിൽ അടിയാളരുടെ (Subaltern) ജീവിതത്തെ ആസ്പദിച്ച് പുതിയ ചരിത്ര പഠന സമീപനങ്ങൾ രൂപപ്പെട്ടു വന്നു. ബംഗാളി ചരിത്രകാരൻ രൻജിത് ഗുഹയാണ് ഇതിന് നേതൃത്വം നല്കിയത്. അദ്ദേഹവും കൂട്ടുകാരും കൂടി നടത്തിയ പഠനങ്ങൾ അടിയാള പഠനങ്ങൾ (Subaltern Studies) എന്നപേരിൽ പുറത്ത് വന്നു. ജ്ഞാൻ പ്രകാശ്, ഗായത്രി സ്പിവാക്, പാർഥാ ചാററർജി, ഷഹീദ് അമീൻ, സുമിത് സർകാർ തുടങ്ങിയവരാണ് ഇതിന്റെ മുൻ പന്തിയിലുണ്ടായിരുന്നത്. സർകാർ പിന്നീട് വിട്ട് നിന്നു. സബാൾട്ടേൺ സ്ററഡീസ്, റൈററിങ്സ് ഓൺ സൗത് ഏഷ്യൻ ഹിസ്റററി അന്റ് സൊസൈററി എന്ന പേരിലാണ് പത്ത് വാള്യങ്ങളുൾക്കൊള്ളുന്ന പുസ്തക സീരീസ് പുറത്തു വന്നത്. ആദ്യ വാള്യം 1982ൽ പുറത്ത് വന്നു. ആറ് വാള്യങ്ങളുടെ എഡിററർ ഗുഹ തന്നെയായിരുന്നു. ചരിത്ര പഠനത്തെ തോളിലേററി നടന്ന കൊളോണിയലിസ്ററ് ചരിത്രകാരൻമാരും ബൂർഷ്വാ ദേശീയ വാദികളും ബുദ്ധിജീവികളും ജനങ്ങളുടെ ചരിത്രത്തെ മറന്നുവെന്നാണ് ഗുഹയുടേയും സഖാക്കളുടേയും വാദം. കർഷക കലാപങ്ങളെ കുറിച്ച് എതാനും പഠനങ്ങൾ പുറത്ത് വന്നതല്ലാതെ സ്ത്രീകൾ, കർഷകർ, അവർണർ, തൊഴിലാളികൾ, ഗോത്ര വർഗങ്ങൾ തുടങ്ങിയ പാർശ്വവൽകൃത സമൂഹങ്ങളുടെ സംഭാവനകൾ ചരിത്ര പഠനങ്ങളിൽ പ്രതിഫലിക്കുന്നില്ല എന്നതായിരുന്നു ഇവരുടെ പരാതി. മാത്രമല്ല മാർക്സിയൻ ഔദ്യോഗിക ചരിത്രകാരൻമാരുടെ സമ്പത്തിനെ മാത്രം ആശ്രയിച്ചുള്ള വർഗ വിഭജനവും ഇവർക്ക് സ്വീകാര്യമായില്ല. ദേശീയ സമരങ്ങൾ വിജയിപ്പിച്ചതും സ്വാതന്ത്ര്യം വാങ്ങിത്തന്നതും ബുദ്ധിജീവികളാ

ണെന്ന വാദങ്ങളും ഇവരംഗീകരിക്കുന്നില്ല.

സസബാൾട്ടേൺ പഠനങ്ങളുടെ പ്രത്യേകത അവ പ്രദേശിക ചരിത്ര പഠനത്തിന് ഊന്നൽ നൽകുന്നു എന്നതാണ്. ഔദ്യോഗിക രേഖകൾക്കപ്പുറം പ്രദേശിക സാഹിത്യങ്ങളേയും വാമൊഴികളേയും ആശ്രയിക്കുകയും ചെയ്യുന്നു. കിംവദന്തികളും അവയുടെ പ്രചാരണങ്ങളും സാധാരണക്കാർക്കിടയിലുണ്ടാക്കിയ മാററവും അവ അധിനിവേശ വിരോധത്തെ വളർത്തിയതുമൊക്കെ ചരിത്ര വിദ്യാർഥികൾക്ക് പുതിയ അനുഭവങ്ങൾ നൽകുന്നു. ഒട്ടേറെ യൂറോപ്യൻ ഗവേഷകരും ഇത്തരം അടിയാള പഠനത്തിലേക്ക് ആകർഷിക്കപ്പെട്ടുവെന്നതും ശ്രദ്ധേയമാണ്. പക്ഷേ, മിക്ക സംസ്ഥാനങ്ങളിലെയും അടിയാള ചരിത്രം ഇപ്രകാരം വെളിച്ചത്ത് വന്നെങ്കിലും ദക്ഷിണേന്ത്യയിലേക്ക് അവ വലുതായൊന്നും വ്യാപിച്ചില്ല. കേരളീയ അടിയാള പഠനങ്ങളൊന്നും സെബാൾട്ടേൺ സംഘത്തിന്റെ ശ്രദ്ധയിൽ പെട്ടതുമില്ല.

യാഥാസ്ഥിതിക മാർക്സിയൻ സമീപനങ്ങളെ വെല്ലുവിളിച്ച് കൊണ്ടാണ് അടിയാള ചരിത്ര പഠനങ്ങൾ വരുന്നത്. ബംഗാളിലും മററും കാർഷിക പ്രശ്നങ്ങളോട് അവിടത്തെ ഇടതുപക്ഷ ബ്യൂറോക്രാററിക് ഭരണകൂടങ്ങൾ കാണിച്ച നിസ്സംഗതയും അടിയാള പഠനങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. സോവിയററ് യൂണിയന്റെ സഹയാത്രികരായിരുന്ന സി പി ഐ ഇന്ദിരാ ഗാന്ധിയുടെ എകാധിപത്യ പ്രവണതകളോട് സഹകരിച്ചതും യുവ ചരിത്രകാരൻമാർ സഹിച്ചില്ല. അടിയന്തിരാവസ്ഥക്കാലത്ത് പാശ്ചാത്യൻ ചരിത്രകാരൻ തോംസൺ (Thompson) ഇന്ത്യൻ ഹിസ്ററി കോൺഗ്രസിനെ സംബോധന ചെയ്തത് യുവ ചരിത്രകാരൻമാരിൽ ആവേശമുണ്ടാക്കി. അങ്ങനെയാണ് രൻജിത് ഗുഹക്ക് തോംസൺ മാതൃകയാകുന്നത്.

ഗ്രാംഷി (Gramsci), ജേകബ്സൺ (Jakobson), ബാർതസ്(Barthes),ഫുക്കോ(Foucault), ഡെറിഡ (Derrida), ല്യുട്ടാർഡ് (Lyotard) തുടങ്ങിയ യൂറോപ്യൻ സൈദ്ധാന്തികരിൽ നിന്നാണ് അടിയാള പഠനക്കാർ തങ്ങളുടെ ആശയങ്ങൾ രൂപപ്പെടുത്തിയത്. ഗ്രാംഷിയുടെ ഒരു പ്രബന്ധത്തിൽ നിന്നാണ് സെബാൾട്ടേൺ എന്ന വാക്ക് കടമെടുത്തത്. ഇവരുടെ രീതിശാസ്ത്രവും സമീപനവും ചരിത്ര പഠനത്തിലെ ശൂന്യതകൾ നികത്തിയതോടൊപ്പം യൂറോപ്യൻ ചരിത്രകാരൻമാരിൽ ഇന്ത്യാ ചരിത്രത്തോട് കൂടുതൽ പ്രതിപത്തിയുണ്ടാക്കുകയും ചെയ്തു.

അടിയാള വിഭാഗങ്ങളുടെ സാമ്പത്തിക സ്ഥിതി വിലയിരുത്തു

ന്നതിന് പുറമേ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായുള്ള അവരുടെ ബന്ധം, ആവശ്യങ്ങൾ നേടുന്നതിന് അവർ സ്വീകരിച്ച രാഷ്ട്രീയ സ്വാധീനം, അടിയാളൻമാരെ ലക്ഷ്യം വച്ച് പിറന്ന രാഷ്ട്രീയ പാർട്ടികൾ, അവരുടെ സ്വാധീന മേഖലകൾ, അടിയാളൻമാർ നേരിട്ട് രൂപീകരിച്ച സംഘങ്ങൾ, അവയുടെ ആവശ്യങ്ങൾ, പഴയ ചട്ടക്കൂട്ടിൽ നിന്ന് കൊണ്ടും അല്ലാതെയും ഈ സംഘങ്ങൾ ആവശ്യപ്പെട്ട സ്വയം ഭരണാവകാശങ്ങൾ എന്നിവയൊക്കെ സബാൾട്ടേൺ ഗവേഷകരുടെ പരിധിയിലുൾപ്പെട്ടു.

അടിയാള ചരിത്ര പഠനങ്ങളുടെ ആദ്യ വാള്യം പുറത്തിറങ്ങിയപ്പോഴേക്കും അമേരിക്കൻ യൂനിവേഴ്സിററികളിൽ ഈ പഠനങ്ങൾ ചർച്ചാവിഷയമായി. എഡ്വാർഡ് സയ്ദിനെപ്പോലുള്ള പ്രമുഖർക്ക് പോലും ഗുഹയുടെ പഠനങ്ങൾ ഇഷ്ടവിഷയമായി. അമേരിക്കൻ ഗവേഷണ വിദ്യാർഥികൾ കൊളോണിയൽ വാഴ്ചക്കാലത്തെ ഇന്ത്യൻ സമൂഹങ്ങളെകുറിച്ച് പഠിക്കാൻ താൽപര്യം കാണിച്ചു. ഇന്ത്യയുടെ കൊളോണിയൽ ചരിത്രത്തിന് പുതിയ രൂപഭാവങ്ങൾ നൽകാനും സബാൾട്ടേൺ പഠനങ്ങൾ സഹായകമായി.

സബാൾട്ടേൺ പഠനങ്ങൾക്ക് തുടക്കത്തിൽ പ്രോത്സാഹനം നൽകിയ സുമിത് സർക്കാറാണ് അതിന്റെ വിമർശകനായി ആദ്യം രംഗത്തു വന്നത് എന്നതും ശ്രദ്ധേയമാണ്. ഒമ്പത് ലേഖനങ്ങളുടെ സമാഹാരമായ റൈററിങ്ങ് സോഷ്യൽ ഹിസ്ററി എന്ന കൃതിയിൽ ദി ഡിക്‌ളൈൻ ഓഫ് സെബാൾട്ടേൺ ഇൻ സെബാൾട്ടേൺ സ്ററഡീസ് (അടിയാള പഠനങ്ങളിൽ അടിയാളൻമാരുടെ പതനം)  എന്ന അധ്യായത്തിലാണ് സെബാൾട്ടേൺ സ്ററഡീസിന്റെ അവസാന വാള്യങ്ങളിൽ അടിയാളൻമാരുമായി ബന്ധമില്ലാത്ത അധ്യായങ്ങളാണുള്ളതെന്ന് അദ്ദേഹം തെളിവുകളോടെ സമർഥിക്കുന്നത്. ഗായത്രി സ്പിവാക്(Gayatri Spivak), എഡ്വാർഡ് സൈദ് (Edward Zaid)  എന്നിവർ ഇന്ത്യൻ അടിയാള പഠനങ്ങളുമായി ബന്ധപ്പെടുന്നതോടെയാണ് ഈ മാററം സംഭവിച്ചതെന്നും സർകാർ പറയുന്നു.

ബുദ്ധിജീവികളെയും ദേശീയവാദികളേയും വിമർശിച്ച് കൊണ്ട് രംഗത്ത് വന്ന സെബാൾട്ടേൺ പഠനക്കാർ പിന്നീട് അവരെ തന്നെ തോളിലേററുകയാണ് ചെയ്തത്. വ്യക്തിപ്രഭാവത്തെ ഉയർത്തിക്കാട്ടു(Valorization)ന്ന സമീപനം ആദ്യമൊന്നും അടിയാള പഠനക്കാർക്കുണ്ടായിരുന്നില്ല. എന്നാൽ പിന്നീട് ഗാന്ധിജിയേയും നെഹ്റുവിനേയും ബങ്കിം ചന്ദ്രനേയുമൊക്കെ ഉയർത്തിക്കാട്ടുന്ന

നിലപാട് സ്വീകരിക്കുന്നു. ഇത് പോലെ അടിയാളൻമാരുടെ സ്വയം ഭരണാവകാശത്തെ പിൽകാല അടിയാള ഗവേഷകർ വേണ്ടവിധം പരിഗണിക്കുന്നില്ല; അതേ സമയം ദേശീയവാദികളുടെ സ്വയം ഭരണ മേഖലകളെകുറിച്ച് വാചാലമാവുകയും ചെയ്യുന്നു. അവരുടെ സാഹിത്യം, കല, വിദ്യാഭ്യാസം, മതം എന്നിവ കൂടുതൽ പരിഗണിക്കപ്പെടുന്നു. പാർഥാ ചാററർജിയുടെ ദി നേഷൻ അന്റ് ഇററ്സ് ഫ്രാഗ്മെന്റ്സ് എന്ന ഗ്രന്ഥം മുന്നിൽ വച്ച് കൊണ്ടാണ് സർകാർ ഈ വാദങ്ങളുന്നയിക്കുന്നത്.

രാഷ്ട്രിയത്തിൽ സ്ത്രീകളുടെ സജീവ സാന്നിധ്യവും ബ്രാഹ്മണിസത്തിനെതിരെ താണ വിഭാഗങ്ങൾ നടത്തിയ ചെറുത്തുനിൽപുകളും അല്പമാത്രം ചർച്ച ചെയ്യപ്പെടുന്നു. മഹാത്മാ ഫൂലേ , പെരിയാർ, അംബേദ്കർ തുടങ്ങിയവരുടെ ജാതി വിരുദ്ധ സമരങ്ങളെ കുറിച്ച് മിണ്ടുന്നില്ല. പിൽകാല അടിയാള ചരിത്രകാരൻമാരുടെ മത നിരപേക്ഷതയെയും ഇവർ വേണ്ടത്ര ഉൾക്കൊള്ളുന്നില്ലത്രേ. മത നിരപേക്ഷത ഇവർക്ക് ഹിന്ദുത്വത്തെപ്പോലെ തന്നെ അസഹനീയമാണത്രേ. കൊളോണിയലിസത്തെ തുടർന്നുണ്ടായ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾക്കൊക്കെ മതനിരപേക്ഷത ഉത്തരവാദിയാണെന്ന് പറയുന്ന പുത്തൻ അടിയാള ചരിത്രകാരൻമാരുടെ വാദത്തിലെന്താണർഥം? മതസമൂഹങ്ങളുടെ ഐക്യത്തിന് ആവശ്യമായ കാര്യങ്ങൾ അനുവദിച്ച് കൊടുക്കാൻ ഭരണ കൂടങ്ങൾ തയ്യാറാകണമെന്ന പാർഥാ ചാററർജിയുടെ ആവശ്യം സമൂഹത്തിന്നനുഗുണമായ ആവശ്യങ്ങളെ തള്ളിക്കളയുന്ന പരുവത്തിലേക്ക് ഭരണകൂടങ്ങളെ എത്തിക്കാനേ സഹായിക്കൂ. തന്നെയുമല്ല; ഹിന്ദുത്വ ശക്തികൾക്കും മററും അത് ഉപകാരപ്രദമായിത്തീരുകയും ചെയും. പല വനിതാ സംഘടനകളും മതേതര ഗ്രൂപ്പുകളും ഉന്നയിക്കുന്ന ആവശ്യങ്ങൾ മതനേതൃത്വങ്ങൾ ഇഷ്ടപ്പെട്ടില്ലെങ്കിലും സമൂഹത്തിന്റെ ഉന്നമനത്തിന് വേണ്ടി ഭരണ കൂടങ്ങൾക്ക് അവ അനുവദിച്ച് കൊടുക്കേണ്ടി വരും. അപ്പോഴേ സമൂഹം പുരോഗമിക്കുകയുള്ളുവെന്നും സർകാർ സമർഥിക്കുന്നു.

ഉത്തരാധുനിക ഭ്രമത്തിൽ അടിയാള പഠനങ്ങൾക്ക് യൂറോപ്പിൽ നല്ല സ്വീകാരം കിട്ടി. അതേ സമയം പടിഞ്ഞാറ് നിന്ന് കടമെടുത്ത പല പദങ്ങളും ഇന്ത്യൻ സാഹചര്യത്തിൽ അടിച്ചേൽപിക്കുകയും ചെയ്തു. അത്തരം പദങ്ങൾ വച്ച് പിടിപ്പിച്ചാലേ താനൊരു സബാൾട്ടേണിസ്ററാവൂ എന്ന് പലരും ധരിച്ചു. മാത്രമല്ല ഇക്കാലത്തെ പടിഞ്ഞാറൻ സാംസ്കാരിക മേധാവിത്തം കൊളോണിയലിസ

ത്തിന് ശേഷമുള്ള ഇന്ത്യയുടെ ചരിത്ര പഠനത്തിൽ അടിച്ചേൽ പിക്കാനുള്ള ശ്രമങ്ങളും സെബാൾട്ടേൺ പഠനങ്ങളിലുണ്ട്. തങ്ങ ളുടേതല്ലാത്ത പഠനങ്ങൾ അംഗീകരിക്കാൻ വയ്യെന്ന നിലപാടും ഇവർ സ്വീകരിച്ച് കാണുന്നു. പുതിയ സാമൂഹിക സാമ്പത്തിക പ ഠനങ്ങൾ, സ്ത്രീ പഠനങ്ങൾ തുടങ്ങിയവയോടൊന്നും അടിയാള പഠനക്കാർക്ക് താല്പര്യമില്ല. കേവലം കിംവദന്തികൾ മാത്രം ഒപ്പിയെടുത്താൽ അത് സാംസ്കാരിക ചരിത്രമാവില്ല; വർഗ രാ ഷ്ട്രീയ സാമ്പത്തിക ഘടകങ്ങളെ കൂടി ഒപ്പം പഠനവിധേയമാ ക്കണമെന്നത് അംഗീകരിക്കാൻ ഇവർ കൂട്ടാക്കുന്നില്ല.

രാഷ്ട്രീയ മേഖലയിലെ ഇന്ത്യൻ ജനതയുടെ പങ്കാളിത്തം പല പടിഞ്ഞാറൻ രാജ്യങ്ങളേയും അപേക്ഷിച്ച് കൂടുതലാണ്. മാർ ക്സിസ്ററ് ഇടതുപക്ഷ വിഭാഗങ്ങളുടെ ശബ്ദത്തിന് ഇന്ത്യയിൽ സ്വാധീനമുണ്ട്. ഉന്നത ജാതിക്കാരായ ഹിന്ദുത്വ ശക്തികളെ തടയി ടാൻ താണ ജാതിക്കാരുടെ സവർണവിരുദ്ധ മനോഭാവം കൊണ്ട് സാധിച്ചിട്ടുണ്ട്. ഈ വസ്തുതകളെ എന്ത് കൊണ്ട് അടിയാള പ ഠനക്കാർ മുഖ വിലക്കെടുക്കുന്നില്ലെന്നും സർകാർ ചോദിക്കുന്നു. വർഗ സംഘട്ടനങ്ങളെ ഇവർ കാണാതെ പോവുകയാണ്. അടി യാള ചരിത്രകാരൻമാർ പടിഞ്ഞാറൻ സംസ്കാരത്തെ എതിർക്കു ന്നുവെന്നതിലും പുതുമയില്ല. ഏതാണ്ട് ഇരുപത് വർഷം മുമ്പ് തന്നെ പരിഷ്കർത്താക്കളുടെ പാശ്ചാത്യ സംസ്കാരിക ഭ്രമത്തെ പലരും വിമർശിച്ചതാണ്.

മത നിരപേക്ഷതയും(secularism) യുക്തിയും (rationalism) പുച്ഛത്തോടെ കാണുന്ന സമീപനം ഇന്നത്തെ ഹിന്ദുത്വ ശക്തിക ളെ സന്തോഷിപ്പിക്കുമെന്നും അത് ദൂരവ്യാപകമായ പ്രത്യാഘാത മുണ്ടാക്കുമെന്നും അടിയാള പഠനക്കാരോട് സർകാർ മുന്നറിയിപ്പ് നൽകുന്നു. സർകാറിന്റെ വാദങ്ങൾ തീരെ സംഗതമല്ലെന്നാണ് ലോസ് ഏഞ്ജൽസിലെ യൂണിവേഴ്സിററി ഓഫ് കാലിഫോർണി യയിലെ വിനയ്ലാൽ സമർഥിക്കുന്നത്. പടിഞ്ഞാറ് നടക്കുന്ന ചില സംവാദങ്ങളെ ഇന്ത്യൻ സാഹചര്യത്തിലേക്ക് കൊണ്ട് വരികയാ ണത്രേ സർകാർ ചെയ്യുന്നത്. അടിയാള ചരിത്ര പഠനങ്ങളെ ഇത്ര യും തുറന്നെതിർക്കുന്ന സർകാർ അമേരിക്കൻ അക്കാദമികളിൽ ഇന്ത്യാ ചരിത്രപഠനങ്ങൾ അവഗണിക്കപ്പെട്ടു കിടന്ന കാര്യവും ഈ മനോഭാവം മാററിയെടുക്കുന്നതിൽ അടിയാള പഠനങ്ങൾ കൈവരിച്ച വിജയവും മറക്കരുതെന്ന് ലാൽ ഓർപ്പിക്കുന്നു. സാം സ്കാരിക ചരിത്രത്തിന് സംഭാവന നല്കിയ സർകാറും താൻ

വിമർശിക്കുന്ന അമേരിക്കൻ ചരിത്രകാരൻമാരെ കൂട്ടുപിടിച്ചിട്ടുണ്ട്.

അച്ചിൻ വനെയ്ക് എഴുതിയ ദി ഫറീസ് ഓഫ് ഇന്ത്യൻ കമ്യൂണലിസം(The Furies of Indian Communalism)എന്ന കൃതി സുമിത് സർകാറിന്റെ ആരോപണങ്ങളെ ഏതാണ്ട് ശരിവയ്ക്കുന്നു. അതേ സമയം ഹിന്ദു വർഗീയതയെ ഫാസിസമായി കാണാൻ കഴിയില്ലെന്നാണ് വനെയ്ക് പറയുന്നത്. എന്നാൽ സർകാറും മാർക്സിയൻ ചരിത്രകാരൻമാരും ഹിന്ദു വർഗീയതയെ ഫാസിസത്തിന്റെ പതിപ്പായാണ് വിലയിരുത്തുന്നത്. എന്ന് വച്ച് വനെയ്ക് ഒരു ഹിന്ദുത്വ പക്ഷപാതിയാണെന്ന് പറയാൻ വയ്യ. ഹിന്ദുത്വത്തെ അദ്ദേഹം രൂക്ഷമായി തന്നെ വിമർശിക്കുന്നു. സെക്കുലറിസത്തെ വിലയിരുത്തുമ്പോഴും അദ്ദേഹം മാർക്സിയൻ കാഴ്ചപ്പാടുകളോട് വിയോജിക്കുന്നു. സെക്കുലറിസ്ററുകളോടും വനെയ്കിന് വലിയ മതിപ്പില്ല. മഹാത്മാഗാന്ധി കുറേ നല്ല കാര്യങ്ങൾ ചെയ്തെങ്കിലും ഇന്ത്യയുടെ പുരോഗതിക്ക് അദ്ദേഹം എതിരു നിന്നു എന്നും വനെയ്ക് സമർഥിക്കുന്നു.

ഇത് പോലെ ഇന്ത്യൻ സംസ്കാരം (Indian Civilization/ Indian Culture) എന്നൊന്നും വനെയ്ക് പറയുന്നില്ല. സംസ്കാരം എന്ന് പറയാവുന്ന ഒന്ന് ഇന്ത്യക്ക് ഉണ്ടായിരുന്നില്ല. ഇന്ത്യയിലെ സംസ്കാരം (Civilization In India) എന്നാണദ്ദേഹം എഴുതിയത്. ഇന്ത്യക്ക് ഒരു മിശ്ര സംസ്കാര(Composit Culture)വുമില്ല. ഹിന്ദു മുസ്ലിം സമന്വയവുമില്ല.. ഇന്ത്യൻ സംസ്കാരം നാനാത്വത്തിൽ ഏകത്വമെന്നോ സഹിഷ്ണുതാപരമെന്നോ ഒന്നും പറയാൻ പററില്ല. മതങ്ങളെല്ലാം മതപരിവർത്തനത്തിലൂടെ വന്നതാണെന്ന് സമർഥിക്കുന്ന ഗ്രന്ഥകർത്താവ് ഹിന്ദു മതവും അങ്ങനെ തന്നെയാണെന്ന അബദ്ധം ആവർത്തിക്കുന്നു. ഇതിനൊന്നും തെളിവുകൾ നിരത്തുന്നുമില്ല. സാമുദായിക ചരിത്രകാരൻമാരുടെ കണ്ടെത്തലുകളെ ഇദ്ദേഹം പലപ്പോഴും അംഗീകരിക്കുന്നു. ചരിത്രത്തെ മതപരമായിട്ടാണ് വ്യാഖ്യാനിക്കേണ്ടതെന്നും സെക്കുലറിസം ശരിയല്ലെന്നും പറയുന്നു. ഏക സിവിൽ കോഡ് ഇന്ത്യക്ക് ഭൂഷണമല്ലെന്ന അഭിപ്രായവും വനെയ്കിനുണ്ട്.

മറെറാരു അടിയാള ചരിത്രകാരനായ പീററർ ഹീച്ചസ് (Peter Heeches Nationalism, Terrorism and Communalism) പറയുന്നത് സ്വാതന്ത്ര്യം നേടിയത് ഗാന്ധിജിയുടെ അഹിംസ കൊണ്ട് മാത്രമല്ല; വിപ്ലവപ്രസ്ഥാനത്തിൽ കൂടിയുമാണ്. അരോബിന്ദോ ഘോഷിനെയും ബംഗാളി തീവ്ര വാദികളെയുമാണ് അദ്ദേഹം

ഉയർത്തിക്കാട്ടുന്നത്. ഗാന്ധിസത്തിന് വേണ്ടി ആവശ്യത്തിലധികം പേജുകൾ ചരിത്രകാരൻമാർ നീക്കിവച്ചെന്നും അതേ സമയം വിപ്ലവ പ്രസ്ഥാനങ്ങളെ വേണ്ടത്ര പരിഗണിച്ചില്ലെന്നും അദ്ദേഹം ആവലാതിപ്പെടുന്നു. പക്ഷേ വിപ്ലവ പ്രസ്ഥാനങ്ങളുടെ ഗതി എന്തായിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ പക്കൽ രേഖകളൊന്നുമില്ല. ഒരർഥത്തിൽ വിപ്ലവത്തെ കുറിച്ചോ ദേശാഭിമാനത്തെ കുറിച്ചോ വേണ്ട ബോധം വിപ്ലവകാരികളെന്ന് പറയുന്നവർക്കുണ്ടായിരുന്നില്ലെന്ന് മാത്രമല്ല; അവരെ നേർവഴിക്ക് നയിക്കാൻ പററുന്ന നേതൃത്വവും ഉണ്ടായിരുന്നില്ല. അതിനാൽ പീററർ ചെയ്തത് പോലെ ഗാന്ധിയൻ പ്രസ്ഥാനത്തോട് അവരെ തുല്യപ്പെടുത്തുന്നത് നീതിപരമായിരിക്കില്ല. ഇന്ത്യൻ വിപ്ലവകാരികൾക്ക് തോക്കോ ബോംബോ ഉപയോഗിക്കാൻ പോലും അറിയാമായിരുന്നില്ലെന്ന് പീററർ തന്നെ തമാശ രൂപേണയെങ്കിലും സമ്മതിക്കുന്നു. അവരുടെ ബോംബുകൾ ബ്രിട്ടീഷുകാരെയാണ് ലക്ഷ്യം വച്ചിരുന്നത് എങ്കിലും ഉപയോഗിക്കാനറിയാത്തത് മൂലം അവ അവരുടെ കൈയിൽ വച്ച് തന്നെ പൊട്ടി, അവർ തന്നെ മരിക്കുകയായിരുന്നത്രേ.

മതത്തിന്റെ സ്വാധീനത്തെ തള്ളിക്കളയുന്ന മാർക്സിയൻ സമീപനത്തെയും പീററർ വിമർശിക്കുന്നു. പല കൊളോണിയൽ ചരിത്രകാരൻമാരും സുമിത് സർകാർ അടക്കമുള്ള ഇന്ത്യൻ ചരിത്രകാരൻമാരും മതവും ദേശീയതയും തമ്മിൽ കൂട്ടിക്കുഴക്കരുതെന്ന അഭിപ്രായക്കാരാണ്. ബിപൻ ചന്ദ്ര പാലിന്റേയും അരബിന്ദോയുടേയും ഗാന്ധിജിയുടേയും സാമുദായിക സമീപനങ്ങളെ ന്യായീകരിക്കാൻ ഇവർക്ക് കഴിയുന്നില്ല. ഇത്തരം സമീപനം അടിയാള ചരിത്രകാരൻമാർക്കില്ലെന്നാണ് പീററർ ഹീച്ചസ് പറയുന്നത്.

അടിയാള ചരിത്രകാരൻമാരടക്കമുള്ള ശാസ്ത്രീയ ചരിത്രകാരൻമാർ യൂറോപ്യൻ സിദ്ധാന്തങ്ങളുമായി ഇന്ത്യയിൽ കൃഷിയിറക്കുകയാണ് ചെയ്യുന്നത്. അൽതൂസർ(Althuser), ഡെറിഡ(Derrida), ലിട്ടോർഡ-v(Leotard), ജേക്കബ്സൺ(Jackobson), ഫുക്കോ(Fucault) തുടങ്ങിയവരുടെ സിദ്ധാന്തങ്ങളെ ഇവർ ഇന്ത്യാ ചരിത്ര രചനയിൽ അടിച്ചേൽപിക്കുന്നു. എന്ത് കൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ നിന്ന് ഒരു സിദ്ധാന്തം മിനഞ്ഞെടുക്കാൻ ഇവർ തയ്യാറാകുന്നില്ല? ലോകത്തിന് മുഴുവൻ മാതൃകയായ ഇന്ത്യൻ ചിന്തകൾക്ക് എന്താണ് കുഴപ്പം? യൂറോപ്യൻ ചരിത്രകാരൻമാർക്കിടയിൽ സ്ഥാനം പിടിക്കാനാണ് പലർക്കും തത്രപ്പാട്. ഇതിന് ഇന്ത്യൻ സിദ്ധാന്തങ്ങൾ സഹായകമാവില്ലല്ലോ. യൂറോപ്യൻ ചിന്തകളെ ആശ്ര

യിച്ചാൽ മാത്രമേ ചരിത്ര രചന സത്യസന്ധമാകൂ എന്ന വാശി ശാസ്ത്രീയ ചരിത്രകാരൻമാരെന്ന് പറയുന്നവർ ഉപേക്ഷിക്കേണ്ട കാലമായി. ഇന്ത്യൻ മണ്ണിൽ തങ്ങളുടെ ബുദ്ധി യൂറോപ്യൻ ചിന്തകർക്ക് പണയപ്പെടുത്തി കേമൻമാരാകുന്ന ഒരു മാതൃ ദ്രോഹ മനോഭാവം ഈ ചരിത്രകാരൻമാരൊക്കെ പേറുന്നുണ്ട്. ഇന്ത്യൻ സംസ്കൃതിയെ യൂറോപ്പിനോട് താരതമ്യപ്പെടുത്താൻ കഴിയില്ല. നല്ലതായാലും ചീത്തയായാലും  അതിനൊരു പ്രത്യേക സ്വഭാവമുണ്ട്. അത് ഏഷ്യാററിക് സമൂഹവുമായി ബന്ധപ്പെട്ടതാണ്. അത് പൗരസ്ത്യവുമാണ്. അതിന്റെ ഗുണവും ദോഷവും ഗതിയും ഫലവും അറിയാൻ ഏഷ്യയുടേതായ തിയറികളുടെ മൂശ വേണം. പാകമല്ലാത്ത ഉടുപ്പണിയും  പോലിരിക്കും പാകമാകാത്ത സിദ്ധാന്തം ഇന്ത്യക്ക് അടിച്ചേൽപിക്കുന്നത്. അതല്ലെങ്കിൽ അന്യ സിദ്ധാന്തങ്ങളെ നാം പാകപ്പെടുത്തിയെടുക്കണം. മതേതരത്വവും ദേശീയതയുമൊക്കെ നമുക്കായി പാകപ്പെടുത്തിയത് പോലെ. ഇംഗ്ലണ്ടിൽ കാണാത്തത് ഇന്ത്യയിലും കാണരുതെന്നോ ഇംഗ്ലണ്ടിലില്ലാത്തതൊന്നും ചരിത്രമല്ലെന്നോ ഉള്ള ശാഠ്യം ഉപേക്ഷിക്കാത്തിടത്തോളം കാലം ഇന്ത്യയുടെ സത്യസന്ധമായ ചരിത്രം രുപപ്പെടുത്താനാവില്ല.

●

## ഒമ്പത്

# ചരിത്ര പഠനം ഇതു വഴി

മധ്യകാല ഇന്ത്യയെ നേർക്ക്നേർ അപഗ്രഥിച്ച ദേശീയ ചരിത്രകാരൻമാരിൽ വ്യതിരിക്തത പുലർത്തുന്ന ചരിത്രകാരനാണ് ഖാലിഖ് അഹ്മദ് നിസാമി. അലിഗഡ് ചരിക്രാരനായ നിസാമി എഴുതിയ കൃതികൾ മധ്യകാല ചരിത്ര പഠനത്തിന് പുതിയ മാനങ്ങളുണ്ടാക്കി. സം ആസ്പക്റ്റ്സ് ഓഫ് റിലീജ്യൺ ആന്റ് പൊളിററിക്സ് ഇൻ ഇന്ത്യ ഡ്യൂറിങ്ങ് തർട്ടീൻത് സെഞ്ച്വറി (Some Aspects of religion and Politics In India during 13th century) എന്ന കൃതിയാണ് ഇതിന് തുടക്കം കുറിച്ചത്. ഏതെങ്കിലും പ്രത്യേക തിയറികളോടൊട്ടി നിൽക്കാതെ എല്ലാററിലെയും നല്ല വശങ്ങളുൾക്കൊള്ളുകയും അതോടൊപ്പം ഇന്ത്യൻ മണമുള്ള സമീപനം സ്വീകരിക്കുകയും ചെയ്തു. നിസാമി ഇന്ത്യാ ചരിത്രത്തെ എങ്ങനെ വിലയിരുത്തുന്നു എന്ന് കാണുക:

ഇന്ത്യയിൽ ആധുനിക ചരിത്ര പഠനം ആരംഭിക്കുന്നത് ബ്രിട്ടീഷുകാരുടെ ചുവടൊപ്പിച്ച് കൊണ്ടാണ്. ഇവിടെ ബ്രിട്ടൻ ആധിപത്യം സ്ഥാപിച്ച ഉടനെ ബ്രിട്ടീഷ് പണ്ഡിതൻമാർ സാമ്രാജ്യത്വത്തിന് ഉപകാരപ്പെടും വിധം നമ്മുടെ ചരിത്രം വിലയിരുത്തി. ഇന്ത്യയുടെ ചരിത്ര രേഖകളും സാഹിത്യവും സംരക്ഷിക്കുന്നതിന് ഈ ചരിത്രകാരൻമാർ കാണിച്ച ശുഷ്കാന്തിയെ അഭിനന്ദിച്ചേ പററൂ. അതേ സമയം ചരിത്രത്തോടുള്ള അവരുടെ സമീപനം കൊളോണിയൽ താത്പര്യങ്ങളെ അടിസ്ഥാനമാക്കിയായിരുന്നുവെന്നതും മറന്നുകൂടാ. ഈ ദുഷ്പ്രവണതക്ക് ഏററവും കൂടുതൽ ഇരയായത് ഇന്ത്യയുടെ മധ്യകാലഘട്ടമാണ്. മധ്യകാല മുസ്‌ലിം ഭരണ ചരിത്രം നമ്മുടെ മുമ്പിൽ സമർപിച്ച സർ ഹെൻറി എലിയട്ടിന്റെ ലക്ഷ്യം ''പ്രജകളെ നമ്മുടെ (ബ്രിട്ടീഷ്) ഭരണത്തിന്റെ സൗമ്യതയെയും

സമത്വത്തെയും കുറിച്ച് ബോധ്യപ്പെടുത്തുക'' എന്നതായിരുന്നു. അതിന് വേണ്ടി ബ്രിട്ടീഷുകാരുടെ മുമ്പുള്ള ഇന്ത്യൻ കാലഘട്ടത്തെ പ്രത്യേകിച്ച് മുസ്‌ലിം കാലത്തെ അദ്ദേഹം നന്നായി കറുപ്പിച്ചു. മുസ്‌ലിം ഭരണകാലത്ത് ഹിന്ദുക്കൾ പീഡിപ്പിക്കപ്പെട്ടുവെന്നും ബ്രി ട്ടീഷുകാരുടെ കൈകളിൽ അവർ സുരക്ഷിതരാണെന്നും സ്ഥാപി ക്കാൻ സർ ഹെൻറി ചരിത്രത്തെ സമർഥമായി വളച്ചൊടിച്ചു. പിന്നീട് വന്ന ചരിത്രകാരൻമാർ ഹെൻറിയെ ആപാദചൂഢം അനുഗമിച്ചു. ഫലമോ, ഇന്ത്യയിലെ ഒരു കാലഘട്ടം മുഴുവൻ അക്രമത്തിന്റെ യും അരാജകത്വത്തിന്റെയും പീഡനത്തിന്റെയും കഥയായി മാറി. ഇന്ത്യയുടെ ദേശീയൈക്യത്തിൽ വിള്ളലുണ്ടാക്കാൻ ഈ ചരിത്ര സമീപനങ്ങൾ ഏറെ സഹായിച്ചു. ദേശീയ ചരിത്രകാരൻമാർ പോ ലും ബ്രിട്ടീഷ് ചരിത്രകാരൻമാരുടെ ദുർവ്യാഖ്യാനങ്ങൾ അപ്പടി സ്വീകരിച്ചു. അങ്ങനെ എലിയട്ട് പടച്ച ഗ്രന്ഥം ഏറെ കാലം മധ്യ കാല ഇന്ത്യാചരിത്രത്തെ കുറിച്ചുള്ള ആധുനിക പഠനങ്ങൾക്ക് അടിസ്ഥാന കൃതിയായി. സർവകലാശാലാ പഠനരംഗത്ത് അര നൂററാണ്ടിന്റെ പുരോഗതിയുണ്ടായിട്ടും ബ്രിട്ടീഷുകാർ തന്നതിൽ നിന്ന് വ്യത്യസ്തമായൊരു ചരിത്ര പ്രവണത സൃഷ്ടിക്കാൻ മധ്യ കാല ഇന്ത്യാ ചരിത്രത്തെ സംബന്ധിച്ചേടത്തോളം നമുക്ക് സാധി ച്ചിട്ടില്ല. എന്നാലും ഇരുപതാം നൂററാണ്ടിന്റെ ആദ്യഘട്ടം മുതൽക്ക് തന്നെ ഇന്ത്യാ ചരിത്രകാരൻമാരായ ശിബ്‌ലി, ജെ.എൻ സർകാർ, സകാഉല്ലാ, ബണ്ടാർകർ, റാനഡേ, സുലൈമാൻ നദ്‌വി, താരാചന്ദ്, മുഹമ്മദ് ഹബീബ്, ആർ പി ത്രിപാഠി തുടങ്ങിയവർ സ്വീകരിച്ച പുതിയ സമീപനം മുസ്‌ലിം കാലഘട്ടത്തിന്റെ വസ്തുത അനാ വരണം ചെയുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്.

ഇന്ത്യ സ്വതന്ത്രമായതോടെ ചരിത്രത്തിന്റെ വർഗീയ സ്വഭാവം കൂടുതൽ ശക്തിപ്പെടുകയാണുണ്ടായത്. വിഭജനമായിരുന്നു ഇ തിന്റെ മുഖ്യ നിദാനം. പാകിസ്ഥാനി ചരിത്രകാരൻമാർ മുസ്‌ലിം കാലഘട്ടത്തെ എല്ലാ തരത്തിലും സുവർണയുഗമായി ചിത്രീകരിച്ച പ്പോൾ ഇന്ത്യാ ചരിത്രകാരൻമാർ ബ്രിട്ടീഷുകാരുടെ വ്യാഖാനത്തെ ഒന്നു കൂടി മുറുകെ പിടിച്ചു. പാകിസ്ഥാനി ചരിത്രകാരൻ ഐ. എച്ച് ഖുറൈശിയും ഇന്ത്യയിലെ ആർ. സി മജുംദാറും ഈ രണ്ടു വ്യാഖ്യാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഈ പ്രവണതയുടെ ആയുസ്സിനെ വെല്ലുവിളിച്ച് കൊണ്ടാണ് ‘സിദ്ധാന്തമില്ലെങ്കിൽ ചരി ത്രമില്ല’ എന്ന മുദ്രാവാക്യവുമായി മാർക്സിയൻ ചരിത്രകാരൻമാർ രംഗത്തെത്തിയത്. ഏത് ചരിത്രത്തെയും മാർക്സിയൻ വ്യാഖ്യാ

നത്തിന് വഴിപ്പെടുത്തുകയായിരുന്നു ഈ വിഭാഗം. തദടിസ്ഥാനത്തിൽ അവർ ഇന്ത്യാ ചരിത്രത്തെ വ്യാഖ്യാനിക്കാൻ തുടങ്ങി. ചരിത്രത്തെ ചില പ്രത്യേക കോണുകളിലൂടെ വിവക്ഷിക്കുന്നതിന് സൈദ്ധാന്തികവൽക്കരണം സഹായിച്ചെങ്കിലും അതിന്റെ വാഹകർ പഴയ വ്യാഖ്യാനങ്ങളോട് പുലർത്തിയ അന്ധമായ വിരോധം സ്വതന്ത്രമായ ചരിത്ര പഠനത്തിന് പലപ്പോഴും ഭീഷണിയായി. മാത്രമല്ല; തങ്ങളുടെ സിദ്ധാന്തം അംഗീകരിക്കാത്തവരെ അശാസ്ത്രീയരും ചരിത്ര പഠനത്തിൽ അനഭിമതരുമായി മുദ്ര കുത്തി. ഇതായിരുന്നു ഇന്ത്യയിലെ മാർക്സിയൻ ചരിത്രകാരൻമാരിൽ ഒരു വിഭാഗം പുലർത്തിയ സമീപനം.

ചരിത്രത്തോടുള്ള മാർക്സിയൻ സമീപനം തീർച്ചയായും മേൻമയുള്ളതും ചിന്താപരവുമാണ്. എന്ന് വച്ച് മററ് സമീപനങ്ങൾ സ്വീകരിച്ചവരെ അശാസ്ത്രീയരും അനഭിമതരുമായി മുദ്ര കുത്തുന്നത് ചിന്താ സ്വാതന്ത്ര്യത്തെയും അന്വേഷണത്തെയും സ്വതന്ത്ര വ്യാഖ്യാനത്തെയും അപകടപ്പെടുത്തും. ഓരോ രാജ്യത്തിനും സ്വന്തമായ ചരിത്ര പാരമ്പര്യമുണ്ട്. അതിന്റെ ചരിത്ര രേഖകൾ അത് സൃഷ്ടിച്ച ജനങ്ങളുടെ പാരമ്പര്യത്തിലും മനോഭാവത്തിലും അധിഷ്ഠിതമായിരിക്കും. അതിന്റെ വെളിച്ചത്തിലേ രേഖകളെ പഠന വിധേയമാക്കാനൊക്കൂ. ഇതൊക്കെ അവഗണിച്ച് കൊണ്ട് ചരിത്രത്തെ കേവലം സാമ്പത്തിക ചട്ടക്കൂട്ടിലൊതുക്കി ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സംഘട്ടനമാക്കി മാററുന്നത് എററവും ചുരുങ്ങിയത് ഇന്ത്യാ ചരിത്രത്തോടു ചെയ്യുന്ന ക്രൂരതയായിരിക്കും. മതവും സംസ്കാരവും ഒന്നുമല്ലെന്നു പറയാനൊക്കുമോ? കാൾ മാർക്സ് പോലും അങ്ങനെ പറഞ്ഞില്ലല്ലോ? ഉന്നതമായ സംസ്കാരത്തിന്റെ ഉറവിടം മതമാണെന്ന എമിൽ ഡെർക്കിമിന്റെ വീക്ഷണം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ശരിയാണ്. അതേ സമയം മതത്തെ പ്രമാണിമാരും രാജാക്കൻമാരും ചൂഷണം ചെയ്തുവെന്നതും അവഗണിക്കാനാവില്ല. രണ്ടിന്റേയും ഗുണ ദോഷ ഫലങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുമുണ്ട്. ഇതിനെയൊക്കെ 'സാമ്പത്തികം' എന്ന ഒററക്കാരണത്തിൽ ഒതുക്കുന്നത് നീതിയല്ല. ഋഷികളും ഭഗത്മാരും സൂഫികളും സന്യാസികളും പാടിത്തന്ന ആത്മീയ സദാചാര മന്ത്രങ്ങൾ കേട്ട് പുളകം കൊള്ളുകയും വിവിധ മതങ്ങൾക്ക് കളിത്തൊട്ടിലൊരുക്കയും ചെയ്ത നാടാണ് ഭാരതം. ഇതൊക്കെ ചെറുതായി കണ്ട് കേവലം സാമ്പത്തിക കാരണങ്ങൾ ചികഞ്ഞെടുത്ത് ചരിത്രം രചിക്കുന്നത് ഒരിക്കലും യുക്തിസഹ

മല്ല. ഈ വീക്ഷണത്തിലൂടെ മാത്രം ഇന്ത്യയുടെ ചരിത്ര രചന നടത്താനാവില്ല. ഇന്ന് മാർക്സിയൻ ചരിത്രകാരൻമാർ തന്നെ സാംസ്കാരിക പഠനങ്ങളോട് ആഭിമുഖ്യം പുലർത്തിക്കാണുന്നത് ആശാവഹമാണ്.

മനുഷ്യന്റെ ജീവിതവും കർമവും സാമ്പത്തിക ഗതി വിഗതികളെ അടിസ്ഥാനമാക്കി മാത്രം വിശദീകരിക്കാനാവില്ല. മതപരവും മനഃശാസ്ത്രപരവും സാമൂഹികവും സാഹചര്യപരവുമായ ഒട്ടേറെ ഘടകങ്ങൾ മനുഷ്യന്റെ സ്വഭാവത്തെ സ്വാധീനിക്കുന്നു. വിവിധ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളുടെയും പ്രതി പ്രവർത്തനങ്ങളുടെയും ബഹുമുഖ പ്രതിഭാസമാണ് മനുഷ്യന്റെ സ്വഭാവം. ഈ പ്രേരണകളെല്ലാം അവന്റെ സാമ്പത്തിക ആവശ്യങ്ങൾ അനുസരിച്ച് മാത്രമാണെന്ന് വാദിക്കുന്നത് എങ്ങനെ ശരിയാകും? എല്ലാറ്റിന്റെയും ഉത്ഭവം ഭൗതിക ഘടകങ്ങളിൽ നിന്ന് മാത്രമാണെന്ന വാദത്തെ അത് കൊണ്ടാണ് മാക്സ് വെബറെപോലുള്ളവർ എതിർത്തത്. വ്യത്യസ്ത സ്ഥല കാലങ്ങളിലായി മനുഷ്യനുണ്ടായ അനുഭവങ്ങളെ മൊത്തമായി സംബന്ധിക്കുന്നതാണ് ചരിത്രം. എങ്കിലേ സമൂഹത്തിന്റെ പൂർണമായ ചിത്രവും ചരിത്രത്തെ സംബന്ധിച്ചുള്ള സൂക്ഷ്മ ജ്ഞാനവും ലഭിക്കുകയുള്ളൂ.

ചരിത്രമെന്നത് കാർലൈൽ പറഞ്ഞത് പോലെ വ്യക്തിയുടെ ജീവിത ചരിത്രമായിരിക്കാം. അല്ലായിരിക്കാം. എന്തായാലും അത് സംസ്കാരങ്ങളുടെയും സമുദായങ്ങളുടെയും ജീവിത ചരിത്രമാണെന്നതിൽ സംശയമില്ല. ഈ സംസ്കാരങ്ങളും സമുദായങ്ങളും അവയുടെ ആവശ്യത്തെയും പാരമ്പര്യത്തെയും മനോഭാവങ്ങളെയും ആശയങ്ങളെയും അവയുടെ തെററുകളെ തന്നെയും ശാശ്വതീകരിക്കാൻ ശ്രമിക്കുന്നതായി കാണാം. ചാറേറാ ബ്രിയന്റ് ഒരിക്കൽ പറഞ്ഞു: ഏതൻസിൽ(ഗ്രീസിന്റെ തലസ്ഥാനം) ഒരു ഈജിപ്ഷ്യൻ ക്ഷേത്രം ഉണ്ടാക്കുന്നത് അവിടത്തുകാർക്ക് ഇഷ്ടപ്പെടില്ല. ഈജിപ്തിൽ ഗ്രീക്ക് ക്ഷേത്രം വരുന്നത് ഈജിപ്തുകാരും ഇഷ്ടപ്പെടില്ല. ഈ സ്മാരകങ്ങൾ അതാതിന്റെ സാഹചര്യങ്ങളിൽ നിന്ന് നീക്കം ചെയ്യുമ്പോൾ അവയുടെ ഭംഗി നഷ്ടപ്പെടുന്നു. ജനങ്ങളുടെ സ്വഭാവവും അവരുടെ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധമാണ് ഇത് കാണിക്കുന്നത്. ഒരു രാജ്യത്തിന്റെ ചരിത്രപരമായ പാരമ്പര്യത്തിന്റെ സ്ഥിതിയും ഇത് തന്നെ. സാഹചര്യങ്ങളെ അവഗണിച്ചാൽ ആ ചരിത്രത്തിന്റെ അനന്തര നേട്ടം നമുക്ക് നഷ്ടപ്പെടുന്നു. ഉൽപാദനത്തിന്റെ ഉപകരണങ്ങൾ ജീവിതാവസ്ഥകളെ സ്വാധീനിക്കുമെ

ന്നത് ശരി തന്നെ. അതോടൊപ്പം സാമൂഹിക വ്യവസ്ഥിതികളും ആദർശങ്ങളും മനുഷ്യ പരിശ്രമങ്ങളുടെ ഗതി രൂപപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നുണ്ട്.

ചരിത്രത്തെ തങ്ങൾ ഉത്കൃഷ്ടമെന്ന് കരുതുന്ന ഒരു സിദ്ധാന്തത്തിൽ ഒതുക്കാനുള്ള ശ്രമം നമ്മുടെ ചരിത്രത്തിന്റെ മഹത്തായ സംഭാവനകളെ അവമതിക്കാനിടയാക്കും. അത് ഒരു മഹാ സംസ്കാരത്തെ സങ്കുചിതമാക്കും. ഇത്തരം സങ്കുചിതവത്കരണം മനുഷ്യ പുരോഗതിയുടെ പ്രധാന ഘട്ടങ്ങളെയും പ്രസ്ഥാനങ്ങളെയും വിശാലമായി വിശകലനം ചെയ്യുന്നതിൽ നിന്ന് നമ്മെ തടയും. മാർക്സിയൻ ചരിത്രകാരനായ പ്രൊഫസർ മുഹമ്മദ് ഹബീബ് പറഞ്ഞു: ''ഇന്ത്യയുടെ ചരിത്രം ഈ രാജ്യത്തിന്റെ മതപരവും സാംസ്കാരികവുമായ പ്രസ്ഥാനങ്ങളുടെ പഠനമാണെന്നാണ് ഇന്ത്യക്കാർ മനസ്സിലാക്കുന്നത്. ചരിത്രത്തിന്റെ പ്രധാന വഴിത്തിരിവുകളിൽ ആശയ വിപ്ലവത്തിന്റെ മുഖ്യ ഉപകരണമായി മതം വർത്തിച്ചിട്ടുണ്ട്. മതത്തെ മൊത്തമായി അവഗണിക്കുന്ന മാർക്സിസ്ററ് നയം ഇനിയും ആവശ്യമില്ല. സമയവും സാഹചര്യവും പരിഗണിച്ച് കൊണ്ടാണ് നാം വക തിരിക്കേണ്ടത്. മതത്തിന് മാത്രം സാധ്യമാക്കാൻ കഴിഞ്ഞ പുരോഗമനപരമായ സാഹസങ്ങൾ മനുഷ്യവംശത്തിലുണ്ടായിട്ടുണ്ട്. മത പരമായ ചർച്ചകൾ മുഴുവൻ മാററി വച്ച് ഇന്ത്യാ ചരിത്രത്തെ മുഴുവൻ വൈരുധ്യാത്മക വാദത്തിന്റെ മൂശയിലിടാൻ ശ്രമിച്ചാലുള്ള ഗതി പറയാതിരിക്കുകയാണ് നല്ലത്. മാർക്സിസം മനുഷ്യന്റെ സ്വഭാവ വിശേഷതകളെയും വൈവിധ്യങ്ങളെയും വിസ്മരിക്കുകയാണ് ചെയ്യുന്നത്.''

ചരിത്രത്തിലെ സാമ്പത്തിക പരിഷ്കാരങ്ങളെയും ചൂഷണങ്ങളെയും പഠനവിധേയമാക്കുവാൻ മാർക്സിയൻ വീക്ഷണം സഹായകമാണ്. കർഷക കലാപങ്ങൾ ഇന്ത്യാ ചരിത്രത്തിന്റെ ഗതി മാററാൻ ഏറെ സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ബ്രിട്ടീഷ് ഭരണ കാലത്ത്. എന്ന് വച്ച് ബ്രിട്ടീഷ് ഭരണത്തിനെതിരെ മത സാമൂഹിക പ്രസ്ഥാനങ്ങൾ ചെയ്ത ശ്രമങ്ങളെ ചെറുതായി കാണാനൊക്കുമോ? ഇത് പോലെ ഇന്ത്യാ ചരിത്രത്തെ യാഥാസ്ഥിതികത്വത്തിന്റെയും മിത വാദത്തിന്റെയും അടിസ്ഥാനത്തിലോ, മതത്തിന്റെയും മതേതരത്വത്തിന്റെയും മാത്രം അടിസ്ഥാനത്തിലോ വ്യാഖ്യാനിക്കുന്നതും അടിസ്ഥാനപരമായി ശരിയല്ല. സമൂഹങ്ങൾ മതേതരത്വത്തിലേക്കടുക്കാൻ ശ്രമിക്കുന്നത് പോലെ മതത്തിലേക്കടുക്കാനും ശ്രമിക്കുന്നുണ്ട്. ഇതിലേതെങ്കിലുമൊന്ന് പൊക്കിപ്പിടിച്ചത് കൊണ്ട് മാത്രം

കാര്യമില്ല. അല്ലെങ്കിലും ഈ ധ്രുവീകരണ വീക്ഷണം തന്നെ ശരിയല്ല. അത് ചരിത്ര പഠനത്തെ കൂടുതൽ അപകടത്തിലെത്തിക്കും.

മനുഷ്യരെയും പ്രസ്ഥാനങ്ങളെയും സ്ഥിരമായി ഒരു പ്രത്യേക വിഭാഗത്തിൽപെടുത്തി ചരിത്രത്തിൽ അവരുടെ പങ്ക് മനസ്സിലാക്കാൻ ശ്രമിക്കുന്നത് പലപ്പോഴും ശരിയായിരിക്കണമെന്നില്ല. ഉള്ളവൻ എന്നും കൊള്ളാത്തവനും ഇല്ലാത്തവനെന്നും നല്ലവനുമല്ല. വ്യക്തിയോ, സമൂഹമോ സദാ ഒരു വിഭാഗത്തിലാവണമെന്നുമില്ല. ഉദാഹരണത്തിന് ശൈഖ് അഹ്മദ് സർ ഹിന്ദിയെയും അദ്ദേഹം ഉൾക്കൊള്ളുന്ന നഖ്ശബന്ദി മാർഗത്തെയും യാഥാസ്ഥിതികതയുടെ പ്രതിനിധികളായിട്ടാണ് പൊതുവേ മുദ്ര കുത്തപ്പെടുന്നത്. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യൻ തന്നെയാണല്ലോ ഹിന്ദുക്കളെ 'അഹ്ലേ കിതാബി'ൽ പെടുത്തിയതും വേദങ്ങൾ ദൈവീക വെളിപാടുകളാണെന്ന് പ്രഖ്യാപിച്ചതും.

മുൻവിധികളും ധാരണകളും ഒരിക്കലും ചരിത്രത്തിൽ കുത്തിച്ചെലുത്തരുത്. യാഥാസ്തികതത്വത്തെയും മിതവാദത്തെയും കുറിച്ച് ഇന്ന് നമുക്കുള്ള ധാരണ അതേ രൂപത്തിലാണ് പണ്ടും നില നിന്നിരുന്നതെന്നും ധരിക്കരുത്. പഴയകാല ചരിത്രത്തെ ആധുനികതയുടെ മൂശയിലിടാനും ശ്രമിക്കരുത്. കമ്യൂണിസമായാലും മതേതരത്വമായാലും അവ പ്രസ്ഥാനങ്ങളായിതീർന്നത് ഈ നൂററാണ്ടിലാണ്. ഇവയുടെ പ്രാകൃത രൂപങ്ങൾ മുമ്പുണ്ടായിരുന്നെന്ന് അവകാശപ്പെട്ടാൽ തന്നെയും അവയെ കുറിച്ചുള്ള വീക്ഷണങ്ങൾ ഏറെ ഭിന്നമായിരുന്നു. ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഒക്കെ സ്ഥിതി ഇതാണ്. അടിസ്ഥാന മൂല്യങ്ങളിൽ മാത്രമേ ഇവയ്ക്ക് സാദൃശ്യമുള്ളു. നിർവചനങ്ങൾ കാല ദേശങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ട് കൊണ്ടിരിക്കും. പഴമയെ അളക്കാൻ അതിന്റെ അളവ് കോല് തന്നെ വേണം.

ഉദാഹരണത്തിന് മഹ്മൂദ് ഗസ്നിയുടെ ഇന്ത്യാ ആക്രമണങ്ങളെ നമുക്ക് വിലയിരുത്താം. സാമ്പത്തികമായ കാരണങ്ങളാണ് ഗസ്നിയുടെ ഇന്ത്യാ ആക്രമണത്തിന് പിന്നിലെന്ന് പറയുന്നതാണ് ശരി. എന്നാൽ ഇത് മാത്രം പറഞ്ഞാൽ പോര. അദ്ദേഹം ഇന്ത്യയിലെ ക്ഷേത്രങ്ങൾ നശിപ്പിച്ചു എന്ന് കൂടി പറയണം. ഇത്രയും പറഞ്ഞ് അവസാനിപ്പിച്ചാലും പററില്ല. പ്രവാചകന്റെ അധ്യാപനങ്ങൾക്കനുസരിച്ചല്ല ഗസ്നിയുടെ ആക്രമണങ്ങൾ എന്ന കാരണത്താൽ സോമനാഥ ക്ഷേത്രം ആക്രമിച്ച് കൊണ്ടു വന്ന സ്വർണത്തിൽ

നിന്ന് സമ്മാനം സ്വീകരിക്കാൻ അന്നത്തെ സൂഫി അൽ ഹസൻ ബുലാന തയ്യാറായില്ല. പ്രസിദ്ധ പേർഷ്യൻ കവി സഅദി, ഗസ്നിയെ അത്യാഗ്രഹിയായാണ് ചിത്രീകരിച്ചത്. ഗസ്നിയുടെ സമകാലികൻ അൽബിറൂനി പറഞ്ഞത് അദ്ദേഹത്തിന്റെ ആക്രമണങ്ങൾ ഇന്ത്യക്കാരിൽ ഇസ്‌ലാമിനോട് വിരോധം വളർത്തിയെന്നാണ്. ഇത്രയുമായാലേ സുൽത്താൻ മഹ്മൂദ് ഗസ്നിയെ കുറിച്ചുള്ള യഥാർഥ ചിത്രം നമുക്ക് ലഭിക്കുകയുള്ളൂ. ഇവയിൽ എന്തെങ്കിലുമൊന്ന് മറച്ച് വയ്ക്കുന്നത് ചരിത്രത്തെ വികലമാക്കുന്നതിന് തുല്യമായിരിക്കും.

അക്ബർ ചക്രവർത്തിയെ വിശാല വീക്ഷണമുള്ള ഭരണാധികാരിയായും ഹിന്ദു മുസ്‌ലിം മൈത്രിയുടെ വക്താവായും നാം ചിത്രീകരിക്കാറുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ മതവീക്ഷണങ്ങളെ ഹിന്ദുക്കളും മുസ്‌ലിംകളും എതിർത്തിരുന്നുവെന്ന സത്യം എന്തിന് മറച്ച് വയ്ക്കണം? ഹിന്ദു മതത്തെ അപമാനിച്ചു എന്ന കാരണം പറഞ്ഞു ജാട്ടു വർഗക്കാർ പിന്നീട് അക്ബറിന്റെ ശവ കുടീരം വരെ ആക്രമിച്ചു. മുസ്‌ലിംകളുടെ കണ്ണിലാകട്ടെ അക്ബർ മത പരിത്യാഗിയായിരുന്നു. തന്റെ മത വീക്ഷണങ്ങൾ അദ്ദേഹത്തോടൊപ്പം മരണമടഞ്ഞുവെന്ന കാര്യം ആർക്കാണറിഞ്ഞു കൂടാത്തത്?

ഇതു പോലെ ഔറംഗസേബ് ശിയാക്കളുടേയും ഹിന്ദുക്കളുടേയും ശത്രുവും ക്ഷേത്ര ധ്വംസകനുമാണെന്ന് ചിത്രീകരിക്കുമ്പോൾ തന്റെ മന്ത്രിമാരിൽ നാലു പേർ ശിയാക്കളും ഒരാൾ ഹിന്ദുവുമാണെന്ന വസ്തുത മറച്ച് വയ്ക്കരുത്. ക്ഷേത്രങ്ങൾക്ക് ഗ്രാന്റ് നൽകിയതും രജപുത്രർക്ക് ഉന്നതസ്ഥാനം നല്കിയതും ഇതേ ഔറംഗസേബ് തന്നെയായിരുന്നില്ലേ? പശ്ചാതലത്തെ അവഗണിച്ച് കൊണ്ട് സ്വന്തം മുൻവിധികളും തങ്ങൾ സ്നേഹിക്കുന്ന സിദ്ധാന്തങ്ങളും ഏതെങ്കിലും വ്യക്തിയുടെയോ പ്രസ്ഥാനത്തിന്റെയോ മേൽ കെട്ടി വയ്ക്കുമ്പോൾ സത്യ സന്ധമായ ചരിത്ര രചന അസാധ്യമായിത്തീരും.

ചരിത്ര പഠനത്തിന് ഏതെങ്കിലും തിയറികളെ ആശ്രയിക്കരുതെന്ന് ഇപ്പറഞ്ഞതിനർഥമില്ല. ചരിത്രത്തെ വിവിധ കോണുകളിലൂടെ വീക്ഷിക്കുന്നത് സംഭവങ്ങളെ കുറിച്ച് കൂടുതലറിയാൻ സഹായിക്കുമെന്നത് തീർച്ച. പക്ഷേ സിദ്ധാന്തങ്ങൾക്കനുസരിച്ച് ചരിത്രത്തെ വളച്ചൊടിക്കുന്നത് ചെരിപ്പിനൊത്ത് കാൽ മുറിക്കുന്നത് പോലിരിക്കും. താൻ ആശ്രയിച്ച തിയറി മാത്രമാണ് ശരിയെന്നും മററുള്ളവ തെററാണെന്നും പ്രഖ്യാപിക്കുന്നത് ചരിത്രത്തെ സ്വതന്ത്രമായി

വിലയിരുത്താനുള്ള അവകാശത്തെ ചോദ്യം ചെയ്യലാണ്.

ചരിത്ര പഠനം ഇന്ന് രാജാക്കൻമാരിൽ നിന്ന് ജനങ്ങളിലേക്കിറങ്ങിച്ചെന്നിരിക്കുന്നു. ജനങ്ങളുടെ ജീവിതത്തിലാണ് ഇന്ന് ചരിത്ര കുതുകികളുടെ ശ്രദ്ധ. ഇന്ത്യ പോലുള്ള വിശാലമായൊരു രാജ്യത്ത് ചരിത്ര രേഖകൾ വ്യത്യസ്തമായ സ്വഭാവം പുലർത്തുന്നവയായിരിക്കും. അതിനാൽ പ്രാദേശികമായ ചരിത്ര രേഖകൾ കൂടി കൈകാര്യം ചെയ്യുമ്പോഴേ നമ്മുടെ ചരിത്ര പഠനം പൂർത്തിയാവൂ. രാജസ്ഥാനിലും ആന്ധ്രയിലും തമിഴ്നാട്ടിലും കേരളത്തിലുമുള്ള ജനങ്ങളുടെ ജീവിത രീതിയും സംസ്കാരവും വ്യത്യസ്തമാണല്ലോ? ഇന്ത്യയെന്നാൽ യുപിയും, മധ്യപ്രദേശും, രാജസ്ഥാനും മാത്രമല്ലെന്ന് ചരിത്രകാരൻ അംഗീകരിക്കണം.

ചരിത്രകാരൻ രേഖ തേടി ഇന്ത്യക്ക് പുറത്തേക്കും പോകണം. തെക്ക് കിഴക്കൻ രാജ്യങ്ങളുമായും പശ്ചിമേഷ്യയുമായും ബന്ധപ്പെടണം. സിറിയയിലും മററും വിദേശ ടീമുകൾ നടത്തിയ പഠനങ്ങളിൽ ഇന്ത്യാ സംസ്കാരത്തിന്റെ സ്വാധീനം എടുത്തു പറയുന്നുണ്ട്. എന്നാൽ ഈ പഠന ടീമുകളിൽ ഇന്ത്യക്കാരില്ലെന്നതാണ് ദുഖഃകരം. അറബിനാടുകളിലും മററും ഇന്ത്യ ചെലുത്തിയ സ്വാധീനം അത്ര ചെറുതായിക്കാണാനൊക്കില്ല. അറബി നാടുകളെ ശാസ്ത്രീയമായി ഉയർത്തുന്നതിൽ ഇന്ത്യ വഹിച്ച പങ്ക് വലുതാണെന്ന് അറബിയിലേക്ക് വിവർത്തനം ചെയ്ത സംസ്കൃത ഗ്രന്ഥങ്ങൾ തെളിയിക്കുന്നു.

ഇന്ത്യാ ചരിത്ര പഠനം ഇന്നും മന്ദഗതിയിലാണ്. യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് നാം വളരേ പിന്നിലാണ്. കൂട്ടായ പരിശ്രമത്തിലൂടെ ഈ ന്യൂനത പരിഹരിക്കാൻ നമുക്ക് കഴിയണം. ഏത് സിദ്ധാന്തം സ്വീകരിച്ചാലും ഇതര വീക്ഷണം പുലർത്തുന്നവരോട് സഹിഷ്ണുത കാണിക്കുകയും പരസ്പരം മനസ്സിലാക്കുകയും വേണം. തിയറികളിൽ പിടിച്ച് തൂങ്ങാതെ ചിന്തയും ബുദ്ധിയും സ്വതന്ത്രമായി ഉപയോഗിക്കാൻ ചരിത്രകാരന് കഴിയണം. സത്യത്തിന് വേണ്ടിയുള്ള അന്വേഷണമാണ് ചരിത്ര പഠനം. ബോധ്യപ്പെട്ട കാര്യം സത്യസന്ധമായി അവതരിപ്പിക്കുകയാണ് ചരിത്രകാരന്റെ ധർമം. മുൻ വിധികൾ ഒരിക്കലും അവനെ സ്വാധീനിച്ച് കൂടാ.

●

==========================================================